ദി THE MALANKARA SABHA

# മലങ്കരസഭ

MALAYALAM MONTHLY, Vol-68, Issue-6


JUNE 2024

Price ₹ 25, Annual Subscription ₹ 250



സുവിശേഷം ഘോഷിപ്പാനും-ജാതികളെ നേടീടാനും
പന്ത്രണ്ടപ്പോസ്തോലന്മാർ-മോറാനാൽ പ്രേഷിതരായി

# Muthoot Healthcare





**DR. GEORGE KURIEN MUTHOOT**
MBBS, MRCP (LONDON)
(1941-1989)
FOUNDER MEDICAL DIRECTOR
MUTHOOT HEALTHCARE

***A CARING AND BELOVED FAMILY MAN, A CHERISHED COLLEAGUE, A PHYSICIAN, LEADER AND FRIEND.***

***HE WILL BE MISSED BY MANY, BUT NEVER WILL HE BE FORGOTTEN BY THOSE WHO WERE FORTUNATE ENOUGH TO HAVE KNOWN HIM.***

***YOUR INDELIBLE SPIRIT CONTINUES TO INSPIRE US AS WE PROGRESS ON OUR MISSION OF CREATING HEALTHY COMMUNITIES, ONE INDIVIDUAL AT A TIME.***


With Prayers
Inserted By
Very. Rev. C. John Chirathalattu
Cor-Episcopa

# മഹാപുരോഹിത സന്ദേശം

ആഹ്ലാദകരമായ ഒരു അവധിക്കാലത്തിന്റെ അനുഭവത്തിൽ നിന്നും പ്രതീക്ഷാനിർഭരമായ ഒരു പുതിയ അധ്യയനവർഷത്തിന്റെ പുലരി പ്രഭയിലേക്ക് വാത്സല്യമുള്ള കുഞ്ഞുങ്ങൾ പ്രവേശിക്കുകയാണ്. ജീവിതത്തിൽ ലഭിക്കുന്ന നന്മയുള്ള അവസരങ്ങളെയെല്ലാം ഫലപ്രദമായി വിനിയോഗിക്കുവാനും ദൈവാശ്രയത്തോടു കൂടിയ ഇച്ഛാശക്തിയുള്ളവരായി സമൂഹത്തിന് ദിശാബോധം നൽകുവാനും നമ്മുടെ ഇളം തലമുറകൾക്ക് സാധിക്കട്ടെ.

ഒരു പൊതു തെരഞ്ഞെടുപ്പ് കൂടെ പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു. ജനാധിപത്യം എന്നത് കേവലം വോട്ട് രേഖപ്പെടുത്തൽ മാത്രമല്ല എന്ന് ജനങ്ങളും ജനസേവകരും എപ്പോഴും ഓർത്തിരിക്കേണ്ടതുണ്ട്. മനുഷ്യാവകാശങ്ങളുടെ സംരക്ഷണവും നിയമവാഴ്ചയുടെ ഉറപ്പുവരുത്തലുമാണ് ഏതൊരു ഭരണകൂടവും പരമ പ്രാധാന്യത്തോടെ നിർവഹിക്കേണ്ടത്.

ഭിന്നതകൾ ഉണ്ടാക്കുന്ന ആയിരം കാരണങ്ങൾക്കിടയിൽ ഒന്നിച്ചു ചേർക്കുവാൻ സാധിക്കുന്ന പരിമിതമായ കാര്യങ്ങളെ കണ്ടുപിടിക്കുവാനും അവയ്ക്കായി പ്രവർത്തിക്കുവാനും ഭരണസംവിധാനങ്ങൾക്ക് സാധിക്കണം.

പരിശുദ്ധ ശ്ലീഹാ നോമ്പിലേക്ക് സഭ പ്രവേശിക്കുകയാണ്! നമ്മുടെ കർത്താവിനു വേണ്ടിയും പരിശുദ്ധ സഭയുടെ ഫലദായകമായ വളർച്ചയ്ക്ക് വേണ്ടിയും സഹനാനുഭവങ്ങളിലൂടെ കടന്നുപോയ പരിശുദ്ധ അപ്പോസ്തോലന്മാരുടെ മാധ്യസ്ഥം വിശ്വാസ ജീവിത വഴികളിൽ നമുക്ക് ദീപനാളമായി പ്രഭ ചൊരിയും.

യേശുക്രിസ്തു- ദൈവരാജ്യം പ്രഘോഷിക്കുവാനും ജനതകളെ നേടുവാനുമായി വിശുദ്ധശ്ലീഹന്മാരെ തെരഞ്ഞെടുത്തപ്പോൾ അവരിൽ നിന്നും പ്രതീക്ഷിച്ച മൂന്നു കാര്യങ്ങൾ വിശുദ്ധ മർക്കോസിന്റെ സുവിശേഷം രേഖപ്പെടുത്തുന്നുണ്ട്. (3:13-19) ക്രിസ്തുവിനോടൊപ്പം ആയിരിക്കുക, ക്രിസ്തുവിന്റെ നാവായി സംസാരിക്കുക, ക്രിസ്തുവിന്റെ നാമത്തിൽ ദൈവരാജ്യ മഹിമയ്ക്കായി അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കുക.

അടിസ്ഥാനപരമായി ഏതൊരു ശിഷ്യന്റെയും ഉത്തരവാദിത്വവും കടമയും ഇവയാണ്. നമ്മുടെ കർത്താവിന്റെ ശിഷ്യർ ഭൂതലത്തിൽ വിജയവും ദിക്കുകളിലെല്ലാം മഹിമയുമാർന്നതിന്റെ കാരണം ഇവകൾ തന്നെയാണ്.

പരി. ശ്ലീഹൻമാരുടെ അനർഘ മധ്യസ്ഥതയിൽ ശരണം തേടാം. നമ്മുടെ കർത്താവും നാഥനും രക്ഷിതാവുമായ ക്രിസ്തുതന്റെ പ്രകാശകിരണങ്ങൾ പരിശുദ്ധ ശ്ലീഹന്മാരിൽ എന്നപോലെ നമ്മിലും നിറയ്ക്കട്ടെ!

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**



മലങ്കരസഭ
ESTD. 1946 മാസിക
മലങ്കര സഭയുടെ ഔദ്യോഗിക മാധ്യമം . 2024 ജൂൺ. ലക്കം 6. പുസ്തകം 68. വില ₹ 25

LETTER FROM THE EDITOR

പലരും, പറയാറുണ്ട്; "ജീവിതം വളരെ കടുപ്പമേറിയതാണ്". പക്ഷേ, എന്തിനോടു താരതമ്യം ചെയ്യുമ്പോൾ? എന്നൊരു ചോദ്യം പ്രസക്തമാണ്. ചുറ്റുപാടുകളിലുള്ള പലതിനോടും താരതമ്യം ചെയ്യുമ്പോൾ ജീവിതം അത്ര സങ്കീർണ്ണമല്ലെന്ന് നമുക്ക് ബോധ്യമാകുന്നു. ഓരോ നിമിഷവും ദൈവകൃപയുടെ ആവൃതിയിലാണ് നാം പുലരുന്നത്. ദൈവാശ്രയത്തിന് എന്തിനെയും അതിജീവിക്കാനുള്ള ശേഷിയുണ്ട്. ഗുരുതരരോഗം, കുടുംബ ബന്ധങ്ങളിലെ കയ്പ്, ആകുലതകൾ എന്തിനെയും അതിജീവിക്കും.

മരണത്തെപ്പോലും!

"എന്റെ വചനം ആസ്വദിക്കുന്നവൻ ഒരു നാളും മരണം ആസ്വദിക്കയില്ല" എന്ന് കർത്തൃവചനം.

ഇസ്രയേലിന്റെ ന്യായാധിപതിയായിരുന്ന ശിംശോൻ തനിക്ക് വിവാഹം കഴിപ്പാനുള്ള പെൺകുട്ടിയെ കാണുവാനായി മാതാപിതാക്കളോടൊപ്പം തിമ്നയിലേക്കു പോയി. തിമ്നെക്കെതിരെയുള്ള മുന്തിരത്തോട്ടങ്ങളിൽ എത്തിയപ്പോൾ ഒരു ബാലസിംഹം അവന്റെ നേരെ അലറിവന്നു. അപ്പോൾ യഹോവയുടെ ആത്മാവ് അവന്റെ മേൽ വന്നു. കൈയ്യിൽ ഒന്നുമില്ലാതിരിക്കെ അവൻ അതിനെ ഒരു ആട്ടിൻകുട്ടിയെപ്പോലെ കീറിക്കളഞ്ഞു. താൻ ചെയ്തത് അപ്പനോടും അമ്മയോടും പറഞ്ഞില്ല. കുറേക്കാലം കഴിഞ്ഞ് അവളെ വിവാഹം കഴിപ്പാൻ വീണ്ടും പോകയിൽ സിംഹത്തിന്റെ ഉടൽ നോക്കേണ്ടതിന് മാറിച്ചെന്നു; സിംഹത്തിന്റെ ഉടലിനകത്ത് ഒരു തേനീച്ചക്കൂട്ടവും തേനും കണ്ടു. അത് അവൻ കൈയിൽ എടുത്തു തിന്നും കൊണ്ട് നടന്നു. അപ്പന്റെയും അമ്മയുടെയും അടുക്കൽ ചെന്ന് അവർക്കും കൊടുത്തു അവരും തിന്നു; എന്നാൽ തേൻ ഒരു സിംഹത്തിന്റെ ഉടലിൽ നിന്ന് എടുത്തു എന്ന് അവൻ അവരോട് പറഞ്ഞില്ല.

ദൈവാത്മാവിൽ പ്രതിസന്ധികളെ അതിജീവിക്കേണ്ടവിധമാണിത്. വീഴ്ചകളുണ്ടാകും; എങ്കിലും എഴുന്നേൽക്കണം. ചിലപ്പോൾ ജീവിതത്തിന്റെ സ്വച്ഛമായ മുന്തിരിത്തോപ്പുകളിൽ നാം വിശ്രമിക്കുമ്പോഴായിരിക്കും അപ്രതീക്ഷിതമായ ചിലത് അലറുന്ന ബാലസിംഹത്തെപ്പോലെ പാഞ്ഞടുക്കുന്നത്. ബാലസിംഹം തലയിലാണ് കടിക്കുന്നത്. അതിന് ഇരയെ സമൂലമായി ഇല്ലായ്മ ചെയ്യാനുള്ള ശേഷിയുണ്ട്. പക്ഷെ ദൈവാശ്രയത്താൽ നമുക്ക് ജീവിതദുരന്തങ്ങളുടെ സിംഹാക്രമണങ്ങളെ അതിജീവിക്കാനാകും. കൈയിൽ ഒന്നുമില്ലാതിരിക്കെ ശിംശോൻ സിംഹത്തെ ആട്ടിൻകുട്ടിയെപ്പോലെ കീറിക്കളഞ്ഞു എന്നാണ് വേദം പറയുന്നത്. ദൈവകൃപയിൽ നാം ചരിക്കുമ്പോൾ കൈയിൽ ഒന്നുമില്ലാതിരിക്കുക എന്നത് ഒരു യോഗ്യതയാണ്. പിന്നീട് ശിംശോൻ തന്റെ മുൻകാല പ്രതിസന്ധിയുടെ ശേഷിപ്പ് തിരയുന്നു. അത് കൃതജ്ഞതാനിർഭയമായ ഒരു തിരിഞ്ഞുനോട്ടമാണ്. ദൈവം നടത്തിയ വഴികളെക്കുറിച്ചുള്ള ധ്യാനം. അപ്പോൾ അതിലും വലിയത് ദൈവം തനിക്കായി ഒരുക്കിയിരിക്കുന്നത് ശിംശോൻ കാണുന്നു. ജീർണ്ണിച്ചുണങ്ങിയ സിംഹത്തിന്റെ ഉടലിൽ തേനീച്ചക്കൂട്ടത്തിന്റെ ഇരമ്പലും തേൻകൂടും. അക്രമണോത്സുകമായ വന്യരക്തം ഒഴുകിയിരുന്ന സിംഹസിരകളിൽ തേൻ നിറഞ്ഞിരിക്കുന്നു. പ്രതിസന്ധികളുടെ അസ്ഥിപഞ്ജരങ്ങളിൽ തേൻകൂടൊരുക്കി കാത്തിരിക്കുന്ന ദൈവം. ആ തേനെടുത്ത് തിന്നുകൊണ്ട് ശിംശോൻ നടന്നു. തന്റെ അപ്പനും അമ്മയ്ക്കും കൊടുത്തു. തേൻ സിംഹത്തിന്റെ ഉടലിൽ നിന്നെടുത്തുവെന്ന് വീരസ്യം പറഞ്ഞില്ല. പ്രതിസന്ധി വന്നപ്പോൾ ദൈവാത്മാവിൽ ഏകനായി നേരിട്ടു. തേൻ കിട്ടിയപ്പോൾ ചുറ്റുപാടുകൾക്ക് പങ്കുവെച്ചു.

ദൈവാത്മാവിന്റെ പ്രചോദനത്തെ തടയുന്ന എല്ലാ ജഡിലതകളിൽ നിന്നും നാം എഴുന്നേൽക്കണം; എഴുന്നേറ്റേ തീരൂ!

- ഫാ. സഖറിയാ തോമസ് പുതുപ്പള്ളി

**മലങ്കരസഭ മാസിക**
കാതോലിക്കേറ്റ് അരമന,
ദേവലോകം
കോട്ടയം-04
ഫോൺ: 0481-2573234

**പ്രസിഡന്റ്**
ഡോ. യൂഹാനോൻ മാർ
ദീയസ്കോറോസ്
മെത്രാപ്പോലീത്താ

**ചീഫ് എഡിറ്റർ**
ഫാ. സഖറിയാ തോമസ്

**മാനേജിംഗ് എഡിറ്റർ**
ഫാ. തോമസ് രാജു കരുവാറ്റ

**സബ് എഡിറ്റർ**
ഫാ. അലക്സ് തോമസ്
നാഴൂരിമറ്റത്തിൽ

**അംഗങ്ങൾ**
ഫാ.ഡോ. ബിജേഷ് ഫിലിപ്പ്
ഫാ. തോമസ് വർഗീസ് ചാവടിയിൽ
അഡ്വ. ബിജു ഉമ്മൻ
ഡോ. തോമസ് കുരുവിള
അലക്സിൻ ജോർജ്
മെർലിൻ റ്റി. മാത്യു

ഇ.മെയിൽ:
malankarasabha1946@gmail.com,
sabhamasika@yahoo.com

Read online:
www.mosc.in
www.malankarasabhaonline.com

*കംപ്യൂട്ടർ ഓപ്പറേറ്റർ*
*& ഗ്രാഫിക് ഡിസൈനർ :*
ജിന്റോ കുറിച്ചി

*അക്കൗണ്ടന്റ്:*
ബിജു വർക്കി
9947804477

# MBC COLLEGE OF ENGINEERING AND TECHNOLOGY
KUTTIKKANAM

# Why MBC ?



INSTITUTION CODE **MBC**

FOR REGISTRATION

**100% Placement**

- A Happening Campus with numerous activities
- Accredited by NBA and NAAC affiliated with KTU University
- Quality Education in a serene atmosphere
- 100% residential campus
- Safe & secure hostel facility for both men and women
- Scholarship for meritorious students
- Sponsorship Admission
- Students can apply without appearing for entrance
- Admission open for JEE appearing students

**B.Tech**

- Civil Engineering
- Mechanical Engineering
- Electronics & Communication Engineering
- Electrical & Electronics Engineering
- Computer Science& Engineering
- Computer Science & Engineering (Artificial Intelligence)

NAAC
NATIONAL ASSESSMENT AND ACCREDITATION COUNCIL
ACCREDITED WITH B++ GRADE ( 2021-2025)

NBA
NATIONAL BOARD of ACCREDITATION
NBA, EEE,CE (2022-25)

**Contact**

+ 91 90 722 00 344
+ 91 75 599 33 571
+ 91 90 721 00 344

## MAR BASELIOS CHRISTIAN
COLLEGE OF ENGINEERING & TECHNOLOGY
KUTTIKKANAM, PEERMADE
APPROVED BY AICTE | AFFILIATED TO APJAKTU | ESTD. 2001
An Institute of Malankara Orthodox Syrian Church

mbc@mbcpeermade.com mbcpeermade.com
mbckuttikanam

# അകം

CONTENTS


**8** ഭൂമിയുടെയും സൃഷ്ടി ക്രമങ്ങളുടെയും...
- ഡോ. ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ

**11** ശ്ലീഹാ നോമ്പ്
- ഫാ. ജെറിൻ ജോൺ, അടൂർ

**12** ജനിതക രോഗങ്ങളുടെ കാരണങ്ങളും...
- ഡോ. ലളിത ഉമ്മൻ, ബാംഗ്ലൂർ

**14** മഴയത്തൊരു പ്രതിരോധക്കുട
- ഡോ. ജിബി കെ. ജോർജ്

**16** പ. മാർത്തോമ്മാ ശ്ലീഹായുടെ പെരുന്നാൾ
- ഫാ. ജോസ് തോമസ് പൂവത്തുങ്കൽ

**19** ആരാധനാഗീതത്തിലെ സാഹിത്യബോധം
- ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത

**31** മലങ്കരയുടെ തേജസ്സ്: മഹാനായ മാർ ദീവന്നാസ്യോസ്
- ഫാ. ഡോ. സണ്ണി ചാക്കോ, കുന്നംകുളം

**33** പിതൃനന്മകളുടെ കിണറുകൾ
- സോനു സജി

**35** വത്സലരെ ദൂരത്തെന്തിനു നിൽക്കുന്നു...
- ഫാ. സജി യോഹന്നാൻ

**42** സമഗ്ര വിദ്യാഭ്യാസം: തെയോഡോഷ്യൻ ദർശനം
- ഫാ. ഡോ. പി.എസ്. വർഗീസ്

പംക്തികൾ

വചനദീപ്തി
വേദാനുഭവം
പുതിയനിയമ പഠനം
യൂത്ത്ജംഗ്ഷൻ
കാലാവസ്ഥാ വ്യതിയാനം
ക്വിസ്സ്








മലങ്കരസഭ
വരിക്കാരാകുവാനും
വരിസംഖ്യ പുതുക്കുവാനും
QR CODE SCAN ചെയ്യുക.
പണമടച്ചതിനു ശേഷം 8281661946
എന്ന
വാട്സാപ്പ് നമ്പറിൽ അറിയിക്കുക.

SCAN & PAY



# ഭൂമിയുടെയും സൃഷ്ടി ക്രമങ്ങളുടെയും പുനരുജ്ജീവനം

**ഡോ. ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ**

(അധ്യക്ഷൻ, സഭാ പരിസ്ഥിതി കമ്മീഷൻ)

ഈ ഭൂമിയും അതിലെ സൃഷ്ടി പ്രക്രിയയും സൃഷ്ടി ക്രമങ്ങളും ദൈവത്തിന്റെ കരവിരുതും അനന്തമായ ദൈവസ്നേഹത്തിന്റെ ബഹിർസ്ഫുരണവും വെളിപാടുമാകുന്നു (സങ്കീ.104). ഭൗമ വ്യവസ്ഥിതിയും, സൃഷ്ടി ക്രമങ്ങളിൽ നിലനിൽക്കുന്ന ശാന്തതയും താളാത്മക ബന്ധങ്ങളും അനുബന്ധമായ പാരസ്പര്യവും സ്രഷ്ടാവായ ദൈവത്തിന്റെ മഹത്വത്തെയാണ് വിളിച്ചോതുന്നത്. (സങ്കീ.19).ജൈവവും അജൈവവുമായ വൈവിധ്യം നിലനിൽപ്പിന് തന്നെ ആധാരമായ സൃഷ്ടിയുടെ പ്രത്യേകതയാണ്. ഈദൃശ വൈവിധ്യങ്ങൾ വിവിധ തലങ്ങളിലാണ് ഭൂമിയിൽ നിലനിൽക്കുന്നത്. വിസ്തൃതവും വ്യത്യസ്തവുമായ ഭൂപ്രദേശങ്ങളും അവയിലുള്ള ജീവജാലങ്ങളും അവയുടെ വൈവിധ്യമാർന്ന വിതരണ മാതൃകകളും സൃഷ്ടാവിന്റെ മഹിമയാണ് പ്രകാശിപ്പിക്കുന്നത്. തലമുറകളായി മനുഷ്യന്റെ നിരുത്തരവാദിത്വപരമായ ഇടപെടലുകൾ മൂലം ഭൂമിയും അതിന്മേലുള്ള എല്ലാ സൃഷ്ടി ക്രമങ്ങളും ശോഷണ വിധേയമായി നാശോന്മുഖതയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. ഭൂമിയും സർവ്വചരാചരങ്ങളും നിലനിൽപ്പിനായി കേഴുകയാണ്. (റോമർ 8:19-21). കാലാവസ്ഥാ വ്യതിയാനം, മരുവൽക്കരണം, വരൾച്ച, ആവാസവ്യവസ്ഥിതിയുടെ ശോഷണം ഇതെല്ലാം തന്നെ ജീവന്റെ നിലനിൽപ്പിനെ ചോദ്യം ചെയ്തുകൊണ്ട് അപകടകരമായി അനുദിനം മുന്നേറുന്നു. ഈ സാഹചര്യത്തിലാണ് യുണൈറ്റഡ് നേഷന്റെ എൺവയോൺമെന്റൽ പ്രോഗ്രാം (UNEP) ഈ വർഷത്തെ ലോക പരിസ്ഥിതി ദിനത്തിന്റെ (ജൂൺ 05) പ്രമേയം അവതരിപ്പിച്ചിരിക്കുന്നത്. 2024 ലോക പരിസ്ഥിതി ദിനത്തിന്റെ പ്രമേയം 'ഭൂമി പുനരുജ്ജീവനം, മരുവൽക്കരണം-വരൾച്ച പ്രതിരോധം'(Land restoration, desertification and drought resilience) എന്നതാണ്. 'നമ്മുടെ ഭൂമി നമ്മുടെ ഭാവി, നാം പുനരുജ്ജീവന തലമുറ' എന്നതാണ് ഇതിന്റെ സംഘവാക്യം. ശോഷണ വിധേയമായ ഭൂമിയുടെയും സമസ്ത സൃഷ്ടി ക്രമങ്ങളുടെയും പുനരുജ്ജീവനം' എന്ന ഈ വർഷത്തെ ലോക പരിസ്ഥിതി ദിന സന്ദേശവുമായി ബന്ധപ്പെട്ടിട്ടുള്ള ചില വസ്തുതകളും ചിന്തകളും ഈ ലേഖനത്തിലൂടെ പങ്കു വെയ്ക്കുകയാണ്.

**1. നടുക്കുന്ന യാഥാർത്ഥ്യങ്ങൾ :**
**വസ്തുതകളും സ്ഥിതിവിവരങ്ങളും**

(a) **ഭൂമി ശോഷണം:** UN Convention to Combat Desertification (UNCCD) യുടെ കണക്ക് പ്രകാരം 2 ബില്യൺ ഹെക്ടർ ഉത്പ്പാദന ക്ഷമതയുള്ള ഭൂമി കഴിഞ്ഞ 25 വർഷത്തിനുള്ളിൽ ആഗോള തലത്തിൽ ശോഷണ വിധേയമായിട്ടുണ്ട്. ഇത് ഏകദേശം ചൈനയുടെ ഭൂപ്രദേശങ്ങളേക്കാൾ വിസ്തൃതിയുള്ളതാണ്. ഇത് സൂചിപ്പിക്കുന്നത് ഏതാണ്ട് 12 മില്യൺ ഹെക്ടർ ഭൂമി എല്ലാ വർഷവും നശിച്ചുകൊണ്ടിരിക്കുന്നു.

(b) **മരുവത്ക്കരണം :** UNCCD യുടെ റിപ്പോർട്ട് പ്രകാരം മരുവത്ക്കരണ പ്രതിഭാസം ഭൂമിയുടെ മൂന്നിലൊന്ന് ഉപരിതലത്തെ ബാധിച്ചിട്ടുണ്ട്. ഏകദേശം 3.6 ബില്യൺ ജനങ്ങൾ ഇതിന് ഇരകളാകുന്നുണ്ട്. എല്ലാ വർഷവും കൃഷിയ്ക്ക് അനുയോജ്യമായ 24 ബില്യൺ ഭൂമി മരുഭൂമിയാത്തീരുന്നുണ്ട് എന്നത് മരുവത്ക്കരണത്തിന്റെ ഭയാനകതയെ സൂചിപ്പിക്കുന്നു.

(c) **വരൾച്ച, കാലാവസ്ഥാ വ്യതിയാനം :** കാലാവസ്ഥാ മാറ്റം ഒരു വലിയ വിപത്തായി ലോകം ശ്രദ്ധിച്ചു തുടങ്ങിയത് 1950 ന് ശേഷമാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ അടിസ്ഥാന കാരണം അനിയന്ത്രിതമായ കാർബണിന്റെ അന്തരീക്ഷത്തിലേയ്ക്കുള്ള പുറംന്തള്ളലാണ്. ഇതിന്റെ തോതാണ് 'കാർബൺ കാൽപ്പാടുകൾ' (Carbon footprints). നഗരവൽക്കരണത്തിന്റെയും വ്യവസായവൽക്കരണത്തിന്റെയും ഭാഗമായി അന്തരീക്ഷത്തിലേയ്ക്ക് വർഷിക്കുന്ന കാർബണിന്റെ തോത് ദൈനംദിനം വർദ്ധിച്ചു വരികയാണ്. സാമ്പത്തിക വർച്ചയ്ക്ക് വേണ്ടിയുള്ള വികസിത രാഷ്ട്രങ്ങളുടെ അശ്രാന്ത പരിശ്രമത്താൽ അന്തരീ

ക്ഷത്തിലേയ്ക്ക് കൂടുതൽ കാർബൺ ഡൈ ഓക്സൈഡ് തള്ളപ്പെട്ടു. അന്തരീക്ഷ കാർബൺ ഡൈ ഓക്സൈഡിന്റെ അളവ് രണ്ട് നൂറ്റാണ്ടുകൾക്ക് മുമ്പ് 280 പാർട്സ് പെർ മില്യൺ (പി.പി.എം) എന്നതിൽ നിന്ന് സമീപകാലത്ത് 440 പി. പി. എം. എന്ന ഭയാനകമായ നിലയിലെത്തിയന്നാണ് പഠനറിപ്പോർട്ടുകളി ൽ കാണുന്നത് (IPCC Report 2021). ആഗോളതാപനം കുറയ്ക്കുന്നതിനായി ലോക രാഷ്ട്രങ്ങൾ 28 കോൺഫ്രൻസ് ഓഫ് പാർട്ടിസ് (സി.ഒ.പി.) മീറ്റിംഗുകൾ വിളിച്ചുചേർത്തിട്ടും, വികസിതരാജ്യങ്ങൾ കാർബൺ പുറന്തള്ളുന്നതിൽ ഗണ്യമായ കുറവ് വരുത്തുവാൻ തയ്യാറാകാത്തത് പ്രതിസന്ധിയുടെ ആഴം വർദ്ധിപ്പിക്കുന്നു. ഇതിന്റെ ഫലമായി വരൾച്ച ക്രമാനുഗതമായി വർദ്ധിക്കുന്നു. ഭൂമിയുടെ ചില മേഖലകളിൽ ഇത് അപകടകരമായ നിലയിൽ നിലനിൽക്കുന്നു എന്നുള്ളത് ഈ പ്രശ്നത്തിന്റെ രൂക്ഷത എടുത്ത് കാണിക്കുന്നു.

### 2. ഭൂമി പുനരുജ്ജീവനം: ശാസ്ത്രീയ പരിഹാരങ്ങൾ

ഭൂമിയുടെ പുനരുജ്ജീവനം എന്നത് കേവലം ചെടികൾ നട്ട് സംരക്ഷിക്കുന്നത് മാത്രമല്ല. അതിനപ്പുറം സമഗ്രമായ ഉൾക്കാഴ്ചയും പ്രവർത്തനങ്ങളും ബുദ്ധിപരമായ സാങ്കേതികതകളും പ്രയോഗവത്ക്കരിച്ചെങ്കിൽ മാത്രമെ ഭൂമിയുടെ ആരോഗ്യവും ഉത്പാദന ക്ഷമതയും വർദ്ധിപ്പിക്കുവാൻ സാധിക്കുകയുള്ളു. Sustainable Land Management (SLM), Forest Landscape Restoration (FLR), Ecological Restoration എന്നിവയാണ് പ്രധാനമായും ഭൂമി പുനരുജ്ജജീവനുമായി ബന്ധപ്പെട്ട് പ്രയോഗിക്കുന്ന ചില ശാസ്ത്രീയമായ സങ്കേതങ്ങൾ.

### 3. ഭൂമി വ്യവസ്ഥയുടെ പുനരുജ്ജീവനം: സംയോജിത സാമൂഹിക പ്രവർത്തനങ്ങൾ

ഭൂമിയുടെ പുനർജ്ജീവനം സങ്കീർണ്ണവും ആയാസകരമാണെങ്കിലും കൂട്ടായ സാമൂഹിക പ്രവർത്തനങ്ങൾ വഴി സന്തുലനമായ ഭൂമിയുടെ വ്യവസ്ഥിതിയും താളാത്മക ബന്ധങ്ങളും വീണ്ടെടുക്കുവാൻ ഒരളവുവരെ സാധിക്കുന്നതാണ്. ഈദൃശ കൂട്ടായ പ്രവർത്തനങ്ങളെ പുനരുജ്ജീവന പ്രസ്ഥാനങ്ങൾ വഴി നടപ്പാക്കാവുന്നതാണ്. പ്രധാനമായും 4 വീക്ഷണാത്മക പ്രവർത്തനങ്ങളാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

(a) പുനരുജ്ജീവന പ്രോജക്ടുകളെയും സംഘടനകളെയും സഹായിക്കുക.

(b) ഉപഭോഗ സംസ്ക്കാരങ്ങളും പ്രവർത്തനങ്ങളും പരമാവധി കുറയ്ക്കുക. ഇതിനായി സുസ്ഥിര ഉൽപ്പന്നങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുക, ഭക്ഷണ മാലിന്യം പരമാവധി കുറയ്ക്കുക, ജല സംരക്ഷണം പരമാവധി പ്രോത്സാഹിപ്പിക്കുക എന്നിവയാണ്

(c) ബോധവൽക്കരണം വ്യാപിപ്പിക്കുക. പുനരുജ്ജീവന പ്രവർത്തനങ്ങളുടെ പ്രാധാന്യവും, പാരിസ്ഥിതിക വെല്ലുവിളികളും എല്ലാ മേഖലയിലുള്ള വ്യക്തികളെയും ബോധ്യപ്പെടുത്തണം.

(d) മാറ്റത്തിനായി സംഘടനാ പ്രവർത്തനങ്ങൾ പ്രാദേശിക-ദേശീയ തലങ്ങളിൽ ആവിഷ്ക്കരിക്കുക.

### 4. ഭൂമി വ്യവസ്ഥയിന്മേലുള്ള കാര്യസ്ഥത : ക്രൈസ്തവ വീക്ഷണങ്ങൾ


വി.വേദപുസ്തകം ആദിയോടന്തം ഉദ്ഘോഷിക്കുന്ന സന്ദേശമാണ് ഭൂമിവ്യവസ്ഥയിന്മേലുള്ള മനുഷ്യന്റെ സ്നേഹ-കരുതലിന്റെ കാര്യസ്ഥതാ പ്രവർത്തനം. മനുഷ്യൻ പ്രകൃതിയുടെ മകുടവും വികാരിയുമായിട്ടാണ് ദൈവം സൃഷ്ടിച്ചത്(ഉല്പത്തി 2.15). ലേവ്യാപുസ്തകത്തിൽ വളരെ വിശദമായി ഭൂമിയുടെ സംരക്ഷണത്തെ സംബന്ധിച്ച് ദൈവം ഇസ്രായേൽ ജനതയ്ക്ക് നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഏഴേഴ് വർഷങ്ങൾ കൂടുമ്പോൾ നടപ്പാക്കേണ്ടുന്ന ജൂബിലി ആഘോഷങ്ങളിൽ ഏറ്റവും പ്രധാനമായി യഹോവയായ ദൈവം നൽകുന്ന കൽപ്പന ഭൂമിയുടെ വീണ്ടെടുപ്പും പുനരുജ്ജീവനവും ആണ്. സംരക്ഷണ കൽപ്പനകളോടൊപ്പം തന്നെ മനുഷ്യന്റെ ഉത്തരവാദിത്വങ്ങളിൽ നിന്നുള്ള വിമുഖതയ്ക്കുള്ള ശിക്ഷകളും വേദപുസ്തകം നൽകുന്നുണ്ട് (ആവർത്തനം 29:22.28). ഭൂമി സംരക്ഷണം അതിന്റെ പുനരുജ്ജീവനം ഇവയൊക്കെ ക്രൈസ്തവ വീക്ഷണങ്ങളിൽ അടിയുറച്ച കാര്യസ്ഥതയുടെ അനുഭവ തലങ്ങളാണ്. യേശു തമ്പുരാന്റെ ഉപദേശങ്ങളിലും ഈദൃശ സന്ദേശങ്ങളും വീക്ഷണങ്ങളും ധാരാളം പുതിയ നിയമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

### 5. ക്രൈസ്തവ ധാർമ്മികത: രീതി ശാസ്ത്രം

ക്രൈസ്തവ-ധാർമ്മികതയുമായി ബന്ധപ്പെട്ട് ക്രമീകൃതമായ രീതി ശാസ്ത്രങ്ങൾ ഭൂമിയുടെ പുനരുജ്ജീവനത്തിനും സമസ്ത സൃഷ്ടിക്രമങ്ങളുടെയും സമൃദ്ധമായ നിലനിൽപ്പിനും ഉപയുക്തമാക്കേണ്ടിയിരിക്കുന്നു.

**(1) ഇക്കോളജിക്കൽ ഓഡിറ്റ്:** ഇടവകയ്ക്കുള്ളിലെ എല്ലാ വസതികളും സ്ഥാപനങ്ങളും അവയുടെ കാർബൺ കാൽപ്പാടുകൾ വിലയിരുത്തുന്നതിന് സ്വയം ഓഡിറ്റ് ചെയ്യാൻ പ്രോത്സാഹിപ്പിക്കുന്നു. ഒരാളുടെ വീടും സ്ഥാപനവും പുറന്തള്ളുന്ന കാർബൺ ഡൈ ഓക്സൈഡിന്റെ അളവ് വിലയിരുത്തുന്നതും കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുന്നു. പ്രതിമാസ വൈദ്യുതി ബില്ലുകൾ കുറയ്ക്കുക, വാഹന ഉപയോഗത്തിൽ ശ്രദ്ധാ പൂർവമായ സമീപനം സ്വീകരിക്കുക, ആവശ്യമുള്ളപ്പോൾ മാത്രം അവ ഉപയോഗിക്കുന്നുവെന്ന് ഉറപ്പാക്കുക. ജലത്തിന്റെ ഉപയോഗം, ഉച്ഛിഷ്ടം, വിഭവങ്ങൾ തുടങ്ങിയവ ഓഡിറ്റിംഗിന് വിധേയമാക്കണം. നമ്മുടെ സഭയുടെ ഇക്കോളജിക്കൽ കമ്മീഷൻ ഇപ്രകാരമുള്ള ഒരു ഓഡിറ്റിംഗിന് വ്യക്തി-ഇടവക-സഭാ തലങ്ങളിൽ ഒരു പ്രോജക്ട് പരിസ്ഥിതി ദിനത്തിൽ പ്രഖ്യാപിക്കുവാനും നടപ്പാക്കുവാനും ഉദ്ദേശിക്കുന്നു.

**(2) ഗ്രീൻ കവർ:** കാർബൺ ഡൈ ഓക്സൈഡിന്റെ അളവ് കുറയ്ക്കുന്നതിനുള്ള ഏറ്റവും ഫലപ്രദമായ മാർഗമാണ് ഭൂമിയുടെ ഹരിത സാന്നിധ്യം വർദ്ധിപ്പിക്കുക എന്നത്. വിദഗ്ധരുടെ അഭിപ്രായത്തിൽ, പ്ലാവ്, മാവ്,



തേക്ക് എന്നിവയാണ് കാർബൺ ആഗിരണം ചെയ്യാൻ ഏറ്റവും ഫലപ്രദമായ മരങ്ങൾ. തരിശായി കിടക്കുന്ന പള്ളി കോമ്പൗണ്ടുകളിലും സ്കൂൾ കോമ്പൗണ്ടുകളിലും ഫലവൃക്ഷങ്ങളുടെയും മറ്റും തൈകൾ നടുന്നതിനും അത് സംരക്ഷിക്കുന്നതിനും എല്ലാവരും ശ്രദ്ധിക്കണം. ചുരുക്കത്തിൽ ഭൂമിയുടെ ഹരിത പുതപ്പ് എത്രയും വർദ്ധിപ്പിക്കുന്നത് ഭൂമിയുടെ പുനരുജ്ജീവനത്തിന് സഹായകരമാകും.

**(3) സൗരോർജ്ജം:** സൗരോർജ്ജ സംവിധാനങ്ങൾ ഉപയോഗിക്കുവാൻ എല്ലാ സഭാജനങ്ങളോടും അഭ്യർത്ഥിക്കുന്നു. സർക്കാർ സബ്സിഡികൾ കഴിവതും ഉപയോഗപ്പെടുത്തണം. സോളാർ പാനലിൽകൂടി വൈദ്യുതി ഗ്രിഡിലേക്ക് കൊടുത്താൽ വൈദ്യുതി ചെലവ് കുറയ്ക്കുവാനാകും സോളാർ പ്ലാന്റിൽനിന്ന് ഉല്പാദിപ്പിക്കുന്ന അധിക ഊർജ്ജത്തിന് വീട്ടുകാർക്ക് പണവും ലഭിക്കും.

**(4) ജലസംരക്ഷണം:** ചോർച്ചയിലൂടെയോ അശ്രദ്ധയായ ഉപയോഗത്തിലൂടെയോ വെള്ളം പാഴാകുന്നത് തടയാൻ എല്ലാ സഭാംഗങ്ങളോടും എല്ലാ സ്ഥാപന അധികാരികളോടും അഭ്യർത്ഥിക്കുന്നു. കൂടാതെ, ഭൂഗർഭജലനിരപ്പ് വർധിപ്പിക്കാൻ മഴവെള്ളം ഭൂമിയിലേക്ക് ഒഴുക്കിവിടാൻ മഴവെള്ള സംഭരണ സംവിധാനങ്ങൾ നടപ്പാക്കണം. കാമ്പസ് അതിർത്തിക്ക് പുറത്തേക്ക് മഴവെള്ളം ഒഴുകാൻ അനുവദിക്കരുത്. ഭൂഗർഭജലം റീചാർജ് ചെയ്യുന്നതിലൂടെ ജലക്ഷാമം കുറയ്ക്കാനാകും. മഴവെള്ളക്കൊയ്ത്തിന്റെ തത്വം 'ഓടുന്ന വെള്ളത്തെ നടക്കാൻ അനുവദിക്കുക. നടക്കുന്ന വെള്ളത്തെ ഇഴയാൻ അനുവദിക്കുക, ഇഴയുന്ന വെള്ളത്തെ നിർത്തുക. ക്യാമ്പസിൽ കുഴികൾ ക്രമീകരിക്കുക. മേൽക്കൂരയിൽ വീഴുന്ന വെള്ളം കിണറുകളിലേക്ക് ഒഴുക്കിവിടുന്ന രീതി പലരും വിജയകരമായി ചെയ്തു കൊണ്ടിരിക്കുന്നതാണ്. മണ്ണിലെ ഈർപ്പം നിലനിർത്തുന്നത് വരൾച്ച തടയാനും ചൂട് കുറയ്ക്കാനും സഹായിക്കും. കൃഷിയ്ക്കായി ഡ്രിപ്പ് ഇറിഗേഷൻ രീതി നടപ്പാക്കുന്നത് ഏറ്റവും ശ്രദ്ധേയമായിരിക്കും.

**(5) മാലിന്യ സംസ്കരണം:** ഒറ്റത്തവണ ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക് ബാഗുകൾക്ക് പകരമായി തുണി സഞ്ചികൾ ഉപയോഗിക്കാൻ ഇടവകാംഗങ്ങളെ പ്രോത്സാഹിപ്പിക്കണം. പ്ലാസ്റ്റിക് അത്യാവശ്യമാണെങ്കിൽ, ഉപയോഗത്തിനുശേഷം, കഴുകി ഉണക്കി പഞ്ചായ ത്തിന്റെ ഹരിത കർമ്മ സേനയെ ഏൽപ്പിക്കണം. പ്ലാസ്റ്റിക് കത്തിക്കരുത്. കാരണം അത് കത്തുന്ന സമയത്ത് ഉൽപ്പാദിപ്പിക്കുന്ന ഡയോക്സിൻ ക്യാൻസറിനിടയാക്കും. ജൈവ മാലിന്യങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മീഥെയ്ൻ, ഒരു ശക്തമായ ഹരിതഗൃഹവാതകമാണ്. ഹരിതകർമ്മ സേനയുടെ മാലിന്യശേഖരണ സംരംഭങ്ങളെ പിന്തുണയ്ക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്നതിലൂടെ, മാലിന്യരഹിത സമൂഹമായി മാറുന്നതിന് നമുക്ക് പ്രവർത്തിക്കാം.

**(6) കംപോസ്റ്റിനുള്ള അടുക്കള ബിൻ:** കിച്ചൺ ബിന്നുകൾക്ക് ഗാർഹിക മാലിന്യങ്ങളെ കമ്പോസ്റ്റാക്കി മാറ്റാനും മാലിന്യത്തെ വിലപ്പെട്ട വിഭവമാക്കി മാറ്റാനും കഴിയും.

**(7) ജൈവ ജീവിതശൈലി പ്രോത്സാഹിപ്പിക്കുക:** വീടുകൾക്കും സ്ഥാപനങ്ങൾക്കും ഓർഗാനിക് വസ്തുക്കൾ ഉപയോഗിക്കുന്ന ഇന്റീരിയർ ഡെക്കറേഷൻ സംസ്ക്കാരം വളർത്തിയെടുക്കാൻ കഴിയും. ഇടവകകളിൽ, കല്യാണം. മാമോദീസ തുടങ്ങിയ സുപ്രധാന ചടങ്ങുകളിൽ മരം നടുന്നത് ഒരു പതിവാക്കണം.

**(8) വാഹനങ്ങളുടെ പൂളിംഗ്:** സ്വകാര്യ വാഹനങ്ങൾ മൂലമുണ്ടാകുന്ന മലിനീകരണം കുറയ്ക്കുന്നതിന്, ഒരു പ്രദേശത്തെ താമസക്കാർക്ക് വാഹനം പങ്കിടൽ സംവിധാനം നടപ്പിലാക്കാൻ സഹകരിക്കാവുന്നതാണ്. വാഹനങ്ങൾ മാറിമാറി എടുക്കുന്നതിലൂടെ, റോഡിലെ കാറുകളുടെ എണ്ണം ഗണ്യമായി കുറയ്ക്കുവാൻ സാധിക്കും അത്തരം കൂട്ടായ പ്രവർത്തനം പരിസ്ഥിതി മലിനീകരണം കുറയ്ക്കുകയും വ്യക്തിഗത വാഹന ഉപയോഗത്തെ ആശ്രയിക്കുന്നത് കുറയ്ക്കുവാനുമിടയാക്കും.

**(9) ഗ്രീൻ അംബാസഡേഴ്സ് ഇനിഷ്യേറ്റീവ്:** ഇടവകകളിൽ പരിസ്ഥിതി പ്രവർത്തനങ്ങളിൽ താൽപ്പര്യമുള്ള വിശ്വാസികളെ സംഘടിപ്പിച്ച് ഒരു സംഘമുണ്ടാക്കുന്നതും അവർക്ക് പരിസ്ഥിതി പ്രവർത്തനങ്ങളിൽ പരിശീലനം നൽകുന്നതും അഭിലഷണീയമാണ്. ഇങ്ങനെയുള്ളവരുടെ കൂട്ടായ്മകൾ മാസത്തിൽ ഒരിക്കൽ കൂടി പ്രവർത്തനങ്ങൾ വിലയിരുത്തുന്നത് ഏറ്റവും നല്ലതായിരിക്കും.

**(10) കാർബൺ ന്യൂട്രൽ ഇടവകകൾക്കും സ്കൂളുകൾ ക്കുമായി കുട്ടികളുടെ കാംപെയ്ൻ:** നമ്മുടെ വളർന്നുവരുന്ന കുഞ്ഞുങ്ങളിൽ പരിസ്ഥിതി സൗഹൃദ മനോഭാവമുണ്ടാകുവാൻ തക്കവണ്ണം ക്യാമ്പുകൾ സംഘടിപ്പിക്കുന്നത് സൺഡേസ്ക്കൂളിന്റെയും ബാലസമാജത്തിന്റെയും പ്രവർത്തന സരണിയിൽ ഉൾപ്പെടുത്തുന്നത് ഏറ്റവും നല്ലതാണ്.

**ഉപസംഹാരം:**

മനുഷ്യ കേന്ദ്രീകൃതമായി ആവിർഭവിച്ച ഭൗമവ്യവസ്ഥിതിയുടെ ശോഷണവും കാലാവസ്ഥാ വ്യതിയാനത്തിന്റെ രൂക്ഷതയും നമ്മെ ഏറെ അലട്ടുന്നു.2024 ജനുവരി മുതൽ മെയ് വരെയുണ്ടായ ചൂടും വരൾച്ചയും സഹിക്കാവുന്നതിനപ്പുറമായിരുന്നു. ഈ പശ്ചാത്തലത്തിൽ സഭയും ഇടവകകളും വ്യക്തികളും ഹരിത ഭാവത്തിലേയ്ക്ക് പോകേണ്ടിയിരിക്കുന്നു. മൂന്ന് കാര്യങ്ങൾ ഉപസംഹാരമായി കുറിക്കുന്നു.(1) ദൈവത്തിന്റെ താളവും (Divine Rhythm) ഭൂമിയുടെ താളവും തമ്മിൽ ഒത്തൊരുമിക്കുന്ന ഏദൻ തോട്ടത്തിലെക്കുള്ള ഒരു തീർത്ഥാടനം നാം നടത്തേണ്ടിയിരിക്കുന്നു (ഉൽപ്പത്തി. 2:15-17). (2) മനുഷ്യൻ, ദൈവത്തിന്റെ താളമനുസരിച്ച് ജീവിക്കുവാൻ തയ്യാറാകാതെ, സ്വാർത്ഥ നേട്ടങ്ങൾക്കായി ഉപഭോഗ സംസ്ക്കാരത്തിലൂടെ പ്രകൃതിയുടെ താളം തെറ്റിച്ചു (റോമർ 8:19-21). (3) താളം തെറ്റിയ പ്രകൃതിയെ പൂർവ്വ സ്ഥിതിയിലേയ്ക്ക് കൊണ്ടുവരുവാൻ ദൈവത്തോടൊപ്പം ഓരോ ക്രൈസ്തവനും ഉത്തരവാദിത്വമുണ്ട്.

വെളിപ്പാട് പുസ്തകം 21-ാം അദ്ധ്യായത്തിൽ പുതിയ ആകാശത്തെയും പുതിയ ഭൂമിയെ ക്കുറിച്ചും പറയുന്നു. വെളിപാട് 22-ൽ സിംഹാസനത്തിൽ നിന്നും പുറപ്പെടുന്ന ഒരു ജീവ നദിയെക്കുറിച്ചും അതിന് ചുറ്റും 12 മാസവും കായിക്കുന്ന മരങ്ങളെ കുറിച്ചും പറയുന്നു. യാതൊരു മലിനീകരണവുമില്ലാത്ത പുതിയ ആകാശത്തെക്കുറിച്ചും പുതിയ ഭൂമിയെക്കുറിച്ചും പ്രത്യാശ നൽകുന്ന ഭാഗമാണിത്. പ്രകൃതിയുടെ താളം പൂർവ സ്ഥിതിയിലാക്കുവാൻ ദൈവത്തോടൊപ്പം കൂട്ടുവേലക്കാരാകുവാനാണ് ദൈവം ഈ വേദഭാഗത്തിലൂടെ ആവശ്യപ്പെടുന്നത്.




# ശ്ലീഹാ നോമ്പ്

ഫാ. ജെറിൻ ജോൺ, അടൂർ

നോമ്പ് കാഴ്ചകളിൽ നനവ് പേറുന്ന കാലം. ഹൃദയത്തിന്റെ ഗദ്ഗതങ്ങളെ തിരിച്ചറിഞ്ഞ് ക്രിയാത്മകമായി പ്രതികരിക്കേണ്ട കാലം. കാലത്തിന്റെ മുറിപ്പാടുകളെ മാറ്റുവാൻ പ്രാർത്ഥനയാകുന്ന ലേപനം പുരട്ടേണ്ടുന്ന കാലം. കാലത്തിന്റെ ചുവരെഴുത്തുകളെ വായിച്ച്, വെല്ലുവിളികളെ മനസ്സിലാക്കി ജീവിതത്തെ പുനഃക്രമീകരിക്കുവാൻ ഉള്ള കാലം. ജീവന്റെ സമൃദ്ധിയിലേക്ക് നമ്മെ ആനയിക്കുന്ന കാലം. നോമ്പ് ഗുരു സാന്നിധ്യമാണ്. അത് അഗ്നിസ്നാനമാണ്. പഴകിയ ശീലങ്ങളും മരവിപ്പുകളും കത്തിയമർന്ന് പുത്തൻ ചൈതന്യം ഉണ്ടാകേണ്ട കാലം. പെന്തിക്കോസ്തിയുടെ പരിശുദ്ധാത്മ അഗ്നിയിൽ പുതുക്കത്തിന്റെ ആത്മാവിനെ പ്രാപിച്ചവർക്ക് പ്രകാശ വസ്ത്രത്തെ സ്വീകരിക്കുവാൻ വീണ്ടും ഒരു ഓർമ്മപ്പെടുത്തലിന്റെ കാലഘട്ടം സമാഗതമായി.

ശ്ലീഹാ നോമ്പ് എന്നും 13 നോമ്പ് എന്നും അറിയപ്പെടുന്ന ഈ പരിശുദ്ധ നോമ്പ് അന്ത്യോക്യൻ സുറിയാനി പാരമ്പര്യത്തിൽ നിന്നും മലങ്കര സഭ സ്വീകരിച്ച 5 കാനോനിക നോമ്പിൽ ഉൾപ്പെട്ടതാണ്. കർത്താവിന്റെ പന്ത്രണ്ട് ശ്ലീഹന്മാരെയും പൗലോസ് ശ്ലീഹായുടെയും ബഹുമാനാർത്ഥം ആണ് ഇത് ആചരിക്കുന്നത്. ഗ്രിഗോറിയൻ കലണ്ടർ പ്രകാരം ജൂൺ 16 മുതൽ 29 വരെ ഇത് അനുഷ്ഠിക്കപ്പെടുന്നു. ജൂൺ 29 പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ദുക്റോനോയോടുകൂടിയാണ് നോമ്പ് വീടുന്നത്. ജൂൺ 30 പരിശുദ്ധ ശ്ലീഹന്മാരെ പൊതുവായി അനുസ് മരിക്കുകയും ചെയ്യുന്നു.

ഓർത്തഡോക്സ് സഭകൾ എല്ലാം തന്നെ വളരെ പ്രാധാന്യത്തോടെ കാണുന്ന നോമ്പാണ് പരിശുദ്ധ ശ്ലീഹാ നോമ്പ്. എന്നാൽ ദൈർഘ്യത്തിന് മാത്രമാണ് വ്യത്യാസം ഉള്ളത്. എന്നാൽ ആദ്യ നൂറ്റാണ്ടുകളിൽ തന്നെ ഈ നോമ്പിന് പ്രാധാന്യം ലഭിച്ചിരുന്നു. 'Apostles Fast' എന്നും 'The Fast of Apostles' എന്നും ഈ നോമ്പിന് പേരുണ്ടായിരുന്നു. സഭാ പിതാക്കന്മാരുടെ ലിഖിതങ്ങളിലൊക്കെയും തന്നെ ഈ നോമ്പിന്റെ പ്രാധാന്യവും അർത്ഥവുംവളരെയേറെ വ്യാപ്തിയോടെ പ്രതിപാദിക്കുന്നു. സെന്റ് അത്താനാസിയോസ് ദി ഗ്രേറ്റ് (+373), സെന്റ് ആംബ്രോസ് (+397), സെന്റ് ലിയോ ദി ഗ്രേറ്റ് (+461) തുടങ്ങിയവരുടെ ലിഖിതങ്ങളിൽ ഇത് ആചരിക്കേണ്ട ആവശ്യകത പ്രതിപാദിച്ചിട്ടുണ്ട്. മൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഈ നോമ്പ് പെന്തിക്കോസ്തിയോട് ചേർത്തു. പിന്നീട് പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ദുക്റോനോയുടെ ഒരുക്ക ദിവസങ്ങളായും ഈ നോമ്പിനെ കാണുവാൻ തുടങ്ങി. സെന്റ് സിമയോൻ ഓഫ് തെസ്സലോണിക്കയുടെ (+1429) ലിഖിതങ്ങളിൽ 'The fast of the Apostles is justly established in their honour, for through them we have received numerous benefits and for us they are examples and trachers of the fast... For one week after the Descent of the holy spirit in accordance with the apostolic constitution composed by Clement, we celebrate and then during the following week we fast in honor of the Apostles'. പെന്തിക്കോസ്തി കഴിഞ്ഞു വരുന്ന തിങ്കളാഴ്ച ഈ നോമ്പ് ആരംഭിക്കുന്നതായി കാണുന്നുണ്ട്. എന്നാൽ മലങ്കര സഭ ഇതല്ല അനുവർത്തിക്കുന്നത്.

വിവിധ ഓർത്തഡോക്സ് സഭകളിൽ ശ്ലീഹാ നോമ്പ് ആചരിക്കുന്നത് നാം മനസ്സിലാക്കിയിരിക്കേണ്ടതാണ്.യഥാർത്ഥത്തിൽ ശ്ലീഹാ നോമ്പിന് വിപുലമായ ആരംഭം നൽകുന്നത് റോമാസാമ്രാജ്യമാണ്. പത്രോസ് ശ്ലീഹായുടെയും പൗലോസ് ശ്ലീഹായുടെയും കബറിടങ്ങൾ സ്ഥിതി ചെയ്യുന്നത് ആദ്യ തലസ്ഥാനമായ റോമിലാണ്. തദ്ദേശീയ റോമാ സഭകൾക്ക് പത്രോസ്-പൗലോസ് ശ്ലീഹന്മാരെ വിസ്മരിക്കുവാൻ കഴിയുകയില്ല. റോമാസാമ്രാജ്യത്തിനുള്ളിലെ പുരാതന സഭകൾ പത്രോസ് -പൗലോസ് ശ്ലീഹന്മാരുടെ ദുഃഖറോനോയും അതിന്റെ ഒരുക്കം എന്നോണം ഈ പരിശുദ്ധ നോമ്പും സ്വീകരിച്ചു. എന്നാൽ വിവിധ സഭകൾ വിവിധ ദിവസങ്ങളിൽ നോമ്പ് ആചരിക്കുവാൻ തുടങ്ങി. കോപ്റ്റിക് സഭയിൽ 40 ദിവസം വരെ നീളുന്ന ആചരണം ആണ്. അന്ത്യോക്യൻ സഭയും ഇതിന് സമാനമായ രീതിയാണ് അവലംബിക്കുന്നത് എങ്കിലും പിന്നീട് ദൈർഘ്യം കുറച്ചതായി കാണുന്നു. പാശ്ചാത്യ സഭകളിൽ ഈ നോമ്പ് അപ്രസക്തമായി കൊണ്ടിരിക്കുന്നു. ഹൂദായ കാനോനിൽ വ്യത്യസ്ത ആചരണങ്ങൾ കാണുന്നുണ്ട്. മലങ്കര സഭയിൽ ആദ്യം മുതൽ തന്നെ ഈ ദിവസങ്ങളിലാണ് ഈ നോമ്പ് വേർതി രിച്ചിരിക്കുന്നത്.

പല സഭകളും ഇന്ന് അവരവരുടെ കാവൽ പിതാക്കന്മാരുടെ ഓർമ്മ ദിനത്തോട് ചേർന്ന് ഈ നോമ്പിന് പ്രാധാന്യം നൽകിക്കൊണ്ടിരിക്കുന്നു.

റോമാസാമ്രാജ്യത്തിനു ള്ളിൽ പത്രോസ്-പൗലോസ് ശ്ലീഹന്മാർക്കും, വിവിധ ഓർത്തഡോക്സ് സഭകൾ അവരവരുടെ കാവൽ പിതാക്കന്മാർക്കും പ്രാധാന്യം നൽകി ഈ നോമ്പിനെ ക്രമീകരിക്കുമ്പോൾ മലങ്കര സഭയും കാവൽ പിതാവായ മാർത്തോമാ ശ്ലീഹായുടെ പെരുന്നാളിനോട് (ദുക്റോനോ) ചേർന്ന് ഈ നോമ്പ് പുനഃ ക്രമീകരിക്കുവാൻ ഒരു കാലഘട്ടത്തിൽ അഭിപ്രായം ഉയർന്നിരുന്നു. എന്നാൽ, ഇന്നും നാം ജൂൺ 16 മുതൽ 29 വരെ ഈ നോമ്പ് ആചരിച്ചു പോരുന്നു. ○





# ജനിതക രോഗങ്ങളുടെ കാരണങ്ങളും പ്രതിവിധികളും

ജനിതക രോഗങ്ങൾ ഉണ്ടാകുന്നത് കോശങ്ങൾക്ക് സംഭവിക്കുന്ന അപകടകരമായ മാറ്റങ്ങൾ മൂലമാണ് ഇതിനെ മ്യൂട്ടേഷൻ എന്ന് പറയുന്നു. ജീൻ എന്നത് ഒരു ജനിതക യൂണിറ്റ് ആണ്. നമ്മിലുള്ള ഓരോ ജീനും നമ്മുടെ മാതാപിതാക്കളിൽ നിന്ന് നമുക്ക് ജന്മാവകാശമായി ലഭിക്കുന്നതാണ്. അതിൽ ഒന്നു പിതാവിൽ നിന്നും മറ്റൊന്നു മാതാവിൽ നിന്നും ലഭിക്കുന്നു. നമ്മുടെ ജീൻ വ്യത്യാസമായിരിക്കുന്നതുപോലെ ഓരോരോ ആളുകളുടെ ജീനും വ്യത്യാസമാണ്. ആയതിനാൽ ആണ് ഒരേ മാതാപിതാക്കളുടെ മക്കൾ വ്യത്യസ്ഥരായിരിക്കുന്നത്.

**മൈറ്റോസിസ്**

ഒരു കോശം വിഭജിക്കുന്നതിനുള്ള പേരാണ് മൈറ്റോസിസ്. ഇതിൽ ക്രോമസോമിന് യാതൊരു വ്യത്യാസവും സംഭവിക്കുന്നില്ല. അതിന്റെ അളവിനും വ്യത്യാസമില്ല. കോശങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുക എന്നതാണ് ഈ വിഭജന ഉദ്ദേശം.

**മിയോസിസ്**

ഇത് ഒരു പ്രത്യേകതരം കോശ വിഭജിപ്പാണ്. ബീജം, അണ്ഡം എന്നിവയ്ക്ക് മാത്രമാണ് ഈ പ്രത്യേക വിഭജനം ഉണ്ടാകുന്നത്. ഇതിനെ ഒരു ന്യൂന അഥവാ റിഡക്ഷൻ വിഭജിപ്പെന്നു പറയാം, കാരണം ഇതിൽ ക്രോമസോമിന്റെ എണ്ണം നേർപകുതി ആകുന്നു. അപ്രകാരം ആയെങ്കിലെ അണ്ഡവും ബീജവും ഒന്നിക്കുമ്പോൾ ക്രോമസോമിന്റെ എണ്ണം ശരിയായി തീരുകയുള്ളൂ. ഇവ രണ്ടുപ്രാവശ്യം വിഭജിച്ച് 4 കോശങ്ങൾ ഉണ്ടാകുന്നു. ക്രോമസോമിന്റെ ഓരോ പകർപ്പും ഓരോ കോശത്തിന് ലഭിക്കുന്നു.

**എപ്പോഴാണ് ജനതിക രോഗങ്ങൾ സംഭവിക്കുന്നത്**

കോശങ്ങൾ വിഭജിക്കുമ്പോൾ ജീനിന്റെ അളവ് ശരിയായ രീതിയിൽ കോശങ്ങളിൽ എത്താതെ വരുമ്പോൾ ആണ് ഇപ്രകാരം മ്യൂട്ടേഷൻ ഉണ്ടാകുന്നത്. അപ്പോൾ ക്രോമസോമിന്റെ അളവ് വ്യത്യസ്തമായി പല കോശങ്ങളിലും ചെന്ന് ചേരുന്നു. ക്രോമസോമിൽ ഉള്ളത് DNA അഥവാ deoxy ribo nucleic acid ആണ്. ഈ ഡിഎൻഎ ക്രോമസോമിൽ വളരെ ടൈറ്റ് ആയി വരിഞ്ഞ് മുറുക്കിയാണ് വെച്ചിരിക്കുന്നത് കാരണം ഈ വിഭജനത്തിൽ യാതൊരു ജീനിന്റെ അംശവും നഷ്ടപ്പെടാതെ ഇരിക്കാൻ ആണ് ഇപ്രകാരമുള്ള ഒരു ഘടന ക്രമീകരിച്ചിരിക്കുന്നത്. ഈ ഡിഎൻഎ യിൽ ആണ് കോശ പ്രവർത്തനത്തിന്റെ എല്ലാ അറിവുകളും ശേഖരിച്ചിരിക്കുന്നത്.

**എപ്രകാരമാണ് ജനിതക രോഗങ്ങൾ കൈമാറപ്പെടുന്നത്**

ഇവ ഒരു ഡോമിനന്റ് തീതിയിലും റിസസീവ് രീതിയിലും മാതാപിതാക്കളിൽ നിന്നും അടുത്ത ബന്ധുക്കളിൽ നിന്നും കൈമാറപ്പെടുന്നു. ഒരു കോശത്തിലുള്ള ക്രോമസോമിന്റെ എണ്ണം 23 ജോഡി അഥവാ 46 ആണ്. ഇവയിൽ 22 ജോഡിയെ ഓട്ടോ സോമൽ ക്രോമസോം എന്നും ഒരു ജോഡിയെ ബീജ ക്രോമസോം എന്നും വിളിക്കുന്നു.

ഇവയിൽ ഓട്ടോ സോമൽ പുരുഷനിലും സ്ത്രീകളിലും ഒരുപോലെ ഉള്ളവയാണ്. എന്നാൽ ജനറ്റിക് ക്രോമസോം പുരുഷനിലും സ്ത്രീയിലും വ്യത്യസ്തമാണ് പുരുഷനിൽ എക്സ് വൈ എന്നും സ്ത്രീയിൽ എക്സ് എക്സ് എന്നും ഉള്ളതാണ്.

**ഡൗൺ സിൻഡ്രോം** ഒരു ജനിതക ക്രമക്കേടിൽ ഉണ്ടാകുന്ന അസുഖമാണ് ഇത് സാധാരണ 35 വയസ്സിൽ കൂടുതൽ പ്രായമായ സ്ത്രീകൾ ഗർഭം ധരിക്കുമ്പോൾ കുട്ടികൾക്ക് ഉണ്ടാകാൻ സാധ്യതയുള്ള ഒരു രോഗമാണ് കുട്ടികൾ മാനസികവും ശാരീരികവുമായ വൈകല്യങ്ങൾ ഉള്ളവരായി ജനിക്കുന്നു ക്രോമസോം 21 ആണ് ഇതിന്



**ഡോ. ലളിത ഉമ്മൻ, ബാംഗ്ലൂർ**

> **ശരീരഭാരം അഥവാ അമിതവണ്ണം തടയുവാൻ ഏവരും ശ്രദ്ധിക്കേണ്ടതാണ് ക്യാൻസർ വരാതിരിക്കാൻ അഥവാ വന്നു കഴിഞ്ഞുള്ള ചികിത്സക്കും അമിതവണ്ണം ഒരു തടസ്സം തന്നെ ആയിരിക്കും.**

കാരണം അതിൽ ഒരു ക്രോമസോം കൂടുതലാണ്. അതിനാൽ 46 എന്നതിന് പകരം 47 ക്രോമസോം ഇപ്രകാരം ജനിക്കുന്ന കുട്ടികളിൽ കാണപ്പെടുന്നു.

**ജനിതക രോഗങ്ങൾ തടയുവാൻ ഉള്ള മാർഗങ്ങൾ**

1 കുടുംബത്തിന്റെ ആരോഗ്യ വിവരങ്ങൾ ശരിയായി മനസ്സിലാക്കുക

2 ഒരു ജനിതക ഡോക്ടറുടെ സഹായം തേടുക

3 കുടുംബത്തിൽ സംശയമുള്ള രോഗങ്ങൾ ഉണ്ടെങ്കിൽ റെഗുലർ ചെക്കപ്പ് നടത്തുക

4 പുകവലി മദ്യം ഇവ ഒഴിവാക്കുക

5 സംശയാസ്പദമായ ജനിതക രോഗങ്ങൾക്കുള്ള ടെസ്റ്റുകൾ നടത്തുക

6 കൃത്യമായ വ്യായാമരീതിയും ഭക്ഷണവും ക്രമീകരിക്കുക.

7 വിവാഹബന്ധം വിവേകപൂർവ്വം തിരഞ്ഞെടുക്കുക

**ജനിതക രോഗങ്ങൾ**
**തടയുവാൻ ഉള്ള മാർഗങ്ങൾ**

1. ഫോളിക്കാസിഡ് ഗർഭധാരണത്തിന് മുൻപും ഗർഭസ്ഥ അവസ്ഥയിലും ഉപയോഗിക്കുക. ഇത് നട്ടെല്ല് സംബന്ധമായ രോഗങ്ങൾ കുട്ടിക്ക് ഉണ്ടാകാതിരിക്കാൻ സഹായിക്കുന്നു

2. ഗർഭസമയത്ത് പുകവലി മദ്യം ഇവ ഉപയോഗിക്കാതിരിക്കുക.

3. ശുദ്ധവായു, മാലിന്യമില്ലാത്ത പരിതസ്ഥിതി, നല്ല ഉറക്കം നല്ല ചിന്തകൾ ഇവയെല്ലാം നമ്മുടെ വളർന്നുവരുന്നതും മാറ്റപ്പെടുന്നതുമായ കോശങ്ങളെ നല്ല രീതിയിൽ മെച്ചപ്പെടുത്തും. നമ്മുടെ ജീവിത സാഹചര്യങ്ങൾ അനുസരിച്ച് കോശങ്ങൾക്കും മാറ്റങ്ങൾ സംഭവിക്കാം. ഉദാഹരണമായി ഐഡന്റിറ്റിക്കൽ ഇരട്ട കുട്ടികൾ ജനിക്കുമ്പോൾ അവരിൽ ജനിതക സ്വഭാവം ഒരേ രീതിയിൽ തന്നെ ആയിരിക്കും. എന്നാൽ അവർ വളർന്ന് പല സാഹചര്യങ്ങളിൽ ജീവിച്ച് പ്രായപരിധി ആകുമ്പോൾ അവർ വളരെ വ്യത്യസ്തരായി കാണപ്പെടുന്നു. മാതാപിതാക്കളുടെ മറ്റ് കുട്ടികളെപ്പോല പോലെ മാത്രം ആയിത്തീരുകയും ചെയ്യുന്നതായി കണ്ടുവരുന്നു.

നമ്മുടെ ശരീരം പറയുന്നത് ശ്രദ്ധിച്ച് അതിന്റെ ആവശ്യം അനുസരിച്ച് മാത്രം ആഹാരം കഴിക്കുകയും നല്ല രീതിയിൽ ഉറങ്ങുകയും വിശ്രമിക്കുകയും വാശി വൈരാഗ്യങ്ങൾ ഒഴിവാക്കി നമ്മുടെ ചിന്തകളെയും പ്രവർത്തനങ്ങളെയും ക്രമീകരിക്കുകയും ചെയ്തു സന്തോഷമായും എല്ലാവരോടും നല്ല രീതിയിൽ ഇടപെട്ടു ശുഭാപ്തി വിശ്വാസത്തോടെ സമാധാന അന്തരീക്ഷത്തിൽ ജീവിച്ചാൽ കോശങ്ങളുടെ വളർച്ചയ്ക്കും പെരുമാറ്റങ്ങൾക്കും വളരെ അഭികാമ്യം ആയിരിക്കും. ഇപ്രകാരം ജീവിതശൈലി ക്രമീകരിച്ചും മെച്ചപ്പെടുത്തിയും പല ക്യാൻസറുകളെയും തടയുവാനും അത് വന്നു കഴിഞ്ഞിട്ട് ഉള്ള ട്രീറ്റ്മെന്റിലും എല്ലാം വളരെ പ്രയോജനപ്പെടുവാനും സഹായിക്കുന്നു ഉദാഹരണമായി ക്യാൻസർ ബ്രസ്റ്റ് കുടുംബ സംബന്ധമായി ഉണ്ടാകുവാൻ സാധ്യതയു ള്ള ഒരു രോഗമാണ് അതേപോലെതന്നെ പ്രോസ്റ്റേറ്റ് ക്യാൻസറിനും കുടുംബ സംബന്ധമായി ഉണ്ടാകുവാൻ കൂടുതൽ സാധ്യതകൾ ഉണ്ട്.

ബ്രസ്റ്റ് കാൻസറിന് 31 ശതമാനവും പ്രോസ്റ്റേറ്റ് ക്യാൻസറിന് 57 ശതമാനവും സാധ്യതകൾ ഒരേ കുടുംബത്തിൽ ഉണ്ട്. എന്നാൽ ജീവിതശൈലി നല്ല രീതിയിൽ ക്രമപ്പെടുത്തിയാൽ അത് വരാതിരിക്കാൻ അഥവാ വരുന്നുവെങ്കിൽ തന്നെ വളരെക്കാലം കഴിഞ്ഞിട്ട് ആക്കുവാനും ഇപ്രകാരമുള്ള ജീവിതശൈലി വ്യത്യാസങ്ങൾ നല്ല രീതിയിൽ തുടർന്നാൽ സാധിക്കുകയും അതിന്റെ ചികിത്സയ്ക്ക് വളരെ ഉപയോഗപ്രദവും ആയിരിക്കും. ശരീരഭാരം അഥവാ അമിതവണ്ണം തടയുവാൻ ഏവരും ശ്രദ്ധിക്കേണ്ടതാണ് ക്യാൻസർ വരാതിരിക്കാൻ അഥവാ വന്നു കഴിഞ്ഞുള്ള ചികിത്സക്കും അമിതവണ്ണം ഒരു തടസ്സം തന്നെ ആയിരിക്കും. ആരോഗ്യമുള്ള ജീവിതം ക്രമീകരിച്ചു കൊണ്ടു പോകുവാൻ ഏവരും ശ്രദ്ധ ചെലുത്തേണ്ടത് അത്യാവശ്യം ആണ്.



# മഴയത്തൊരു പ്രതിരോധക്കുട...

ഡോ. ജിബി കെ. ജോർജ്

മഴത്തുള്ളികൾ മണ്ണിൽ പതിക്കുമ്പോൾ മനം നിറയുന്നവരാണ് മലയാളികൾ. പെയ്തിറങ്ങുന്ന മഴത്തുള്ളികൾ നൽകുന്ന പ്രതീക്ഷകൾക്കപ്പുറം, പകർച്ചവ്യാധികളുടെ ഭീതിയും മഴക്കാലം സമ്മാനിക്കുന്നു. മഴയെ സ്നേഹിക്കുവാൻ മനസ്സു വെമ്പൽ കൊള്ളുമ്പോഴും മഴക്കാലരോഗങ്ങൾ മനസ്സിനെ ഭീതിയിലാഴ്ത്തുന്നു. രോഗങ്ങളും, രോഗലക്ഷണങ്ങളും പ്രതിരോധമാർഗ്ഗങ്ങളും ചികിത്സകളും ശരിയായി മനസ്സിലാക്കി പ്രവർത്തിച്ചാൽ, ഓരോ മഴക്കാലവും ഇടനെഞ്ചിന്റെ ഹൃദയതാളമായി മാറും.

### രോഗം വരുന്ന വഴികൾ...

ആഗോള വത്ക്കരണത്തിന്റേയും ആഗോള താപനത്തിന്റേയും അനന്തരഫലമായി വർദ്ധിച്ചുവരുന്ന അന്തരീക്ഷ മലിനീകരണം, പകർച്ചവ്യാധികൾക്കു അടിസ്ഥാനകാരണമായി മാറുന്നു. ഭൂമിയിലേക്കു പതിയ്ക്കുന്ന മഴത്തുള്ളികളും അന്തരീക്ഷത്തിലെ മലിനകരമായ കണികകളും കൂടിച്ചേരുന്നു, കൂടുതൽ അപകടകാരിയായി മാറുന്നു. ഇതു അലർജിക്കും, ത്വക്ക് രോഗങ്ങൾക്കും, മറ്റു രോഗങ്ങളിലേക്കും വഴിതെളിയിക്കുന്നു.

മഴക്കാലത്ത് അന്തരീക്ഷത്തിലെ ഊഷ്മാവ് കുറയുന്നു. കൂടുതൽ സമയം മഴയത്ത് നനയുമ്പോൾ നമ്മുടെ ശരീരത്തിലെ ഊഷ്മാവും കുറയുന്നു. ഇത് ശരീരത്തിലെ രോഗപ്രതിരോധ സംവിധാനത്തെ ബാധിക്കുകയും രോഗങ്ങൾ വ്യാപിക്കുവാൻ കാരണമാവുകയും ചെയ്യുന്നു.

ശക്തമായ മഴവെള്ളപ്പാച്ചിലുകൾ മലിനലജലം കലരുന്നതിനും രോഗകാരികളായ സൂക്ഷ്മാണുക്കളുടെ വളർച്ചയ്ക്കും അതുവഴി ജലജന്യ രോഗങ്ങളുടെ വ്യാപനത്തിനും കാരണമാകുന്നു.

അപര്യാപ്തമായ ശുചിത്വസൗകര്യങ്ങളും മലിനജല സംസ്രണവും മലിനജലത്തിൽ കുളിക്കുന്നതുമൂലവും സൂഷ്മാണുക്കൾ ശരീരത്തിലേക്കു പ്രവേശിക്കുവാനും രോഗങ്ങളുണ്ടാകുവാനും കാരണമാകുന്നു.

തണുത്തതും തുറന്നുവച്ചതും പഴകിയതും മലിനവുമായ ഭക്ഷണങ്ങൾ ശുചിത്വമില്ലാത്ത വെള്ളം എന്നിവ ഉപയോഗിക്കുന്നത്, മഴക്കാല രോഗങ്ങളെ ക്ഷണിച്ചുവരുത്തുന്നതിൽ പ്രധാന പങ്കു വഹിക്കുന്നു.

ശരീരത്തിലെ ജലത്തിന്റെ അളവു നിയന്ത്രിക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്നത് ദാഹമെന്ന വികാരമാണ്. മഴക്കാലത്ത് ദാഹം കുറയുകയും അതുവഴി വെള്ളി കുടിക്കുന്നതു കുറയുന്നതിനും കാരണമാകുന്നു. ശരാശരി ഭാരമുള്ള ഒരു വ്യക്തി ഒരു ദിവസം 1-3 ലിറ്റർ വെള്ളം കുടിക്കേണ്ടത് അത്യാവശ്യമാണ്. ശരീരത്തിലെ ജലത്തിന്റെ അളവു കുറയുന്നത് മൂലം രോഗപ്രതിരോധശേഷി കുറയുകയും പല രോഗങ്ങൾക്കു കാരണമായിത്തീരുകയും ചെയ്യുന്നു.

മനുഷ്യരെപ്പോലെ മഴക്കാലത്തെ സ്നേഹിക്കുന്നവരാണ് കൊതുക്, ബാക്ടീരിയ, വൈറസ്, ഫംഗസ് തുടങ്ങിയ ജീവജാലങ്ങളും. മഴക്കാലത്ത് വെള്ളം കെട്ടിക്കിടക്കുന്നതും ശുചിത്വമില്ലാത്ത ചുറ്റുപാടുകളും ഇവയുടെ വളർച്ചയ്ക്കും രോഗവ്യാപനത്തിനും കാരണമാകുന്നു.

### വിവിധ രോഗങ്ങളും അവയുടെ ലക്ഷണങ്ങളും

പ്രത്യേക രോഗമുണ്ടാക്കുന്ന സൂഷ്മാണുക്കൾ, വ്യക്തിയുടെ ആരോഗ്യം, പ്രതിരോധ ശേഷി, മറ്റു ഘടകങ്ങൾ എന്നിവയെ ആശ്രയിച്ച് രോഗലക്ഷണങ്ങൾ വ്യത്യാസപ്പെടാം. സാധാരണ കണ്ടുവരുന്ന രോഗലക്ഷണങ്ങൾ ചുവടെ സൂചിപ്പിക്കുന്നവയാണ്.

### ബാക്ടീരിയ മൂലമുണ്ടാകുന്ന രോഗങ്ങൾ:

1) **കോളറ:** വിബ്രിയോ കോളറ എന്ന ബാക്ടീരിയയാണ് കാരണം.

ലക്ഷണങ്ങൾ: വയറിളക്കം, ഛർദ്ദി, നിർജ്ജലീകരണം, ശരീരവേദന, വേഗത്തിലുള്ള ഹൃദയമിടിപ്പ്.

2) **ടൈഫോയ്ഡ് പനി :** സാൽമോണല്ല ടൈഫി എന്ന ബാക്ടീരിയയാണ് കാരണം.

**ലക്ഷണങ്ങൾ:** കടുത്തപനി, തല

വേദന, വയറുവേദന, ക്ഷീണം, വിശപ്പില്ലായ്മ.

**3) ഷിഗെല്ലോസിസ് :** വിവിധയിനം ഷിഗെല്ല ബാക്ടീരിയകൾ മൂലമാണ് ഉണ്ടാകുന്നത്.

**ലക്ഷണങ്ങൾ:** വയറിളക്കം (രക്തമയമുള്ളത്) പനി, വയറുവേദന, ക്ഷീണം.

**4) ഇ. കോളി അണുബാധകൾ: ലക്ഷണങ്ങൾ:** വയറിളക്കം (രക്തമയമുള്ളത്) ഛർദ്ദി, പനി.

**വൈറൽ അണുബാധകൾ:**

**i) ഡെങ്കിപ്പനി:** ഈഡിസ് കൊതുകകളിലൂടെയാണ് ഡെങ്കിപ്പനി ഉണ്ടാകുന്നത്. ഡെങ്കിപ്പനിക്ക് കാരണമാകുന്ന വൈറസുകൾ നാലുതരത്തിലുള്ളതിനാൽ ഒരിക്കൽ രോഗം വന്നിട്ടുള്ളവർക്ക് വീണ്ടും രോഗം വരാം.

**ലക്ഷണങ്ങൾ:** ശക്തമായ പനി, ശരീരവേദന, ശരീരത്തിലെ ചുവന്ന പാടുകൾ.

**II) ചിക്കുൻഗുനിയ:** ഈഡീസ് ഈജിപ്തി കൊതുകാണ് ചിക്കൻഗുനിയ പരത്തുന്നത്.

**ലക്ഷണങ്ങൾ:** സന്ധിവേദന-പ്രത്യേകിച്ചും കൈ, കാൽമുട്ടുകളിലും ചെറിയ സന്ധികളിലും വേദന, കഠിനമായ പനി, കണ്ണിനു ചുവപ്പു നിറം.

iii) ഹെപ്പറ്റൈറ്റിസ് എ: കരളിനെ ബാധിക്കുന്ന വൈറസ് അണുബാധ ഇത് സാധാരണയായി മലിനമായ ഭക്ഷണത്തിലൂടെയോ പാനീയങ്ങളിലൂടെയോ പടരുന്നു.

**ലക്ഷണങ്ങൾ:** മഞ്ഞപ്പിത്തം (തൊലി/കണ്ണുകളുടെ മഞ്ഞനിറം) ക്ഷീണം, ഓക്കാനം, ഛർദ്ദി, വയറുവേദന, കടുത്ത മഞ്ഞനിറത്തിലുള്ള മൂത്രം.

IV) നോറോവൈറസ് അണുബാധ: ഗ്രാസ്ട്രോ എന്റൈറ്റിസ് ഉണ്ടാക്കുന്നു.

ലക്ഷണങ്ങൾ: ഓക്കാനം, ഛർദ്ദി, വയറിളക്കം, വയറുവേദന, പനി.

**പരാദ അണുബാധകൾ:**

1) മലേറിയ: അനോഫിലസ് എന്ന കൊതുകകളാണ് മലേറിയ പരത്തുന്നത്.

**ലക്ഷണങ്ങൾ :** പനി, ശരീരവേദന, ന്യുമോണിയ, മസ്തിഷ്കജ്വരം, മഞ്ഞപ്പിത്തം, രക്തസ്രാവം, വൃക്കകളുടെ തകരാർ.

ii) അമീബിക് മെനിഞ്ഞോ എൻ സെഫലൈറ്റിസ്: (അമീബിക് മസ്തിഷ്ക ജ്വരം)

നെഗ്ലേരിയ ഫൗലേറി എന്ന അമീബ വിഭാഗത്തിൽപ്പെട്ട രോഗാണു തലച്ചോറിനെ ബാധിക്കുമ്പോൾ ഉണ്ടാകുന്ന രോഗം.

കെട്ടിക്കിടക്കുന്ന വെള്ളത്തിൽ ജീവിക്കുന്ന അമീബ മൂക്കിലെ നേർത്ത തൊലിയിലൂടെ മനുഷ്യശരീരത്തിൽ കിടക്കുകയും തലച്ചോറിനെ ഗുരുതരമായി ബാധിക്കുന്ന മസ്തിഷ്കജ്വരം ഉണ്ടാക്കുകയും ചെയ്യുന്നു.

ലക്ഷണങ്ങൾ: തലവേദന, പനി, ഓക്കാനം, ഛർദ്ദി, കഴുത്ത് തിരിക്കാൻ ബുദ്ധിമുട്ട്, അപസ്മാരം, ബോധക്ഷയം, ഓർമ്മക്കുറവ്.

**എലിപ്പനി :**

മൃഗങ്ങളുടെ മൂത്രം കലർന്ന വെള്ളവുമായി സമ്പർക്കം പുലർത്തുന്നതിലൂടെ ഉണ്ടാകുന്ന ലെപ്റ്റോസ്പൈറ ബാക്ടീരിയ മൂലമാണ് ഇത് ഉണ്ടാകുന്നത്.

ലക്ഷണങ്ങൾ: കടുത്ത പനി, കണ്ണുകളിലെ ചുവപ്പ്, തലവേദന, ശരീരവേദന.

**പ്രതിരോധക്കുട ചൂടി...**

നേരിയലക്ഷണങ്ങൾ മാത്രമാണെങ്കിൽപോലും വൈദ്യസഹായം തേടുക. ശിശുക്കൾ, പ്രായമായവർ, ദുർബലമായ പ്രതിരോധശേഷിയുള്ളവർ തുടങ്ങിയവർക്ക് അടിയന്തര പരിചരണം അത്യാവശ്യമാണ്.

ശുചിത്വമുള്ള വെള്ളം കുടിക്കുക, തിളപ്പിച്ചാറ്റിയ വെള്ളം കുടിക്കുക, ശരീരത്തിനാനുപാതികമായ അളവിൽ വെള്ളം ദിവസവും കുടിക്കുക, വീടിനു പുറത്തു നിന്നും വെള്ളം (ജ്യൂസ്/മറ്റു പാനീയങ്ങൾ) കുടിക്കുമ്പോൾ, ശുദ്ധവും വിശ്വസനീയവുമായ ഉറവിടങ്ങളിൽ നിന്നുള്ളവയാണെന്നു ഉറപ്പുവരുത്തുക. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുക, ജലം കെട്ടിക്കിടക്കുന്നതും, പച്ചവെള്ളം കുടിക്കുന്നതും തടയുക.

**കൈകളുടെ ശുചിത്വം:**

- സോപ്പും (സാനിറ്റൈസർ) ശുദ്ധജലവും ഉപയോഗിച്ച് പതിവായി കൈകൾ കഴുകുക

-ഭക്ഷണം തയ്യാറാക്കുന്നതിനു മുമ്പും കഴിക്കുന്നതിനു മുമ്പും കൈകൾ ശരിയായി കഴുകുക.

- മുഖത്ത് തൊടുന്നതിനു മുമ്പ്, പ്രത്യേകിച്ച് ശുചിമുറി ഉപയോഗിച്ചതിനുശേഷം കൈകൾ നന്നായി കഴുകുക.

**കൈകൾ ശുചിയാക്കേണ്ടുന്ന രീതി.**

1. കൈപ്പത്തിയുടെ ഉൾവശം കഴുകുക, 2. കൈപ്പത്തിയുടെ പുറ കുവശം കഴുകുക,3. വിരലുകൾക്കിടയിൽ കഴുകുക, 4. വിരലുകളുടെ പുറകുവശം കഴുകുക,5. തള്ളവിരലുകൾ കഴുകുക, 6. വിരലുകളുടെ അഗ്രഭാഗം കഴുകുക., മാലിന്യങ്ങൾ ശരിയായി സംസ്കരിക്കുക, - ജലസ്രോതസ്സുകൾ മലിനമാകാതിരിക്കാൻ ശരിയായ മാലിന്യസംസ്കരണം നടത്തുക, കെട്ടിക്കിടക്കുന്നതോ വൃത്തിയില്ലാത്തതോ ആയ വെള്ളത്തിൽ കുളിക്കാതിരിക്കുക.പകൽ സമയങ്ങളിൽ പറമ്പിൽ ജോലി ചെയ്യുന്നവർ കൊതുകുകടിയേൽക്കാതിരിക്കാനുള്ള മാർഗങ്ങൾ സ്വീകരിക്കുക.

**രോഗപ്രതിരോധശേഷി കൂട്ടുക.**

- പച്ചക്കറികളും പഴവർഗ്ഗങ്ങളും കൂടുതൽ കഴിക്കുക

-വറുത്തതും പൊരിച്ചതും ജങ്ക് ഫുഡുകളും ഒഴിവാക്കുക.

- പ്രോബയോട്ടിക്സ് : തൈര് പോലെയുള്ള പ്രകൃതിദത്ത പ്രോബയോട്ടിക്ക് അടങ്ങിയ ഭക്ഷണങ്ങൾ കഴിക്കുന്നത് കുടൽ ബാക്ടീരയകളുടെ ബാലൻസ് നിലനിർത്തുവാൻ സഹായിക്കും.

ഓറൽ റീഹൈഡ്രേഷൻ സൊല്യൂഷൻ (ORS)

ശുദ്ധജലം (1 ലിറ്റർ), ഉപ്പ്, (1/2 ചെറിയ സ്പൂൺ/ 3 gm) പഞ്ചസാര (8 ചെറിയ സ്പൂർ 40gm) എന്നിവ ഉപയോഗിച്ച് ORS വീട്ടിൽ തന്നെ തയ്യാറാക്കാം. വയറിളക്കവും, ഛർദ്ദിയും മൂലം നഷ്ടപ്പെടുന്ന ദ്രാവകങ്ങളും ഇലക്ട്രോലൈറ്റുകളും പുനഃസ്ഥാപിക്കുന്നതിനും നിർജ്ജലീകരണം തടയുവാനും സഹായിക്കുന്നു.

രോഗദുരിതങ്ങളാൽ വേദനിക്കുന്ന മനുഷ്യരുടെ മുൻപിൽ നിസ്സാഹയരായി നിൽക്കേണ്ടി വരാറുണ്ട്. അവരുടെ വേദന പകുത്തെടുക്കാതെ, ഇടറുന്ന നെഞ്ചുമായി ആശ്വാസവാക്കോതുവാൻ മാത്രമേ നമുക്കപ്പോൾ സാധിക്കുകയുള്ളു. എന്നാൽ ഒരു മനസ്സോടെ കൈകൾ കോർത്തു രോഗപ്രതിരോധത്തിന്റെ മതിൽക്കെട്ടുകൾ തീർക്കുവാൻ നമുക്കേവർക്കും സാധിക്കും. പെയ്തിറങ്ങുന്ന മഴത്തുള്ളികളിലെ സ്നേഹത്തിന്റെ ഗന്ധം ഏറ്റുവാങ്ങുവാൻ, രോഗപ്രതിരോധത്തിന്റെ കുടകൾ ചൂടി നമുക്ക് കാത്തിരിക്കാം...

# പ. മാർത്തോമ്മാ ശ്ലീഹായുടെ പെരുന്നാൾ

ഫാ. ജോസ് തോമസ് പൂവത്തുങ്കൽ

പൗരസ്ത്യ സുറിയാനിയിലെ “ദുക്റാനാ” യുടെ മലയാളീകരിക്കപ്പെട്ട “തോറാന”യാണ് നമുക്കീ പെരുന്നാൾ. അക്ഷരാർത്ഥത്തിൽ “ദുക്റാനാ” എന്ന സുറിയാനി പദത്തിന് “ഓർമ്മ” എന്നാണ് വിവക്ഷ (പാശ്ചാത്യ സുറിയാനിയിൽ “ദുക്റോനോ”). എങ്കിലും, മലങ്കര നസ്രാണികൾക്ക് “മാർത്തോമ്മാ ശ്ലീഹായുടെ ഓർമ്മപ്പെരുന്നാൾ” ആണ് ദുക്റാനാ (ദുക്റോനോ). ഒരുപക്ഷേ, നൂറ്റാണ്ടുകളായി മാർത്തോമ്മാ ശ്ലീഹായുടെ ഓർമ്മപ്പെരുന്നാളുമായി ബന്ധപ്പെട്ടുള്ള ഈ പദത്തിന്റെ ഉപയോഗമായിരിക്കാം ഇപ്രകാരമുള്ള അർത്ഥതലത്തിലേക്ക് ഇതിനെ പരിണമിപ്പിച്ചത്. അത് ജൂലായ് 3 ആണെന്ന് പ്രത്യേകിച്ച് പറയേണ്ട ആവശ്യമില്ലല്ലോ (പഴമക്കാർ പറയും സുറിയാനി കണക്കിന് കർക്കിടകം 3). നിർഭാഗ്യവശാൽ, ഉദയംപേരൂർ സുന്നഹദോസിന് ശേഷം മലങ്കരസഭയിൽ ഉളവായ ലത്തീൻവൽക്കരണത്തിന്റെ അവശിഷ്ടങ്ങൾ ചിലത്  ഇപ്പോഴും നമ്മിൽ കിടക്കുന്നതിന്റെ ഭാഗമായി ഡിസംബർ 21 മാർത്തോമ്മാ ശ്ലീഹായുടെ ഓർമ്മപ്പെരുന്നാളായി നാം ആചരിക്കുന്നു. അവരുടെ പാരമ്പര്യത്തിൽ ഡിസംബർ 18 മൈലാപ്പൂരിൽ കുരിശു വിയർത്തതിന്റെ ഓർമ്മയായി നടത്തുന്ന പെരുന്നാൾ ക്രമേണ മാർത്തോമ്മാ ശ്ലീഹ കുന്തമേറ്റ ദിവസമായി ആചരിച്ചു തുടങ്ങി. അതിന്റെ കാരണമായി ലത്തീൻ പാരമ്പര്യത്തിൽ കാണുന്നത് ഇപ്രകാരമാണ്: ഡിസംബർ 18 മാതാവിന്റെ വലിയ പെരുന്നാളായി ആചരിക്കുന്ന പതിവ് ഉണ്ടായിരുന്നു. മൈലാപ്പൂരിൽ കണ്ടെത്തിയ കുരിശിൽ നിന്ന് അന്നേദിവസം രക്തത്തുള്ളികൾ വമിച്ചുവെന്നും, പിന്നീട് പല വർഷങ്ങളിലും അപ്രകാരം സംഭവിക്കുകയും ചെയ്തു. അതിനാൽ, മാർത്തോമ്മ ശ്ലീഹാ അന്നേ ദിവസമായിരിക്കാം കുന്തമേറ്റത് എന്നുമുള്ള അനുമാനത്തിലവർ എത്തിച്ചേരുകയുമാണുണ്ടായത്. എന്നിരുന്നാലും, ലത്തീൻ പാരമ്പര്യത്തിലുള്ളവർ 1969 മുതൽ ജൂലായ് മൂന്നിലേക്ക് തിരികെ വന്നെങ്കിലും നമുക്കൊരു മാറ്റം ഇതുവരെ ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ല. അവരുടെ പാരമ്പര്യത്തിൽ, “ആഗമന കാലത്ത് തുടർച്ചയായി വരേണ്ട പ്രധാന ദിവസങ്ങൾക്കു തടസ്സം വരാതിരിക്കുവാനാണ് ഇങ്ങനെ മാറ്റുന്നത്” എന്ന് കാണുന്നു. ഗ്രീക്ക് സഭകൾ ഒക്ടോബർ 6 ന്  മാർത്തോമ്മാ ശ്ലീഹായുടെ ഓർമ്മപ്പെരുന്നാൾ ആഘോഷിക്കുന്നു. എന്നാൽ, മലങ്കര നസ്രാണികൾ ഉൾപ്പടെ പാശ്ചാത്യ പൗരസ്ത്യ സുറിയാനി ആരാധനാ പാരമ്പര്യമുള്ള സഭകളെല്ലാം ജൂലായ് മൂന്നിന് പെരുന്നാൾ ആചരിക്കുന്ന രീതിയാണ് ഉണ്ടായിരുന്നത്.

പരിശുദ്ധ ശ്ലീഹന്മാർ കർത്താവിനെ സ്നേഹിച്ചവരും കർത്താവിനു വേണ്ടി സ്വജീവൻ ത്യജിച്ചവരുമാണ്. അവരിൽ ഒരാളായ മാർത്തോമ്മാശ്ലീഹ ക്രിസ്താബ്ദം 52 -ൽ മുസിരിസിൽ (കൊടുങ്ങല്ലൂർ) വന്നിറങ്ങുകയും പ്രേഷിതപ്രവർത്തനത്തിന്റെ ഭാഗമായി യഥാക്രമം മാലിയങ്കര, പാലൂർ (ആർത്താറ്റ്), പറവൂർ (കോട്ടയ്ക്കൽ), ഗോക്കമംഗലം, നിരണം, ചായൽ (നിലയ്ക്കൽ), കൊല്ലം, തിരുവിതാംങ്കോട് എന്നിവിടങ്ങളിൽ സ്ഥാപിച്ച ഏഴരപ്പള്ളികളിലൂടെ ആരാധനാ സൗകര്യങ്ങൾ ഒരുക്കുകയും ഇവിടുള്ളവർക്ക് ആത്മീയ നേതൃത്വം നല്കി നയിക്കുവാൻ പകലോമറ്റം, ശങ്കരപുരി, കള്ളി, കാളിയാങ്കൽ എന്നീ നാലു കുടുംബങ്ങളിൽ നിന്ന് വൈദികരെയും പട്ടം നല്കി നിയമിക്കുകയും ചെയ്തു. പിന്നീടുള്ള യാത്രയിൽ മൈലാപ്പൂരിൽ വച്ച് ക്രിസ്തബ്ദം 72 ൽ സാക്ഷി മരണം പ്രാപിക്കയും ചെയ്തു. സ്വന്തരക്തം നല്കി നനച്ചു വളർത്തിയ ഭാരതത്തിലെ സഭ ഇന്ന് ആ പരിശുദ്ധ ശ്ലീഹായുടെ ഓർമ്മപ്പെരുന്നാൾ  വിശ്വാസത്തോടെയും ഭക്തിയോടെയും കൊണ്ടാടുകയാണ്, കാരണം മലങ്കര മക്കൾക്ക് ഇത്രയേറെ കടപ്പാട് മറ്റൊരു പിതാവിനോടും ഇല്ല എന്നത് തന്നെ. ഭാരതത്തിന്റെ അപ്പോസ്തോലനും മഹാപുരോഹിതനും, സഭാ സ്ഥാപകനും കാവൽപിതാവുമായ മാർത്തോമ്മ ശ്ലീഹാ ഏറ്റു പറഞ്ഞ വിശ്വാസം - “എന്റെ കർത്താവും എന്റെ ദൈവ



വുമേ" (യോഹ. 20:28) - അഭംഗുരം കാത്തു സൂക്ഷിക്കുന്ന മലങ്കരയിലെ മക്കൾ, തങ്ങളെ വിശ്വാസത്തിൽ ജനിപ്പിച്ച പിതാവിനെ മറക്കുന്നു (എബ്രാ. 13:7) എങ്കിൽ തങ്ങളുടെ വലങ്കൈ മറന്നുപോകയും മുഖ്യസന്തോഷത്തേക്കാൾ വിലമതിക്കാതെ പോയാൽ തങ്ങളുടെ നാവു അണ്ണാക്കിനോട് പറ്റിപോകയും ചെയ്യുകയില്ലേ? (സങ്കീ. 137:5-6).

മാർത്തോമ്മാ ശ്ലീഹായെപ്പറ്റി ഒരു ഐതീഹ്യമുണ്ട്: നമ്മുടെ കർത്താവും മാർത്തോമ്മ ശ്ലീഹായും തമ്മിൽ വളരെ രൂപസാദൃശ്യമുണ്ടായിരുന്നെന്നും, അതുകൊണ്ടാണ് കർത്താവിനെപ്പിടിക്കാൻ വന്നവർക്ക് ആൾമാറിപ്പോകാതിരിക്കാൻ വഞ്ചകനായ യൂദാ ചുംബനത്താൽ കർത്താവിനെ ഒറ്റുകൊടുത്തതെന്നും, കൂടാതെ, ശില്പകലാവിദഗ്ദനായിരുന്നതിനാൽ ഒരു വരകോലും മട്ടവും സദാ കയ്യിൽ കൊണ്ടു നടക്കാറുണ്ടായിരുന്നുവെന്നും ഒരു പാരമ്പര്യം ഉണ്ട്. അതിനാൽ ആയിരിക്കാം "യൂദാ തോമായുടെ പ്രവർത്തികൾ" എന്ന ഗ്രന്ഥത്തിൽ വ്യാപാരിയായ ഹാബാൻ ഭാരതത്തിലെ ഒരു രാജാവായിരുന്ന ഗോണ്ടഫോറസിനു കൊട്ടാരം പണിയുന്നതിനു വേണ്ടി മാർത്തോമ്മശ്ലീഹായെ വിലക്കു വാങ്ങികൊണ്ടുവന്നതായി പറയുന്നത്. അതു എന്തായിരുന്നാലും കല്ലിലും മരത്തിലും പണിയുന്നവർ മാർത്തോമ്മ ശ്ലീഹായെ തങ്ങളുടെ കാവൽ മധ്യസ്ഥനായും പുണ്യവാളനുമായി അംഗീകരിച്ച് വഴിപാടുകൾ അർപ്പിക്കുകയും, പ്രാർത്ഥിക്കുകയും അതുവഴി അനുഗ്രഹം പ്രാപിക്കുകയും ചെയ്യുന്ന പതിവ് ഇവിടങ്ങളിൽ കാണാറുണ്ട്. ഇത്തരുണത്തിൽ ചില കാര്യങ്ങൾ ചിന്തിക്കുന്നത് ഉചിതമായിരിക്കും. ഒന്നാമത്, സഹജീവികളോടുള്ള ദയയും കരുണയും സഹാനഭൂതിയും വളർത്തുവാനുള്ളതാണീ പെരുന്നാൾ. മുകളിൽ പറഞ്ഞ കൊട്ടാരം പണിയുടെ വിവരണത്തിലെ ഒരു പ്രധാന സംഭവമാണ് മാർത്തോമ്മ ശ്ലീഹായ്ക്ക് ലഭിച്ച ധനമെല്ലാം സാധുക്കൾക്ക് നല്കി എന്നുള്ളത്. അതിന്റെ പരിണിതഫലം കാരാഗൃഹവാസമായിരുന്നുവെങ്കിലും "മാനവ സേവ മാധവ സേവ"യായി പരിഗണിക്കുന്ന ഭാരതത്തിൽ കർത്താവിന്റെ ഉപദേശം അതുപോലെ നടപ്പിലാക്കി. വിശക്കുന്നവന് ഭക്ഷണവും, നഗ്നന് വസ്ത്രവും, രോഗികൾക്ക് ഔഷധവും സൗഖ്യവും നല്കി മനഷ്യസ്നേഹത്തിലൂടെ യേശു വിനെ വിശദീകരിച്ചു. പ്രസംഗത്തേക്കാളുപരി തന്റെ പ്രവർത്തികൾ അനേകരെ യേശുവിലേക്ക് അടുപ്പിച്ചു. വിശക്കുന്നവന് അപ്പമാണ് ദൈവം എന്ന സത്യം വിസ്മരിക്കാതെയിരിക്കുമ്പോഴാണ് ഓരോരുത്തനും യഥാർത്ഥ ക്രൈസ്തവനാകുന്നത്, നസ്രായനെ പിൻപറ്റുന്ന യഥാർത്ഥ നസ്രാണിയാകുന്നത്. "നിങ്ങൾ നിങ്ങളുടെ കതകുകൾ ആവശ്യക്കാരുടെ മുൻപിൽ തുറന്നില്ല, ആകയാൽ നി ങ്ങൾക്കും ദൈവരാജ്യം അടയക്കപ്പെട്ടിരിക്കും. നിങ്ങൾ ഒരു കഷണം റൊട്ടി കൊടുത്തില്ല, നിങ്ങൾക്കും നിത്യ ജീവൻ വിലക്കപ്പെടും" എന്ന് കൈസറി യായിലെ ബസേലിയോസ് എന്ന പിതാവ് നമ്മെ ഓർമ്മിപ്പിക്കുന്നു.

**രണ്ടാമത്,** ആധുനിക യുഗത്തിന് വെളിച്ചം പകരുന്നതാണീ പെരുന്നാൾ. "എന്റെ കർത്താവും എന്റെ ദൈവവുമേ" എന്ന പ്രഖ്യാപനത്തോടെ ഒരിളം പൈതലിനേപ്പോലെ, തന്റെ അരുമ നാഥന്റെ മാർവ്വിലണഞ്ഞ മാർത്തോമ്മാശ്ലീഹ, യേശുവുമായുള്ള സജീവ ബന്ധം തന്നെ പൂർണ്ണ വിശ്വാസത്തിലേക്ക് നയിച്ചു. തന്റെ കർത്താവിന്റെ ക്രൂശുമരണം ഏല്പ്പിച്ച ആഘാതം മാർത്തോമ്മാ ശ്ലീഹായെ ദുഃഖത്തിലും നിരാശയിലും ആഴ്ത്തിക്കളഞ്ഞു. അതിനാൽ ആ ദിവസങ്ങളിൽ കേട്ട കാര്യങ്ങൾ അംഗീകരിക്കുവാൻ പ്രയാസംതോന്നിയതു സ്വാഭാവികം മാത്രം. എങ്കിലും തന്റെ നാഥനെ കണ്ടമാത്രയിൽ അവയെല്ലാം മഞ്ഞുരുകന്നതുപോലെ ഇല്ലാതായിതീരുകയും തന്റെ ഉറച്ച പ്രഖ്യാപനം സഹശിഷ്യർക്ക് ലക്ഷ്യബോധമുണ്ടാക്കുകയും അത് ലോകത്തെ കീഴ്മേൽ മറിക്കുകയും ചെയ്തു. തന്റെ ജ്ഞാനവും വിവേകവും ബുദ്ധിയും ഹൃദയവും ഒരുപോലെ, മരണത്തെ തോല്പ്പിച്ചു ഉയിർത്തെഴുന്നേറ്റവനായ




ܡܪܝ ܘܐܠܗܝ

My Lord and My God

യേശു ക്രിസ്തുവിൽ സുദൃഢമാക്കി. നമ്മുടെ വിശ്വാസത്തിനടിസ്ഥാനമായ കന്യകാജനനം, പുനരുത്ഥാനം തുടങ്ങിയവയെക്കുറിച്ച് ആധുനിക മനുഷ്യനു സംശയം ഉണ്ടായേക്കാം. എന്നാൽ അതു നിരാശയിലേക്കോ, വെറുപ്പിലേക്കോ, പരിഹാസത്തിലേക്കോ അഗണ്യമായ ജീവിതത്തിലേക്കോ നയിക്കാതെ വിശ്വാസ സ്ഥിരതയിലേക്ക് നയിക്കുന്നതാകണം. "അസത്യേ വർത്മനി സ്തിത്വാ തതഃസത്യം സമീക്ഷതേ" (അസത്യമായ വഴിയിൽ നിന്നിട്ട് അനന്തരം സത്യം അന്വേഷിക്കുന്നു). പരമാർത്ഥതയോടെ അതന്വേഷിക്കുവാനുള്ള ഉൽസാഹമുണ്ടായാൽ സത്യത്തിലേക്കതു നയിക്കും. പൈതങ്ങളുടേതുപോലെയുള്ള വിനയത്തോടും അനുസരണത്തോടും, സ്നേഹത്തോടും ആശ്രയത്തോടും കൂടി അന്വേഷിക്കുന്നവർക്ക് യേശു ക്രിസ്തു സ്വയം വെളിപ്പെടുത്തിത്തരും. ഈയൊരു ബോധ്യം ആധുനിക ലോകത്തിന് കാണിച്ചുകൊടുത്ത മാർത്തോമ്മാ ശ്ലീഹായുടെ പെരുന്നാളാചരണം ഓരോരുത്തരുടേയും ചിന്തകളെ ഉദ്ദീപിപ്പിക്കുമെന്നതിന് സംശയമില്ല. ഇത് പെരുന്നാളാഘോഷത്തെ മഹത്ത്വപൂർണമാക്കുന്നു.

**മൂന്നാമതായി,** സഹനമാണ് ധീരത എന്ന് ഓർമ്മിപ്പിക്കുന്നതാണീ പെരുന്നാൾ."അവനോടുകൂടെ മരിക്കേണ്ടതിന് നാമും പോക" (യോഹ. 11:16) എന്നു പറഞ്ഞ് തന്റെ സഹോദരരായ സഹശിഷ്യരെ ധൈര്യശാലികളാക്കിയ മാർത്തോമ്മാ ശ്ലീഹ, ക്രിസ്തുവിനു വേണ്ടി മരിക്കുവാൻ തയ്യാറായി ഭാരതത്തിലേക്ക് വന്നതിന്റെ അനുസ്മരണം ഈ പെരുന്നാളിന്റെ പ്രത്യേകതയാണ്. കർത്താവിനെ ഏതു വിധേനയും നശിപ്പിക്കുവാൻ അവസരം നോക്കിയിരിക്കുന്ന യഹൂദരുടെ ഇടയിലേക്ക് പോകുവാൻ തുനിയുന്ന യേശുവിനെ അനുഗമിക്കുന്നത് അപകടകരമാണ് എന്നറിയാവുന്ന മാർത്തോമ്മ ശ്ലീഹ പിന്തിരിയുവാൻ തയ്യാറാവുന്നില്ല. കല്ലെറിയുവാൻ തയാറായി നടക്കുന്ന യഹൂദരോട് പോരാടുവാനല്ല മറിച്ച് സഹനത്തിലൂടെ നേരിടുവാനുള്ള കരുത്താണിവിടെ മാർത്തോമ്മാ ശ്ലീഹ കാണിക്കുന്നത്. പീലാത്തോസിന്റെ മുന്നിൽ യാതൊന്നും ഉരിയാടാതെ നിന്ന യേശുക്രിസ്തുവിന്റെ മൗനമാണ് ലോകം കണ്ടിട്ടുള്ളതിൽ വച്ചേറ്റവും വലിയ ശക്തി. സർവ്വവിനാശകാരിയായ ആറ്റംബോംബിനേക്കാൾ എത്ര മടങ്ങു ശക്തിയാണത്! ആർക്കും അളക്കുവാൻ കഴിയാത്ത ആ ശക്തിയാണ് ഏറ്റവും വലിയ ധൈര്യം. ആ ധൈര്യത്തിന്റെ ചെറിയ ഒരു പ്രതിഫലനമാണ് മാർത്തോമ്മ ശ്ലീഹായിൽ നാം ദർശിക്കുന്നതു. എന്തും നശിപ്പിക്കുവാൻ എളുപ്പമാണ്, ആർക്കും അതു സാധിക്കും. അതു ശക്തിയും ധൈര്യവുമാണെന്ന് തെറ്റിദ്ധരിച്ചു മുന്നോട്ടുഗമിക്കുന്ന ആധുനിക സമൂഹത്തിന് മാർത്തോമ്മാ ശ്ലീഹ നല്കുന്ന സന്ദേശമാണിത് : സഹനമാണ് ശക്തിയും ധൈര്യവുമെന്ന മഹത്തായ ദർശനം. നാസി ഭരണകാലത്ത് രക്തസാക്ഷിത്വംവരിച്ച ഡിട്രീച്ച് ബോൺഹോഫർ ഓർമ്മിപ്പിക്കുന്നു "ഒരുവനെ ക്രിസ്തു വിളിച്ചാൽ അതിനർത്ഥം മരിക്കുവാനാണ്"

ശേഷം 29-ാം പേജിൽ...




മലങ്കര സഭ മാസിക പ്രസിഡന്റും
കോട്ടയം ഭദ്രാസന
മെത്രാപ്പോലീത്തായുമായ
അഭി. ഡോ. യൂഹാനോൻ മാർ
ദീയസ്കോറോസ് തിരുമേനിക്ക്
പ്രാർത്ഥനാശംസകൾ...

മലങ്കര സഭ മാസിക



# ആരാധനഗീതത്തിലെ സാഹിത്യബോധം

ഡോ. മാത്യൂസ് മാർ തീമോത്തിയോസ്
മെത്രാപ്പോലീത്ത

ദൈവസാന്നിധ്യം ആഗ്രഹിച്ച് ചെയ്യുന്ന പ്രാർത്ഥനയാണ് ആരാധന. ആരാധന എന്നതു കൊണ്ട് എന്താണോ അർത്ഥമാക്കുന്നത്, അതിന്റെ സത്തയിൽ അതിനെ പൂർണ്ണമായും വെളിപ്പെടുത്തുവാൻ കഴിയില്ല. വ്യത്യസ്ത അനുഷ്ഠാനങ്ങളിലൂടെ മാത്രമെ അതിനെ മനസ്സിലാക്കുവാൻ കഴിയുകയുള്ളൂ. രഹസ്യാത്മകതയാണ് അതിൻറെ അന്തസത്ത. എന്നാൽ ആ രഹസ്യാത്മകതയിലേക്കുള്ള ഭൗതിക സാഹിചര്യങ്ങൾ ഒരുക്കുന്നത് വിശുദ്ധീകരിക്കപ്പെട്ട ഇടങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയുമാണ്. പരിശുദ്ധ ദൈവാലയം ആ തിരുകർമ്മത്തിനു നിദാനമാകുന്നു.

ദൈവം തങ്ങൾക്ക് നൽകിയ കൃപയുടെ, നന്മയുടെ പ്രതിഫലനമാണ് ആരാധനയിൽ അന്തർഭവിച്ചിരിക്കുന്നത്. സ്തുതികളും കീർത്തനങ്ങളും അതിൻറ ഭാഗമാണ്. പഴയനിയമത്തിലും പുതിയനിയമത്തിലും പാരമ്പര്യത്തിലും പല സ്തുതിപ്പുകൾ കണ്ടെത്താൻ കഴിയും. ഏറെയും ജീവിതാനുഭവങ്ങളിൽ നിന്നും ഉരുവം കൊണ്ടവയാണ്. അതാതു പ്രദേശത്തിൻറെ ഭാഷയും സാഹിത്യവും അതിൽ പ്രകടമാണ്.

ദൈവഭക്തി അടിസ്ഥാന വികാരമായി നിലനിൽക്കുന്നതിനാലും; ആർദ്രതയും സത്യസന്ധതയും അതിന്റെ അന്തർധാരയായി വർത്തിക്കുന്നതിനാലും അത് ഏതു കാലത്തിനും ദേശത്തിനും വിശ്വാസ സമൂഹത്തിന് സ്വീകാര്യമാകുകയും ചെയ്യുന്നു.

സൗഖ്യം പ്രാപിച്ചവരും; ദുഃഖത്തിൽ കഴിഞ്ഞവരും രോഗത്തിൽ നിന്നും വിടുതൽ പ്രാപിച്ചവരും; അപകടത്തിൽ നിന്നും രക്ഷപ്പെട്ടവരും; പാപത്തിൽ നിന്നും മോചനം ലഭിച്ചവരും ദൈവത്തിനു നന്ദി അർപ്പിക്കുന്നത് വൈകാരിക മനസ്സോടുകൂടിയാണ്. ഈ വൈകാരികത സ്തുതികളായി രൂപാന്തരപ്പെടുകയാണ്. ബോധപൂർവ്വം അല്ലാതെ തന്നെ താളവും ലയവും അവിടെ സന്നിവേശിതമാകുന്നു. എബ്രായർ ആരാധന കീർത്തനങ്ങളാലും, വാദ്യഘോഷങ്ങളാലും സ്തേത്രം അർപ്പിക്കുന്നത് വിശുദ്ധ വേദഭാഗങ്ങളിൽ നാം വായിക്കുന്നു. (പുറപ്പാട് 15: 20; 2ശമുവേൽ 6: 14).

ക്രൈസ്തവ സഭയിലെ ആദിമ സമൂഹം ഗീതങ്ങളും കീർത്തനങ്ങളും (എഫെ. 5:19, കൊലോ 3:16) ആരാധനയുടെ ഭാഗമായി നടത്തിയിരുന്നു. വിശ്വാസ സമൂഹത്തിൻറെ കൂടിവരവിൽ എല്ലാവരും ചേർന്ന് സ്തുതി അർപ്പിക്കുമ്പോൾ അതനൊരു ഏകതാനത കൈവരുന്നു. ചൊല്ലുകൾക്ക് അപ്പുറമുള്ള താള ദൈർഘ്യം മനസ്സിനെ കുറച്ചുകൂടി ഏകാഗ്രമാക്കുവാൻ സഹായിക്കുന്നു എന്ന തോന്നലിൽ നിന്നാണ് കീർത്തനങ്ങൾ ആരാധനയുടെ ഭാഗമായി തീരുവാനുള്ള അടിസ്ഥാന കാരണം.

ആദ്യകാലങ്ങളിൽ പരിശുദ്ധ സഭയുടെ ആരാധനയിൽ സുറിയാനിയിൽ നിന്നും കീർത്തനങ്ങൾ അതേപോലെ തന്നെയാണ് ഉപയോഗിച്ചിരുന്നത്. പൗരോഹിത്യ ശ്രേണിയിലുള്ളവർ അതിന്റെ അർത്ഥം ഗ്രഹിച്ചിരുന്നുവെങ്കിലും; വിശ്വാസ സമൂഹം അർത്ഥം അറിയാതെ തന്നെയായിരുന്നു അതു കേൾക്കുകയും ആവർത്തിക്കുകയും ചെയ്തിരുന്നത്. ഇതൊരു പരിമതിയായി കണ്ടതു കൊണ്ടാണ് വിവർത്തനത്തിൻറെ ആവശ്യകത ഉണ്ടായത്.

കുന്നംകുളത്തുള്ള പനയ്ക്കൽ യാക്കോബ് കത്തനാർ സുറിയാനി ക്രമങ്ങളിലുള്ള സ്തുതി കീർത്തനങ്ങൾ വൃത്താനുവൃത്തം തർജ്ജമ ചെയ്തു 'കീർത്തനമാല' എന്ന പേരിൽ 1844ൽ പ്രസിദ്ധീകരിച്ചു. 'ആണ്ടു തക്സ'യിലെ പല കീർത്തനങ്ങളും മലയാളത്തിലേക്ക് മൊഴിമാറ്റം ചെയ്തു ഇതിൽ ചേർത്തിരുന്നു. ഇതേ പേരിൽ കണ്ടത്തിൽ വറുഗീസ് മാപ്പിളയും ഒരു കൃതി (1901) പ്രസിദ്ധീകരിച്ചു. ഇതിൽ 56 കീർത്തനങ്ങളുണ്ട്. സാവേരി- ചെമ്പട, കമാശി, കാമോദരി, ഹിന്ദുസ്ഥാൻ തോടി, കുമ്മി, ഊശാനി തുടങ്ങിയ പ്രാദേശിക രാഗങ്ങളിൽ 'ആണ്ടു തക്സ', 'ആനീദാ' തുടങ്ങിയ ആരാധന ക്രമങ്ങളിലുള്ള കീർത്തനങ്ങൾ അർത്ഥഭേദം വരാതെ തന്നെ വിവർത്തനം ചെയ്തിരുന്നു. പല വിവർത്തനങ്ങളും ഇമ്പമായി ചൊല്ലുന്നതിന് തടസ്സം നേരിടുകയും ചെയ്തിരുന്നു.

'കൃംതാ നമസ്കാര'ത്തിന്റെയും 'കുർബാനക്രമ'ത്തിന്റെയും കീർത്തന ഭാഗങ്ങളുടെ പരിഭാഷ ഞായറാഴ്ച ദിവസങ്ങളിൽ ഉപയോഗിക്കേണ്ടുന്നതിനായി പരിശുദ്ധ പരുമല തിരുമേനി വിവർത്തന ദൗത്യം ആരംഭിച്ചെങ്കിലും അദ്ദേഹത്തിന്റെ കൃത്യാന്തരബാഹുല്യം നിമിത്തം പൂർത്തിയാക്കുവാൻ കഴിയാതെയായി. ഈ ദൗത്യം ശിഷ്യന്മാരായ വട്ടശ്ശേരിൽ ഗീവറുഗീസ് കത്തനാർ, കോനാട്ട് മാത്തൻ കത്തനാർ എന്നിവരെ ഏല്പിച്ചു. പരിശുദ്ധ പരുമല തിരുമേനിയുടെ സുറിയാനി മട്ടിലുള്ള മലയാള തർജ്ജമ ഈ ശിഷ്യന്മാർ സുറിയാനി മൂലത്തോട് ഒത്തുനോക്കുകയും തിരുത്തലുകൾ വരുത്തുകയും ചെയ്തു. സുറിയാനി വൃത്തങ്ങൾക്കു ഭേദം കൂടാതെ ക്രമപ്പെടുത്തുന്നതിനായി കണ്ടത്തിൽ വറുഗീസ് മാപ്പിളയുടെ സഹായവും ലഭിച്ചിരുന്നു. ചില സന്ദർഭത്തിൽ കാവ്യ- കഥാ രചയിതാ





വായ കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ സഹായവും തേടിയിരുന്നു. കഴിയുന്നത്ര ശുദ്ധവും യഥാതഥ വിവർത്തനവും ആയിരിക്കണം എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. കൂട്ടായ പരിശ്രമത്തിന്റെ ഫലമായിട്ടാണ് 'കൃംതാ നമസ്കാര'ത്തിന് ശുദ്ധിയും തെളിമയും താളാത്മകതയും കൈവന്നത്. ഈ പരിഭാഷയാണ് കാര്യമായ തിരുത്തലുകൾ കൂടാതെ തന്നെ ഇന്നും ഉപയോഗത്തിലിരിക്കുന്നത്.

ഈ ഗണത്തിലെ ശ്രദ്ധേയമായ മറ്റൊരു വിവർത്തനമാണ് 1910ൽ പ്രസിദ്ധീകരിച്ച മലങ്കര മല്പാൻ കോനാട്ട് മാത്തൻ കോർ എപ്പിസ്കോപ്പയുടെ 'നിത്യപ്രാർത്ഥനാക്രമം.' പാമ്പാക്കുട നമസ്കാരം എന്ന പേരിലാണ് ഇതറിയപ്പെടുന്നത്. മട്ടയ്ക്കൽ അലക്സന്ത്രോസ് കത്തനാരുടെ വി.കുർബാന തക്സാ പരിഭാഷയും (1940) പരാമർശം അർഹിക്കുന്നു.

പുലിക്കോട്ടിൽ യൗസേഫ് ശെമ്മാശൻ, ചെറുവത്തൂർ കുറിയാക്കോസ് കത്തനാർ എന്നിവരുടെ ശ്രമഫലമായി കുന്നംകുളത്തു നിന്നും 'കഷ്ടാനുഭവ ആഴ്ചയിലെ പ്രുമിയോൻ- സെദറാകൾക്ക്' പരിഭാഷ ഉണ്ടായി. കോട്ടയം പരിഭാഷകൾക്ക് ശുദ്ധത വരുത്തിയത് കൊട്ടാരത്തിൽ ശങ്കുണ്ണി ആണെങ്കിൽ; കുന്നംകുളം വിവർത്തനങ്ങളിൽ ആ ദൗത്യ നിർവ്വഹണം മഹാകവി വള്ളത്തോളിൻറേതായിരുന്നു.

അർത്ഥം അറിഞ്ഞ് ദൈവത്തെ ആരാധിക്കണമെന്ന ആശയത്തിന് പ്രചാരം നൽകിയത് എം.പി.പത്രോസ് ശെമ്മാശനാണ് (പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത). വിശ്വാസ സമൂഹത്തിൽ ഈ ആശയത്തിന് വേരോട്ടം ഉണ്ടായി.

പരിശുദ്ധ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്ക ബാവയുടെ കല്പനപ്രകാരം പരിശുദ്ധ വട്ടക്കുന്നേൽ വി.കെ.മാത്യൂസ് കശ്ശീശാ (പരിശുദ്ധ വട്ടക്കുന്നേൽ ബാവ) ഒരു നിയോഗം പോലെ ഇവിടെക്കുവന്നു. ഒപ്പം വെണ്ണിക്കുളംകാരനായ സി.പി.ചാണ്ടി എന്ന ഭാഷാധ്യാപകനും.

'ദുഃഖവെള്ളിയാഴ്ച നമസ്കാരം', 'സ്ലീബാ വന്ദനവ് ഗീതങ്ങൾ', 'കാൽകഴുകൾ ശുശ്രൂഷ', 'പൂർണ്ണ ദുഃഖവെള്ളിയാഴ്ച നമസ്കാരം' എന്നിവ ലഭ്യമായതോടെ കുർബാന ക്രമങ്ങളും കൂദാശക്രമങ്ങളും ഹൂത്തോമ്മാകളും ഏതാണ്ട് പൂർണ്ണമായും മലയാളഭാഷയിലായി. വിവർത്തനത്തിൽ സ്വാതന്ത്ര്യം ഒട്ടും ഇല്ലാത്ത കീർത്തനങ്ങളാണ് സുറിയാനിൽ ഉള്ളത്. മീറ്ററിൽ (ലയം) തന്നെവേണം അതു നിർവ്വഹിക്കുവാൻ. മലയാളവുമായി പുലബന്ധമില്ലാത്ത സുറിയാനി ഭാഷയിൽ നിന്നാണ് അതേ താളത്തിലുള്ള വിവർത്തനങ്ങൾ മലയാളത്തിൽ വാർന്നുവീണതെന്ന് തിരിച്ചറിയുമ്പോഴാണ് അതിന്റെ പിന്നിലെ പ്രവർത്തനം പരിശുദ്ധാത്മാവിൻറെ നിറവാണെന്നു മനസ്സിലാകുന്നത്.

അനേകം പരിശുദ്ധന്മാരുടെയും പ്രതിഭാശാലികളായ ആത്മായരുടെയും കാവ്യസംസ്കൃതിയോടെയുള്ള സമീപനത്തിന്റെ ഫലമായിട്ടാണ് മലങ്കര സഭയുടെ ആരാധന അർത്ഥഗാംഭീര്യവും സാഹിത്യമേന്മയുമുള്ളതായി രൂപാന്തരപ്പെട്ടത്. ആരാധനയിലെ സാഹിത്യഭംഗി അതിൽ പങ്കെടുക്കുന്നവരുടെ ആത്മീയ നവോന്മേഷത്തിനു ഇടയാക്കുന്നതാണ്. എത്ര ഹൃദ്യമാണ് ഈ ആരാധന രീതി എന്ന് സഭാംഗങ്ങൾ അല്ലാത്തവരും അഭിപ്രായപ്പെട്ടിട്ടുണ്ടല്ലോ. അഭൗമമായ ഒരന്തരീക്ഷം സൃഷ്ടിക്കുവാൻ കഴിയുന്നു.

'കരളലിവേറീടും താതാ!-
നിരുപമകരുണാ സാഗരമേ!
ദിനമിതിലങ്ങേയ്ക്കർപ്പിച്ചോ-
രിത്തിരു ബലിയെ കൈക്കൊൾക്'

ഊർശ്ലേമിലെ മാർ ഗ്രീഗോറിയോസ് പാത്രിയർക്കീസിന്റെ ഹൂത്തോമൊ എന്നോ, മാർ അപ്രേമിന്റെ രാഗമെന്നോ ഒന്നും അറിയാതെതന്നെ പാടുന്നതു.

'വാഴ്ത്തുക ഞങ്ങളെ ദേവേശാ!
കാത്തരുളുക നിർമ്മാതാവേ!
കർത്താവേ! തുണയായവനേ!
കാണിക്കണമേ ജീവവഴി'

'പാപത്താലീ നരരിൽ ചേർന്നൊരു മരണക്കാസാ
പാനം ചെയ്തിട്ടുലകം തരണം ചെയ്തൊരു ദാസൻ/
ദാസി
വലതുവശത്തെ ച്ചോരനുതുല്യം നിൻ സഹവാസം
നേടീടണമേ നിഖിലാധിപതേ വിമലർക്കൊപ്പം.

പങ്കിലമാമീയുലകീലമർന്നൊരു നിൻ ദാസൻ തൻ
ദോഷങ്ങളെ നിൻ കരുണക്കടലിൽ പോക്കീടണമേ
നിത്യസമർപ്പിതമായിത്തുടരും നിന്നുടെ ബലിയാൽ
ശാശ്വതമാകും സൗഭാഗ്യത്തിൽ മോദിക്കണമേ'
(അനുതാപികൾക്കുവേണ്ടിയുള്ളത്, പരേതർക്കുവേണ്ടി)

'ബലിയോടജഗണപാലനമതിനായ് വിളികൊണ്ടോനും
ഭുവനസമുദ്രത്തിരമാലകളിൽ നടകൊണ്ടോനും
മനസാവാചാ കൃതിയാൽ ചെറുതാം കുറവുള്ളോനും
സവിധമണഞ്ഞാനതിനാലിവനിൽ കൃപ ചെയ്യണമേ.

പാന്ഥന്മാരിൽ പാഴ്ചെളിതേയ്ക്കും പാതകലോകേ
വൈദികനിവനിൽ പറ്റിയ കുറ്റം പോക്കീടണമേ
നിർമ്മല വൈദിക നിവഹം തന്നിൽ ചേർക്കണമിവനെ
മാനസകൃപയോടു മോദമെഴും നിൻ മണിയറ തന്നിൽ'
(വൈദികരുടെ ഓർമ്മ)

'സന്ദേഹത്താൽ സാക്ഷാൽ കർത്താവാം ദൈവത്തെ
തെളിവായറിവാൻ ജ്ഞാനം നേടിയ തോമ്മാശ്ലീഹാ
സുവിശേഷിപ്പാൻ പലനാടുകളിൽ ചുറ്റി നടന്നാൻ
ഒടുവിൽ ദക്ഷിണ ഭാരതമതിലൊരു ഖലനാൽ
ഹതനായ്..'
(മാർ തോമ്മാശ്ലീഹായുടെ ഓർമ്മ)

ഇങ്ങനെ എത്രയോ ഭാഗങ്ങൾ വിശ്വാസത്തെ കാവ്യാനുബന്ധമായി വിശുദ്ധ ആരാധനയിൽ ചേർത്തിരിക്കുന്നു. എത്ര അയത്നലളിതമായിട്ടുള്ള വിവർത്തനമാണിതെല്ലാം. ഒട്ടും ക്ലിഷ്ടതയില്ല. ഒരിടത്തും അർത്ഥഭംഗവുമില്ല. തുഞ്ചത്ത് രാമനുജൻ എഴുത്തച്ഛന്റെ പാട്ടുപാരമ്പര്യം തന്നെയാണ് വിവർത്തനത്തിലാകെ മാതൃകയും മാനദണ്ഡവുമായതെന്നു വ്യക്തം. ഭക്ത്യാന്തരീക്ഷം നിലനിർത്തുന്നതോടൊപ്പം കാവ്യാസ്വാദനക്ഷമതയും സാഹിത്യവും ഗുണവും ആരാധനയ്ക്ക് ഏറെ സവിശേഷത നൽകുന്നു. ബൈബിൾ വിവർത്തനത്തിലുണ്ടായ സവിശേഷത ആരാധന കീർത്തനങ്ങളുടെ വിവർത്തനത്തിലും സംഭവിച്ചിരിക്കുന്നു എന്നത് സുവ്യക്തം.




ഡോ. സിബി തരകൻ

4

Youth Junction

# സ്ത്രീ ശാക്തീകരണവും ലിംഗ സമത്വവും

ഏതൊരു സമൂഹത്തിന്റെയും പുരോഗതിക്ക് നിർണായകമായ മൗലികാവകാശങ്ങളാണ് സ്ത്രീ ശാക്തീകരണവും ലിംഗ സമത്വവും. വൈവിധ്യം നിറഞ്ഞതും സങ്കീർണ്ണതകൾ ഉള്ളതുമായ നമ്മുടെ രാജ്യത്ത്, ഇത് കൈവരിക്കുന്നത് ഒരു വെല്ലുവിളിയാണ്.

ലിംഗഭേദത്തെക്കുറിച്ചു സമൂഹത്തിൽ ആഴത്തിൽ വേരൂന്നിയിട്ടുള്ള ധാരണകൾ മുതൽ, സ്ത്രീകളെക്കുറിച്ചുള്ള സാമൂഹിക പ്രതീക്ഷകൾ വരെ, സമത്വത്തിലേക്കുള്ള യാത്രയ്ക്ക് വെല്ലുവിളികൾ ഉയർത്തുന്നു. സഭയ്ക്കുള്ളിലെ അനുഭവങ്ങളും വ്യത്യസ്തമല്ല.

**യുവതികൾ നേരിടുന്ന വെല്ലുവിളികൾ:**

**1. ലിംഗ അസമത്വം (Gender Inequality):** നിയമനിർമ്മാണ രംഗത്ത് പുരോഗതി ഉണ്ടായിട്ടും, ലിംഗ അസമത്വം വിവിധ രൂപങ്ങളിൽ നിലനിൽക്കുന്നു. വിദ്യാഭ്യാസം, തൊഴിൽ, സ്വന്തമായ തീരുമാനമെടുക്കൽ എന്നിവയിൽ വനിതകൾ വിവേചനം നേരിടുന്നുണ്ട്. പുരുഷാധിപത്യ മാനദണ്ഡങ്ങളാണ് സാമൂഹത്തിന്റെ ചലനത്തെ എന്നും നിയന്ത്രിച്ചിട്ടുള്ളത്. വളർച്ചയ്ക്കും സ്വയം നിർണ്ണയത്തിനുമുള്ള സ്ത്രീകളുടെ അവസരങ്ങളെ ഇത് പരിമിതപ്പെടുത്തുന്നു.

**2. സാമൂഹിക പ്രതീക്ഷകൾ :** പരമ്പരാഗത ലിംഗ ബോധം, പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേക റോളുകളും (roles) പെരുമാറ്റങ്ങളും നിർദ്ദേശിക്കുന്നു. വ്യക്തിപരവും തൊഴിൽപരവുമായ അഭിലാഷങ്ങളേക്കാൾ വിവാഹത്തിനും മാതൃത്വത്തിനും മുൻഗണന നൽകാൻ യുവതികളെ സമൂഹം സമ്മർദ്ദം ചെലുത്തുന്നുണ്ട്. ഈ സാമൂഹിക സമ്മർദ്ദം അവരുടെ സ്വാതന്ത്ര്യത്തെ വെട്ടിക്കുറയ്ക്കുകയും വിദ്യാഭ്യാസ- തൊഴിൽ ലക്ഷ്യങ്ങളെ തടയുകയും ചെയ്യുന്നു.

**3. സാമ്പത്തിക ശാക്തീകരണം:** സ്ത്രീ ശാക്തീകരണത്തിന് സാമ്പത്തിക സ്വാതന്ത്ര്യം നിർണായകമാണ്. എന്നാൽ, വിദ്യാഭ്യാസ നിഷേധം, കുറഞ്ഞ വേതനം, നിയമന രീതികളിലെ വിവേചനം തുടങ്ങിയവ സ്ത്രീകളുടെ സാമ്പത്തിക അവസരങ്ങൾ പരിമിതമാക്കുന്നു. ബന്ധുക്കളായ പുരുഷന്മാരെ സാമ്പത്തികമായി ആശ്രയിക്കുന്നത്തിലേക്കാണ് ഇത് എത്തിച്ചേരുക.

ചില സഭകളിൽ , നേതൃത്വപരമായ ചുമതലകൾ പ്രധാനമായും പുരുഷൻമാർക്കാണ്. ഇത് പുരുഷ മേധാവിത്വത്തെ നിലനിറുത്തുകയും തീരുമാനമെടുക്കൽ പ്രക്രിയകളിൽ സ്ത്രീകളുടെ പങ്കാളിത്തം നിയന്ത്രിക്കുകയും ചെയ്യുന്നു. തങ്ങളുടെ ആത്മീയവും വ്യക്തിപരവുമായ വികസനത്തേക്കാൾ ഗാർഹിക ചുമതലകൾക്ക് മുൻഗണന നൽകാൻ അവർ പ്രേരിപ്പിക്കപ്പെടുന്നു.

സാമ്പത്തിക ശാക്തീകരണത്തിനുള്ള അവസരങ്ങളോ വിഭവങ്ങളോ പലപ്പോഴും ലഭ്യമല്ല. മൈക്രോഫിനാൻസ് സഹായവും തൊഴിലധിഷ്ഠിത പരിശീലനവും നൽകുന്നതിലൂടെ സാമ്പത്തിക സ്വയംഭരണം ഗണ്യമായി വർദ്ധിപ്പിക്കാനും മൊത്തത്തിലുള്ള ശാക്തീകരണത്തിന് സംഭാവന നൽകാനും കഴിയും.

**ശക്തീകരണം ആവശ്യമാണ് :**

ലിംഗ വിവേചനത്തെ വെല്ലുവിളിക്കുന്നതിനും വനിതകളെ ശക്തീകരിക്കുന്നതിനുമുള്ള ശക്തമായ ഉപകരണമാണ് വിദ്യാഭ്യാസം. നിലവാരമുള്ള വിദ്യാഭ്യാസം, ലിംഗ സംവേദനാത്മകമായ (gender sensitive) പാഠ്യപദ്ധതി എന്നിവയിലൂടെ, സമൂഹത്തിന്റെ പ്രതീക്ഷകളെ വെല്ലുവിളിച്ചു, സ്വന്തം അഭിലാഷങ്ങൾ പിന്തുടരുന്നതിനുള്ള അറിവും വൈദഗ്ധ്യവും ഉണ്ടാക്കിയെടുക്കാൻ സ്ത്രീകൾക്ക് കഴിയും.

സാമ്പത്തിക ശാക്തീകരണത്തിനുള്ള വഴികൾ സൃഷ്ടിക്കേണ്ടത്, ലിംഗ അസമത്വത്തിന്റെ ചക്രവ്യൂഹം തകർക്കുന്നതിന് അത്യാവശ്യമാണ്. സംരംഭകത്വം, തൊഴിൽ പരിശീലനം, തുല്യ തൊഴിലവസരങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിലൂടെ, സാമ്പത്തിക സ്വാതന്ത്ര്യം നേടാനും അവകാശങ്ങൾ ഉറപ്പിക്കാനും കഴിയും.

ലിംഗ ബോധവുമായി ബന്ധപ്പെട്ട അസമത്വം പരിഹരിക്കുന്നതിന്, സ്ഥാപനങ്ങളിലും സമൂഹത്തിലും പരസ്പര സംവാദത്തിന്റെയും പിന്തുണയുടെയും സംസ്കാരം വളർത്തിയെടുക്കണം. ലിംഗപരമായ പ്രശ്നങ്ങളെക്കുറിച്ച് അവബോധം വളർത്തുക, വിവേചനപരമായ സമ്പ്രദായങ്ങളെ വെല്ലുവിളിക്കുക, മാർഗനിർദേശവും ഉൽബോധനവും നൽകുക എന്നിവയിലൂടെ സ്ത്രീ ശാക്തീകരണത്തിന് സാധ്യമായ അന്തരീക്ഷം സൃഷ്ടിക്കാൻ കഴിയും.

നീതിയുക്തവും സമഗ്രവുമായ (inclusive) ഒരു സമൂഹം കെട്ടിപ്പടുക്കുന്നതിന് ലിംഗസമത്വവും സ്ത്രീശാക്തീകരണവും അത്യന്താപേക്ഷിതമാണ്. വിദ്യാഭ്യാസം, സാമ്പത്തിക അവസരങ്ങൾ, പരസ്പര സംവാദം എന്നിവയിലൂടെ, സാമൂഹിക മാനദണ്ഡങ്ങളെ വെല്ലുവിളിച്ചുകൊണ്ട് വനിതകളെ ശാക്തീകരിക്കാൻ കഴിയും. സ്ത്രീകൾ നേരിടുന്ന വെല്ലുവിളികളെ അംഗീകരിക്കുകയും അഭിസംബോധന ചെയ്യുകയും ചെയ്യുന്നതിലൂടെ, പ്രത്യേകിച്ച് സഭയുടെ പശ്ചാത്തലത്തിൽ, സമത്വവും ശാക്തീകരിക്കപ്പെട്ടതുമായ ഭാവി സൃഷ്ടിക്കുന്നതിനായി നമുക്ക് പ്രവർത്തിക്കാം.



# വചനദീപ്തി

ഫാ. ഡോ. തോമസ് പി. സഖറിയ

**2024 ജൂൺ 16**
**പെന്തിക്കൊസ്തിക്കു ശേഷം നാലാം ഞായർ**
**മത്തായി 14: 14 - 23**

പെന്തിക്കൊസ്തിക്കു ശേഷം വരുന്ന ഞായറാഴ്ചകളിലെ ഏവൻഗേലിയോൻ വായനകളിൽ യേശുതമ്പുരാൻ അപ്പവും മീനും കൊണ്ട് ആയിരങ്ങളെ പോഷിപ്പിച്ച സംഭവങ്ങളുടെ വിവരണങ്ങൾ പലവുരു ചേർത്തിട്ടുണ്ട് എന്നു കാണാം. യോഹന്നാന്റെ സുവിശേഷം ആറാം അദ്ധ്യായത്തിൽ ജീവന്റെ അപ്പത്തെക്കുറിച്ച് കർത്താവ് പഠിപ്പിക്കുന്ന ഭാഗങ്ങളും ഒന്നിലേറെ പ്രാവശ്യം വായിച്ചു കേൾക്കുന്നുണ്ട്. കൂടാതെ പന്തിരുവരെയും വേറെ എഴുപതുപേരെയും തെരഞ്ഞെടുത്ത് അയയ്ക്കുന്നതിനെക്കുറിച്ചുള്ള വിവരണങ്ങളും നമ്മുടെ വായനാ ഭാഗങ്ങളിലുണ്ട് എന്ന് കാണുന്നു. നമുക്ക് ലഭിച്ച അപ്പൊസ്തോലികത്വത്തെക്കുറിച്ച് ധ്യാനിക്കുവാനുള്ള അവസരം കൂടെയാണിത്. പെന്തിക്കൊസ്തിയിലൂടെ പരിശുദ്ധാത്മ പുതുക്കം പ്രാപിച്ച നമ്മുടെ ജീവിതത്തിന്റെ ആത്മീക വിശപ്പിന് പരിഹാരം ക്രിസ്തു എന്ന ജീവനുള്ള അപ്പവും, നിത്യജീവന്റെ ആഹാരവുമാകുന്നു എന്ന സത്യം നാം ധ്യാനിക്കുന്നു.

### 1. മഹാദയയും മനസ്സലിവും പ്രവൃത്തിയിലൂടെ കാട്ടിത്തന്ന കർത്താവ്

സുവിശേഷങ്ങളെല്ലാം വരച്ചു കാട്ടുന്നത് മഹാദയയും മനസ്സലിവും ഉള്ളവനായ കർത്താവിനെയാണ്. കേവലം വാക്കുകൾ മാത്രമായിരുന്നില്ല, തന്റെ ഉണ്മയുടെ ആഴങ്ങളിൽ നിന്ന് പ്രവഹിച്ച സ്നേഹത്തിന്റെ പ്രവർത്തനങ്ങളാണ് ക്രിസ്തുവിൽ നിന്ന് എന്നും ഉണ്ടായത്.

വിചാരങ്ങളെ അറിയുന്നവൻ, ബോധങ്ങളെ തൂക്കി നോക്കുന്നവൻ, വാക്കുകളെയും പ്രവൃത്തികളെയും ശോധന ചെയ്യുന്നവൻ - ഇങ്ങനെ അനുനിമിഷം നമ്മെ അറിയുന്ന നമ്മുടെ രക്ഷകൻ നിറഞ്ഞ സ്നേഹത്തോടെ നമ്മെ കരുതുന്നവനുമാണ് എന്ന് നമുക്കറിയാമല്ലോ. 'പിതാവിനോടുള്ള സമത്വം മുറുകെപ്പിടിക്കാതെ ദാസരൂപമെടുത്ത്, വേഷത്തിൽ മനുഷ്യനായി വിളങ്ങിയവൻ', പാപമൊഴികെ സകലത്തിലും നമ്മെപ്പോലെ ആയവനാണ്. തന്റെ വചനം കേട്ട് തന്നോടൊപ്പം ആയിരുന്ന ജനത്തിന്റെ വിശപ്പിനെക്കുറിച്ചും ദാഹത്തെക്കുറിച്ചും കരുതലുള്ള കർത്താവ് മനസ്സലിവോടെ അവരുടെ രോഗങ്ങളെ സൗഖ്യമാക്കി (മത്തായി 14: 14) രക്ഷകനായ കർത്താവ് നമുക്ക് പിതൃനിർവിശേഷമായ കരുതലും, മാതൃനിർവ്വിശേഷമായ സ്നേഹവും, സഹോദര തുല്യമായ പരിഗണനയും നൽകുന്നവനാണ്. വലിയ പ്രത്യാശയാണ് ഇതിലൂടെ നാമോരോരുത്തർക്കും നൽകപ്പെട്ടിരിക്കുന്നത്. കർത്താവിന്റെ വഴിയെ നാം നടക്കേണ്ടത് ശിക്ഷകളെ ഭയക്കുന്നതുകൊണ്ടോ, കർശനമായ അച്ചടക്കം അടിച്ചേല്പിക്കപ്പെടുന്നതുകൊണ്ടോ ആകരുത്.

'ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു' എന്ന് ശ്ലീഹന്മാർ പറഞ്ഞുവല്ലോ. കരുണയും മനസ്സലിവും ഉള്ളവനായ ക്രിസ്തുവിന്റെ സ്നേഹം നമ്മെ നിർബന്ധിക്കുന്ന സ്നേഹവും നമുക്ക് എന്നും ആശ്വാസവും ബലവുമാണ്. ഓരോ കൂദാശയിലും, വിശേഷിച്ച് ഓരോ വി. കുർബാനയിലും, ഈ വലിയ സ്നേഹത്തിന്റെ കവിഞ്ഞൊഴുക്കാണ് നാം അനുഭവിക്കുന്നത്.

### 2. അദ്ധ്വാനഫലത്തിൽ ക്രിസ്തുവിന്റെ പ്രവൃത്തി അതിശയകരമായ പോഷണത്തിന്.

അഞ്ചപ്പം കൊണ്ട് അയ്യായിരത്തെ പോഷിപ്പിച്ച സംഭവം പഴയ നിയമ പെന്തിക്കൊസ്തിയുടെ പശ്ചാത്തലവുമായി ചേർത്തു ചിന്തിക്കാം. പെന്തിക്കൊസ്തി പ്പെരുന്നാൾ കൊയ്ത്തു പെരുന്നാളും ആദ്യഫല പെരുന്നാളും ആയിരുന്നു. പുതിയ ധാന്യം കൊണ്ട് യഹോവയ്ക്ക് അന്ന് ഭോജന യാഗം സമർപ്പിക്കപ്പെട്ടിരുന്നു (സംഖ്യാ 28:26). അദ്ധ്വാനഫലം ദൈവസന്നിധിയിൽ സമർപ്പിക്കുന്നത് ദൈവകൃപയ്ക്കുള്ള കൃതജ്ഞതാസമർപ്പണത്തിനും, അനുഗ്രഹവർഷം തുടർന്നും പ്രാപിക്കുന്നതിനും വേണ്ടിയായിരുന്നു.

യേശു തമ്പുരാന്റെ പക്കൽ സമർപ്പിക്കപ്പെട്ട അഞ്ചപ്പവും രണ്ടു മീനും അവരുടെ അദ്ധ്വാന ഫലമായിരുന്നു. വലിയ പുരുഷാരത്തിന്നിടയിലും ആ ചെറിയ പങ്ക് വിസ്മരിക്കപ്പെടുന്നില്ല; മാത്രമല്ല അത് കർത്താവിന്റെ പക്കലേക്ക് കൊണ്ടുവരപ്പെടുകയും ചെയ്യുന്നു. കർത്താവ് അത് എടുത്തു, സ്വർഗത്തേക്കു നോക്കി വാഴ്ത്തി, അപ്പം നുറുക്കി ശിഷ്യന്മാർക്കും, ശിഷ്യന്മാർ പുരുഷാരത്തിനും നൽകി. 5000 പുരുഷന്മാരും, അവിടെ കൂടിയ സ്ത്രീകളും കുഞ്ഞുങ്ങളും തിന്ന് തൃപ്തിയായ ശേഷമുള്ള കഷണങ്ങൾ 12 വലിയ കുട്ടകളിൽ ശേഖരിച്ചു. ക്രിസ്തുവിന്റെ പക്കൽ സമർപ്പിക്കപ്പെട്ട ചെറിയ കാഴ്ച അനേകായിരങ്ങളുടെ വിശപ്പകറ്റുവാൻ പര്യാപ്തമാംവിധം വർദ്ധിക്കുന്നു. പ്രകൃതിയുടെ നിയമങ്ങൾക്കപ്പുറവും, നമുക്ക് പരിചിതമായ ലോകത്തിന്റെ കാഴ്ചപ്പാടുകൾക്ക് ഉപരിയായും പ്രവർത്തിക്കുവാൻ പ്രാപ്തിയുള്ളവനായ ക്രിസ്തുവിനെ നമുക്ക് കാണാം. നമ്മുടെ ക്ഷമതകൾ, കഴിവുകൾ - എല്ലാം ക്രിസ്തുവിന്റെ പക്കലേക്ക് കൊണ്ടുവരുവാൻ നമുക്ക് കഴിയട്ടെ. അതിലൂടെ നാം ആഗ്രഹിക്കുന്നതിലും അപ്പു

രമായി നമ്മിൽ പ്രവർത്തിക്കുവാൻ കർത്താവിന് കഴിയും. അഞ്ചപ്പവും രണ്ടു മീനും കൊണ്ടുവന്നവൻ അതുകൊണ്ട് സ്വന്ത വിശപ്പാറ്റുവാനല്ല, കർത്താവിന്റെ ആഹ്വാനം ചെവിക്കൊൾവാനാണ് ശ്രദ്ധിച്ചത്. സ്വന്ത സമ്പത്തുകൾ അപരനോടുള്ള കരുതലിനെ പ്രതി വിനിയോഗിക്കുവാനുള്ള മഹത്വം ഇവിടെ ദർശിക്കാം.

### 3. ശിഷ്യത്വത്തിന്റെ മഹത്വം അഭ്യസിപ്പിക്കുന്ന കർത്താവ്

അഞ്ചപ്പവും രണ്ടു മീനും കൊണ്ട് പുരുഷാരത്തെ പോഷിപ്പിച്ച സംഭവത്തിൽ ശിഷ്യന്മാർ ജനത്തിനും, സ്വന്തഗുരുവിനും മദ്ധ്യവർത്തികളാകുന്നു. ജനത്തെക്കുറിച്ചും അവരുടെ പൈദാഹങ്ങളെക്കുറിച്ചും അവർക്ക് സഹതാപമുണ്ട്. എന്നാൽ സഹതാപത്തിനപ്പുറം, ജനത്തിന്റെ നേതാക്കളായി നിന്ന് ചിട്ടയോടെ പ്രവർത്തിക്കുക എന്ന നിയോഗത്തിനുള്ള പരിശീലനമാണിവിടെ നൽകപ്പെടുന്നത്. അതോടൊപ്പം, അവരെ വിളിച്ച് വേർതിരിച്ച് ശിഷ്യത്വത്തിലേക്ക് പ്രവേശിപ്പിച്ച കർത്താവിന്റെ ദിവ്യത്വത്തിന്റെ വെളിപ്പെടുത്തൽ കൂടെയാണിത്. നിയോഗം ഭരമേൽപ്പിച്ചവൻ അവയുടെ പൂർത്തീകരണത്തിന് പ്രാപ്തനുമാണ്; അതിനാൽ തന്നെ ഉപേക്ഷിക്കാതെ അവരെ ചേർത്തുനിറുത്തുന്ന ഗുരുവിന്റെ കൃപ അവരുടെ മേലുണ്ട് എന്ന ഉറച്ച ബോദ്ധ്യത്തിലേക്ക് അവരെ

നയിക്കുന്നതിനും ഈ സംഭവം മുഖാന്തിരമായിത്തീരുന്നു. മാനുഷികമായ പ്രശ്നപരിഹാരത്തിനുമപ്പുറമുള്ള സാദ്ധ്യതകൾ ക്രിസ്തുവിന്റെ ഇടപെടലിലൂടെ സാദ്ധ്യമാകുന്നു. 'ഭക്ഷണം കൊൾവാൻ ജനത്തെ പറഞ്ഞയയ്ക്കണമേ' എന്നാണ് കർത്താവിനോട് ശിഷ്യന്മാർ ആവശ്യ പ്പെടുന്നത്. എന്നാൽ അവർക്ക് യേശു തമ്പുരാൻ ചുമതല നൽകുന്നു: 'നിങ്ങൾ അവർക്ക് ഭക്ഷിപ്പാൻ നൽകുവിൻ'. കർത്താവിനെ അനുഗമിച്ച പുരുഷാരത്തിന്റെ പക്കൽ എന്തുണ്ട് എന്നന്വേഷിച്ച് കണ്ടെത്തിയതും, അത് കർത്താവിന്റെ പക്കൽ ഏൽപ്പിച്ചതും, ജനത്തെ പന്തികളായി ഇരുത്തിയതും, യേശു വാഴ്ത്തി നുറുക്കി നൽകിയ അപ്പക്ഷണങ്ങൾ വിളമ്പിയതും, ശേഷിച്ചവ തിരികെ ശേഖരിച്ചതും - ഇവയെല്ലാം ശിഷ്യന്മാരുടെ ചുമതലകളായി മാറി. ഗുരുവിന്റെ നിയോഗം ശിരസാവഹിച്ചവർ ജനങ്ങളുടെ നേതൃത്വത്തിന് നിയമിക്കപ്പെടുന്ന കാഴ്ചയും ഇവിടെ കാണാം.

പ്രഭാതത്തിന്റെ ഏവൻഗേല്യോൻ ഭാഗം (ലൂക്കോസ് 10:17-24) കർത്താവ് തനിക്കുമുമ്പായി താൻ ചെല്ലുവാനുള്ള ഓരോ പട്ടണത്തിലേക്കും ഈരണ്ടു പേരായി അയയ്ക്കപ്പെട്ടവരുടെ മടങ്ങിവരവും അനുബന്ധ സംഭവങ്ങളും ഉൾക്കൊള്ളുന്നു. യേശുക്രിസ്തു അവർക്ക് നൽകിയ അധികാരത്താൽ ഭൂതങ്ങളും അവർക്ക് കീഴടങ്ങുന്നു എന്ന് അവർ പറഞ്ഞു. ശത്രുവിന്റെ സകല ബലത്തെയും ചവിട്ടുവാൻ അവർക്ക് അവൻ അധികാരം നൽകി. എന്നാൽ അധികാരങ്ങൾക്കപ്പുറം അവരുടെ പേര് സ്വർഗത്തിൽ എഴുതിയിരിക്കുന്നതിലാണ് സന്തോഷിക്കേണ്ടത് എന്ന് യേശു പറയുന്നു. സ്വർഗഭാഗ്യമാണ് ഏറ്റവും വലിയ ഭാഗ്യം. അത് തിരിച്ചറിയുവാനുള്ള ജ്ഞാനമാണ് തികവുള്ള ജ്ഞാനം. ലൗകീകമായ അധികാരം കൊണ്ടോ, അറിവുകൊണ്ടോ അല്ല, ശിശു സഹജമായ നിഷ്കളങ്കതയും വിനയവും കൊണ്ട് കർത്താവിങ്കലേക്ക് അടുത്തുവരുന്നതിലൂടെയാണ് ഈ ജ്ഞാനം പ്രാപിക്കാനാവുക.

4. നുറുക്കി നൽകിയ അപ്പം യിസ്രയേലിന്റെ വീണ്ടെടുപ്പിനായി നൽകപ്പെട്ട ജീവനുള്ള അപ്പത്തിന് മുൻകുറി ലോകത്തിന് ജീവൻ നൽകുന്നതിനായി പിതാവിന്റെ പക്കൽ നിന്ന് ലോകത്തിലേക്കു വന്ന ജീവനുള്ള അപ്പമാണ് യേശുക്രിസ്തു. പലസ്തീൻ പട്ടണത്തിലെ ആകെ ജനസംഖ്യയിൽ ഗണ്യമായൊരു ഭാഗം കർത്താവിന്റെ അത്ഭുത പ്രവർത്തനത്തിന് സാക്ഷ്യം വഹിച്ചു. യഹൂദ പാരമ്പര്യമനുസരിച്ച് ഭക്ഷണത്തെ വാഴ്ത്തുന്ന വിധത്തിൽ തന്നെ അപ്പമെടുത്ത് വാഴ്ത്തി നുറുക്കി വിളമ്പുവാൻ ഏല്പിച്ചു. അത്ഭുതകരമായ ഈ സംഭവം യിസ്രായേലിനെ മുഴുവനായും ജീവന്റെ അപ്പമായ ക്രിസ്തുവിങ്കലേക്ക് ആനയിക്കുന്നതിന് മുൻ കുറിയായി വിശദീകരിക്കുന്ന വേദപണ്ഡിതരുണ്ട്.

### 5. സഭയിൽ ദൈവവചന പ്രഘോഷണത്തിന്റെ പ്രാധാന്യം

'കർത്താ തന്നൊടു സംസാരിക്കേണ്ടുന്നവരെല്ലാം സഭയുൾപൂകട്ടെയിതാ താനതിൽ മേവീടുന്നു' എന്ന് നമ്മുടെ ആരാധനയിൽ നാം പാടാറുണ്ടല്ലോ. സഭ ക്രിസ്തുവിങ്കലേക്ക് നമ്മെ കൊണ്ടു ചെല്ലുന്നു. നമ്മുടെ രക്ഷകനായ കർത്താവിന്റെ തിരുശരീര രക്തങ്ങൾ പ.സഭയിലൂടെ നമുക്ക് നൽകപ്പെടുന്നു. സഭാമക്കളെ സംബന്ധിച്ച് കർത്താവിന്റെ ശരീരരക്തങ്ങൾ അനുഭവിക്കുന്നതു പോലെ ദൈവവചന ശ്രവണവും, ദൈവ വചന പ്രഘോഷണ (kerygma)വും അത്യന്തം പ്രധാനപ്പെട്ടതാണ്. പെന്തിക്കൊസ്തി നാളിൽ ഉയരത്തിൽ നിന്ന് ശക്തി പ്രാപിച്ച ശ്ലീഹന്മാർ ലോകമെങ്ങും പോയി സുവിശേഷം അറിയിച്ചു. അവരുടെ ഭയം നീങ്ങി, 'സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ല' എന്നു പറഞ്ഞു കൊണ്ട് സ്വന്തജീവൻ പോലും കർത്താവിനായി ഏല്പിച്ചു കൊടുത്ത് അവർ കർത്താവിന്റെ വചനം പ്രസംഗിച്ചു. ദൈവവചന പ്രഘോഷണം അവരുടെ അപ്പൊസ്തോതോലിക ദൗത്യത്തിന്റെ അവിഭാജ്യമായ ഭാഗമായിരുന്നു. സുവിശേഷ പ്രഘോഷണത്തിൽ നിന്ന് അകന്നു നിൽക്കുവാൻ അവർക്ക് കഴിഞ്ഞിരുന്നില്ല. അപ്പൊ. 6:1-7 വാക്യങ്ങളിൽ മേശകളിൽ ശുശ്രൂഷിക്കുന്നതിന് ആത്മാവും ജ്ഞാനവും നിറഞ്ഞ്, നല്ല സാക്ഷ്യമുള്ള ഏഴുപുരുഷന്മാരെ തെരഞ്ഞെടുക്കുന്നതു സംബന്ധിച്ച് പരാമർശിക്കുന്നു. പന്തിരുവർ ദൈവവചന ശുശ്രൂഷയിൽ ഉറ്റിരിക്കുവാൻ ആഗ്രഹിച്ചു. അതുകൊണ്ട് മേശകളിൽ ശുശ്രൂഷ ചെയ്യുന്നതിനായി ഏഴു പേരെ തിരഞ്ഞെടുത്തു.

ദൈവവചന ശ്രവണത്തിന് മുമ്പെന്നത്തെക്കാളും ഏറെ അവസരങ്ങൾ ലഭിക്കുന്ന ലോകമാണ് നമ്മുടേത്. ആരാധനകളും കൺവെൻഷനുകളും, ഓൺലൈൻ പ്രഭാഷണങ്ങളും, റ്റി.വി ചാനലുകളും ഒക്കെ നമുക്ക് ദൈവവചന സന്ദേശങ്ങൾ അറിയുന്നതിന് അവസരങ്ങളാണ്. എന്നാൽ നമ്മുടെ ജീവിതങ്ങൾ കൂടുതൽ ആത്മീകമാകത്തക്കവിധമുള്ള പരിവർത്തനത്തിലേക്ക് നാം എത്ര മാത്രം അടുക്കുന്നു? നാം അറിഞ്ഞ സുവിശേഷ സത്യങ്ങളും നമ്മുടെ ക്രിസ്താനുഭവവും മറ്റുള്ളവരിലേക്ക് പകരുവാൻ നമുക്ക് ഏതളവുവരെ സാധിക്കുന്നു? നാം ഏറെ ഗൗരവത്തോടെ ചിന്തിക്കേണ്ടതുണ്ട്.

**2024 ജൂൺ 23**

**പെന്തിക്കോസ്തിക്കുശേഷം അഞ്ചാം ഞായർ**

വി. മർക്കോസ് 9: 33 - 41

ശുദ്ധമുള്ള ശ്ലീഹാ നോമ്പ് ദിനങ്ങളിലൂടെ നാം കടന്നു പോവുകയാണല്ലോ. ശിഷ്യത്വത്തിന്റെ മഹത്വത്തെക്കു

റിച്ച് ഉറച്ച് പ്രസ്താവിക്കുന്ന ഏവൻഗേലിയോൻ വായനകൾ ഇക്കാലയളവിൽ നാം കേൾക്കുകയും ചെയ്യുന്നു. ശുദ്ധിമാന്മാരായ 12 ശ്ലീഹന്മാരുടെ പ്രാർത്ഥനയിൽ നമുക്ക് സങ്കേതപ്പെടാം.

പെന്തിക്കോസ്തിക്കു ശേഷം അഞ്ചാം ഞായറാഴ്ചയിലെ ഏവൻഗേലിയോൻ ഭാഗങ്ങൾ യേശു തമ്പുരാൻ തന്റെ ശിഷ്യന്മാരെ തങ്ങളുടെ ദൗത്യത്തിന് സജ്ജരാക്കുന്നതിന്റെ വിലയേറിയ പാഠങ്ങൾ ഉൾക്കൊള്ളുന്നു.

**1. വിശ്വാസത്തിന്റെയും, സമർപ്പണത്തിന്റെയും, സഹനത്തിന്റെയും മാതൃക ശിഷ്യന്മാർക്ക് പകർന്നവൻ**

ഗുരുവിന്റെ ജീവിതം ശിഷ്യന്മാർക്ക് പാഠപുസ്തകമായിരുന്നു. അവന്റെ വാക്കുകളും പ്രവൃത്തികളും തമ്മിൽ അന്തരമുണ്ടായിരുന്നുമില്ല. മർക്കോസിന്റെ സുവിശേഷം ഒമ്പതാം അദ്ധ്യായം കർത്താവിന്റെ മറുരൂപപ്പെടലിന്റെ വിവരണം ഉൾക്കൊള്ളുന്നു. ക്രിസ്തുമഹത്വം ദർശിച്ച ശ്ലീഹന്മാർക്ക് പക്ഷേ കർത്താവിന്റെ പ്രവൃത്തികൾ പലതും ചെയ്‌വാൻ കഴിഞ്ഞിരുന്നില്ല. അശുദ്ധാത്മാവ് ബാധിച്ചൊരു ഊമനെ സൗഖ്യമാക്കുവാൻ ശിഷ്യന്മാർക്ക് സാധിച്ചില്ല. എന്നാൽ കർത്താവ് അവനെ സൗഖ്യമാക്കിക്കൊണ്ട് 'വിശ്വസിക്കുന്നവന് സകലവും കഴിയും' എന്ന് അരുളിച്ചെയ്യുന്നു. വിശ്വാസത്തോടെ തന്നെ പിൻപറ്റുന്നതിനെപ്പറ്റി യേശുതമ്പുരാൻ ശിഷ്യരെ പഠിപ്പിക്കുന്നു (മർക്കൊ. 9: 23). ഇപ്രകാരം അവരെ അഭ്യസിപ്പിക്കുന്ന ഗുരുനാഥൻ 'മനുഷ്യപുത്രൻ മനുഷ്യരുടെ കൈയിൽ ഏൽപ്പിക്കപ്പെടും, അവർ അവനെ കൊല്ലും, കൊന്നിട്ട് മൂന്നുനാൾ കഴിഞ്ഞിട്ട് അവൻ ഉയിർത്തെഴുന്നേൽക്കും,' അവർ പരിഹസിപ്പാനും തല്ലുവാനും ക്രൂശിപ്പാനും അവനെ ജാതികൾക്ക് ഏൽപ്പിക്കും (മർ. 9: 32, മത്തായി 20: 17) എന്ന് ശിഷ്യന്മാരെ അറിയിച്ചു. തന്റെ ജീവിതത്തിൽ സംഭവിപ്പാനിരിക്കുന്നത് എന്തെന്ന് കർത്താവ് വ്യക്തമായി അറിഞ്ഞിരുന്നു. പീഢയുടെയും കഷ്ടതകളുടെയും, മരണത്തിന്റെയും, ഉയിർപ്പിന്റെയും ജീവിതാനുഭവങ്ങളെക്കുറിച്ച് അറിയിച്ചവനായ കർത്താവ് തന്നെ അനുഗമിക്കുന്നവരുടെ ജീവിതങ്ങളും സഹനങ്ങളുടേതായിരിക്കുമെന്നും, പിതാവിന്റെ ഇഷ്ടത്തിന് താൻ സ്വയം വിധേയനാക്കിയതുപോലെ ശിഷ്യന്മാരും തങ്ങളുടെ വിളിക്കും തെരഞ്ഞെടുപ്പിനും അനുസരിച്ച് ദൃഢനിശ്ചയത്തോടെ ജീവിക്കണമെന്നും അവരെ പഠിപ്പിക്കുകയായിരുന്നു. 'എന്റെ പാനപാത്രം നിങ്ങൾ കുടിക്കും നിശ്ചയം'(മത്തായി 20:23) എന്ന നമ്മുടെ കർത്താവിന്റെ വാക്കുകൾ ശിഷ്യന്മാർക്ക് ലഭിച്ചിരിക്കുന്ന നിയോഗത്തിന്റെ സ്വഭാവം വെളിവാക്കി.

**2. 'മഹത്വം' പുനർനിർവ്വചിച്ചവനായ കർത്താവ്**

ശിഷ്യത്വത്തിന്റെ മഹത്വത്തെക്കുറിച്ച് പഠിപ്പിച്ച കർത്താവിനോട് സെബദി മക്കളുടെ മാതാവ് നടത്തിയ ശുപാർശ, തന്റെ പുത്രന്മാർ ഇരുവരും യേശുവിന്റെ രാജ്യത്തിൽ ഒരുവൻ അവന്റെ വലത്തും, മറ്റവൻ ഇടത്തും ഇരിക്കണം എന്നതായിരുന്നു (പ്രഭാതത്തിന്റെ ഏവൻഗേല്യോൻ - മത്തായി 20: 20). ആരാണ് വലിയവൻ എന്നതിനെക്കുറിച്ച് ശിഷ്യന്മാരുടെയിടയിൽ തർക്കമുണ്ടായി (മത്താ. 9:33). വലുപ്പം (മഹത്വം) എന്നതിനെക്കുറിച്ച് മനുഷ്യരുടെ കാഴ്ചപ്പാട് എന്താണ്? അധികാരം, പദവി, സമ്പത്ത് മുതലായവയെല്ലാം മനുഷ്യരുടെ മഹത്വം അളക്കുന്നതിനുള്ള മാനദണ്ഡങ്ങളായി കാണുന്ന ലോകമാണിത്. രാജാക്കന്മാർ അവരുടെ ധനവും രാജ്യവിസ്തൃതിയും വർദ്ധിപ്പിക്കാൻ ശ്രമിച്ചിരുന്നു. മതനേതാക്കളുടെ അധികാര ഭ്രമത്തെക്കുറിച്ചും പ്രകടനപരതയെക്കുറിച്ചും അതിരൂക്ഷമായ വിമർശനമാണ് കർത്താവ് നടത്തിയത്. മഹത്വത്തിന്റെയും ശ്രേഷ്ഠതയുടെയും മാനദണ്ഡം എന്താണ്? നിസ്വാർത്ഥമായി, നിരുപാധികം സഹോദരനെ സ്നേഹിക്കുവാനും സേവിക്കുവാനും കഴിയുന്നവനാണ് വലിയവൻ. വിശ്വാസികൾ തമ്മിലുള്ള ഐക്യവും, സ്നേഹത്തോടും നീ തിയോടും കൂടിയ സമീപനവുമാണ് ആവശ്യം. പ്രോത്സാഹനവും, തുണയും നൽകി സഹോദരങ്ങളുടെ കരം പിടിക്കുവാനും ദൈവത്തെയും മനുഷ്യനെയും സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുവാനുമാണ് കർത്താവ് ആവശ്യപ്പെടുന്നത്. ഇതാണ് ദൈവമുമ്പാകെ വിലപ്പെട്ട മഹത്വം. 'ഒരുവൻ മുമ്പൻ ആകുവാൻ ഇച്ഛിച്ചാൽ അവൻ ഒടുക്കത്തവനും, എല്ലാവനും ശുശ്രൂഷകനും ആകണം ' (മത്തായി 9:35) എന്ന ഉപദേശം 'മഹത്വ'ത്തെക്കുറിച്ച് അന്നുവരെ അറിഞ്ഞിരുന്നതിൽ നിന്ന് തികച്ചും വിഭിന്നമായൊരു കാഴ്ചപ്പാടാണ് ശിഷ്യർക്ക് പകർന്നത്. രാജത്വത്തിന്റെ പ്രഭയല്ല, ശിശുവിന്റെ നിഷ്കളങ്കതയാണ് ശിഷ്യത്വത്തിന് അലങ്കാരം എന്ന് കർത്താവ് പഠിപ്പിച്ചു. ക്രിസ്തുവിന്റെ ശിഷ്യന്മാർ എന്ന നിലയിൽ അവരെ കൈക്കൊള്ളുകയും, ഒരു പാത്രം തണ്ണീരെങ്കിലും നൽകുകയും ചെയ്യുന്നവന് പ്രതിഫലം കിട്ടാതിരിക്കയില്ല എന്ന കർതൃവചനം ശിഷ്യത്വത്തിന്റെ യഥാർത്ഥ മഹത്വത്തെ വരച്ചു കാട്ടുന്നു.

**3. ശിഷ്യത്വത്തിലേക്കുള്ള വിളി - ക്രിസ്തുവിന്റെ സ്നേഹത്തിന്റെയും രൂപാന്തരപ്പെടുത്തുന്ന ദൈവകൃപയുടെയും സമ്മേളനം**

കർത്താവിന്റെ ശിഷ്യന്മാർ അവന്റെ സ്നേഹം അനുഭവിക്കുവാനും, രൂപാന്തരത്തിന്റെ അനുഭവത്തിൽ നടക്കുവാനുമായി വിളിക്കപ്പെട്ടവരാണ്. പൗലോസായി ത്തീർന്ന ശൗലിന്റെ മാനസാന്തരത്തെക്കുറിച്ചുള്ള വിവരണം അപ്പൊ. പ്ര. 9:1-15 വാക്യങ്ങളിൽ കാണാം. ക്രിസ്തുവിന്റെ സഭയെ ഉപദ്രവിച്ച് മുടിക്കുവാൻ മഹാപുരോഹിതന്റെ അധികാരപത്രം ഉണ്ടായിരുന്ന ശൗലിനെ കർത്താവ് തന്റെ സ്നേഹം മൂലം രൂപാന്തരപ്പെടുത്തുന്നു. 'അവൻ എന്റെ നാമം ജാതികൾക്കും, രാജാക്കന്മാർക്കും, യിസ്രയേൽ മക്കൾക്കും മുമ്പിൽ വഹിപ്പാൻ ഞാൻ തെരഞ്ഞെടുത്തിരിക്കുന്നോരു പാത്രമാകുന്നു, എന്റെ നാമത്തിൽ അവൻ എന്തെല്ലാം കഷ്ടം അനുഭവിക്കേണ്ടതാകുന്നു എന്ന് ഞാൻ അവനെ കാണിക്കും' (അപ്പൊ. പ്ര 9:15-16) എന്ന് കർത്താവ് അനന്യാസിനോട് ശൗലിനെക്കുറിച്ച് വെളിപ്പെടുത്തുന്നു. പൗലോസിന്റെ മാനസാന്തരം മനുഷ്യനെ രൂപാന്തരപ്പെടുത്തുന്ന ദൈവകൃപയുടെ ആഴം വെളിവാക്കുന്നു. മാനസാന്തരത്തിലൂടെ ക്രിസ്തുവിന്റെ വകയായിത്തീർന്ന പൗലോസിന്റെ ജീവിതം ശിഷ്യത്വത്തിന്റെ മഹത്വം നമുക്ക് കാട്ടിത്തരുന്നു. 'കഷ്ടതയോ, പട്ടിണിയോ, സങ്കടമോ, നഗ്നതയോ, ആപത്തോ, വാളോ - ഇവയൊന്നിനും കർത്താവായ യേശു ക്രിസ്തുവിങ്കലെ ദൈവസ്നേഹത്തിൽ നിന്ന് നമ്മെ വേർതിരിപ്പാൻ കഴികയില്ലെന്ന് ഞാൻ ഉറച്ചിരിക്കുന്നു' (റോമർ 8:35) എന്ന് ഉറപ്പിച്ച് പറയത്തക്കവണ്ണം അത്രയേറെ അവനെ രൂപാന്തരപ്പെടുത്തുവാൻ പര്യാപ്തമായ ദൈവകൃപയാണ് ദൈവം പൗലോസിന് നൽകിയത്. വിമർശകരെ സത്യത്തിന്റെ പ്രഘോഷകരാക്കുന്ന ദൈവകൃപയാണിത്. ഒരുവനും ദൈവകൃപയ്ക്ക് വിദൂരസ്ഥനല്ല എന്നും ക്രിസ്തുവിന്റെ സ്നേഹം സകലത്തെയും കവിയുന്നതും, സകലതിനെയും നിറയ്

ക്കുന്നതും ആകുന്നു എന്നും കർത്താവ് നമുക്ക് വെളിവാക്കിത്തരുന്നു.

**4. ശിഷ്യന്റെ സമർപ്പണം ശിഷ്യത്വത്തിന്റെ പരിപൂർണ്ണതയ്ക്ക്.**

ശിഷ്യത്വത്തിലേക്ക് രൂപാന്തരപ്പെടുത്തുവാൻ പര്യാപ്തമായ ദൈവകൃപയോട് നമ്മുടെ പ്രതികരണം എന്തായിരിക്കണം? ദൈവഹിതത്തിന് സമ്പൂർണ്ണമായി സമർപ്പിച്ച ശുദ്ധിമതിയായ ദൈവമാതാവിനെയും, വള്ളവും വലയും സ്വന്ത പിതാവിനെയും ഉപേക്ഷിച്ച് യേശു തമ്പുരാനെ പിൻപറ്റിയ ശ്ലീഹന്മാരെയും നാം മാതൃകയാക്കണം. ശിഷ്യത്വത്തിന്റെ മഹനീയ മാതൃകയായ പൗലോസ് ശ്ലീഹായുടെ സമർപ്പണവും നമുക്ക് മാതൃകയാണ്. പീഡകൾ, കഷ്ടതകൾ, ശിക്ഷകൾ, അനവധി ആപത്തുകൾ - ഇവയുടെയെല്ലാം മദ്ധ്യേ അചഞ്ചലമായ വിശ്വാസത്തോടും, തന്റെ വിളിയോടുള്ള പരിപൂർണ വിശ്വസ്തതയോടും കൂടെ ഉറച്ചുനിന്നു കൊണ്ട് ക്രിസ്തീയവിശ്വാസത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ ഉറപ്പിക്കുവാൻ പൗലോസ് ശ്ലീഹായ്ക്ക് സാധിച്ചു. പൗലോസിന്റെ ക്രിസ്താനുഭവവും മാനസാന്തരവും കേവലം ഉപരിപ്ലവമായിരുന്നില്ല, തന്റെ ജീവിത ലക്ഷ്യത്തെയും ദൗത്യത്തെയും പുനർ നിർവ്വചിക്കുവാൻ പോന്നത്ര ആഴമേറിയ പരിവർത്തനമായിരുന്നു. ദൈവകൃപയോടൊപ്പം മനുഷ്യന്റെ സമ്പൂർണമായ സമർപ്പണം ചേരുമ്പോഴാണ് യഥാത്ഥമായ പരിവർത്തനം ഉണ്ടാകുന്നത്. ക്രിസ്തുവിന്റെ ദിവ്യസ്നേഹം അവനവനെയും അപരനെയും അറിയുന്നതിനും നിസ്വാർത്ഥമായി ദൈവഹിതപ്ര കാരം ജീവിക്കുന്നതിനും നമ്മെ പ്രാപ്തരാക്കുന്നു. കർത്താവ് നമ്മെ തന്റെ രക്ഷയുടെ ഓഹരിക്കാരാക്കിത്തീർത്തിരിക്കുന്നു.

നമ്മുടെ ലക്ഷ്യങ്ങൾ, നമ്മുടെ താത്പര്യങ്ങൾ, നമ്മുടെ പ്രവർത്തനങ്ങൾ ഇവയെല്ലാം നാം എങ്ങനെ രൂപപ്പെടുത്തണം? സ്വന്തജനത്തെ ശുശ്രൂഷിക്കുവാനും, അനേകർക്കുവേണ്ടി സ്വയം സമർപ്പിക്കുവാനും കർത്താവ് കാട്ടിയ മാതൃക പിന്തുടരുവാൻ നമുക്ക് കഴിയുമോ? ശുശ്രൂഷകമനോഭാവം, വിനയം, നമ്മുടെ കർത്താവിന്റെ കാലടികളെ പിന്തുടർന്നു കൊണ്ട് സഹോദരങ്ങളെ സ്നേഹിക്കുവാനുള്ള മനസ്സ് ഇവയൊക്കെയും പ്രാപിച്ചു കൊണ്ട് അനുനിമിഷം ക്രിസ്തുവിലുള്ള പുതുക്കത്തിൽ (2 കൊരി. 5: 17) നിലനിൽക്കുവാനും, ക്രിസ്തുവിനായി ജീവിക്കുവാനും (2 കൊരി. 5:14) നമുക്ക് ഇടയാകട്ടെ.

**2024 ജൂൺ 30**
**പെന്തിക്കോസ്തിക്കു ശേഷം ആറാം ഞായർ**
**വി.ലൂക്കോസ് 13:22-35**

**1. ഇടർച്ചകൾക്ക് കാരണമാവാതിരിക്കാം.**

ശിഷ്യത്വത്തിന്റെ മഹത്വത്തെക്കുറിച്ച് കർത്താവ് പഠിപ്പിച്ച പാഠങ്ങൾ പ്രത്യേകമായി സ്മരിക്കുന്ന കാലമാണല്ലോ ഇത്. പ്രഭാതത്തിന്റെ ഏവൻഗേല്യോൻ ഭാഗത്തും ( വി. ലൂക്കോസ് 17:12), വി. കുർബാനയുടെ ഏവൻഗേല്യോ നിലും ഇതെക്കുറിച്ച് പരാമർശിക്കുന്നു. ഇടർച്ചയ്ക്ക് കാരണമാവാതിരിപ്പാനാണ് കർത്താവ് പ്രബോധിപ്പിക്കുന്നത്. 'ഇടർച്ച' എന്ന വാക്കിന് പതറൽ, ഉപദ്രവം, ശല്യം, തെറ്റ്, വഴക്ക്, കലഹം എന്നെല്ലാം അർത്ഥം നൽകപ്പെട്ടിട്ടുണ്ട്. 'ഇടർച്ചകൾ ഉണ്ടാകാം; പക്ഷേ അവയ്ക്ക് കാരണക്കാരാകരുത്' എന്ന ഉപദേശം അതിപ്രധാനമാണ്. സഹോദരന് ഇടർച്ചയോ തടങ്ങലോ വയ്ക്കാതിരിക്കാൻ മാത്രം സൂക്ഷിച്ചു കൊൾവിൻ, അന്യോന്യം വിധിക്കരുത് (റോമർ 14:13). ഇടർച്ചയല്ലാത്തവരും, ഇടർച്ചയുണ്ടാക്കാത്തവരും ആകണം നാമോരോരുത്തരും. പഠിച്ച ഉപദേശത്തിനു വിപരീതമായ ഇടർച്ചകളും ദ്വന്ദ്വപക്ഷങ്ങളും ഉണ്ടാക്കുന്നവരോട് അകന്നുമാറുവാൻ നാം കടപ്പെട്ടവരാണ് (റോമർ 16: 17 ). എന്റെ ആഹാരം എന്റെ സഹോദരന് ഇടർച്ചയാകരുത് എന്നാണ് പൗലോസ് ശ്ലീഹാ പറയുന്നത് (1 കോരി 8:13). അതായത്, വിശ്വാസത്തിന് പതർച്ചയുണ്ടാകാതെ, സഹോദരങ്ങൾക്ക് ഉപദ്രവമുണ്ടാക്കാതെ, തെറ്റിൽ നിന്നും, കലഹത്തിൽ നിന്നും അകന്ന് ജീവിക്കുക എന്നാണ് കർത്താവ് പഠിപ്പിക്കുന്നത്. ആഹാരശീലം പോലും അപരന് ഇടർച്ചയാകരുത് എന്ന വാക്കുകൾതന്നെ സമൂഹത്തിൽ പരസ്പരമുള്ള സ്നേഹവും വിശ്വാസവും എത്ര പ്രധാനപ്പെട്ടതാണ് എന്ന് വെളിപ്പെടുത്തുന്നു. മാത്രമല്ല, 'ഈ ചെറിയവരിൽ ഒരുത്തന് ഇടർച്ച വരുത്തുന്നതിനേക്കാൾ നല്ലത് ഭാരമേറിയോരു തിരികല്ല് കഴുത്തിൽ കെട്ടി കടലിൽ എറിഞ്ഞുകളയുന്നതാണ്' എന്ന കർതൃവചനം ഇന്നത്തെ കാലഘട്ടത്തിലേക്കു കൂടിയുള്ള ഉപദേശമാണ്. ദൈവത്തോടുള്ള ബന്ധവും സഹോദര സ്നേഹവും പൂർണതയോടെ പരിപാലിക്കുവാൻ നാം എത്രയേറെ കടപ്പെട്ടവരാണ് ! നമ്മുടെ ഇടവക ജീവിതത്തിൽ, സഭാ ജീവിതത്തിൽ, കുടുംബങ്ങളിൽ, സഹോദരങ്ങളോടുള്ള പെരുമാറ്റത്തിൽ - ഇവിടെയല്ലാം ഈ സന്ദേശം എത്ര പ്രസക്തമാണ് എന്ന് നമുക്ക് ഓർക്കാം.

**2. 'ഞങ്ങൾക്ക് വിശ്വാസം വർദ്ധിപ്പിച്ചുതരേണമേ'**

ശിഷ്യന്മാർ കർത്താവിനോട് അപേക്ഷിച്ചതാണിത് (ലൂക്കോസ് 17:5). അവർക്ക് 'കടുകുമണിയോളം വിശ്വാസമണ്ടെങ്കിൽ ഈ കാട്ടത്തിയോട് വേരോടെ പറിഞ്ഞ് കടലിൽപ്പോക എന്നു പറഞ്ഞാൽ അത് സംഭവിക്കും' എന്നു പറയുന്ന കർത്താവ് ശിഷ്യനുണ്ടാകേണ്ട സമർപ്പണത്തെപ്പറ്റി പഠിപ്പിക്കുന്നു. വിശ്വാസം വർദ്ധിപ്പിക്കേണ്ടതിന് സ്വന്ത കർത്തവ്യങ്ങൾ കുറവുകൂടാതെ ചെയ്കയാണ് വേണ്ടത്. വിശ്വാസം വർദ്ധിപ്പിക്കുവാനപേക്ഷിച്ച ശിഷ്യരുടെ യഥാർത്ഥ ലക്ഷ്യം എന്തായിരുന്നു? ദൈവസ്നേഹത്തിൽ നിറഞ്ഞു കൊണ്ട് സ്വന്ത കടമ നിറവേറ്റുക എന്നതാവണം അവരുടെ ലക്ഷ്യം എന്ന് യേശു തമ്പുരാൻ പഠിപ്പിച്ചു. അധികാരവും സ്ഥാനമാനങ്ങളും അത്ഭുത പ്രവർത്തനങ്ങളിലൂടെയുള്ള അംഗീകാരത്തിനാവരുത്, ഒരു ദാസൻ തന്റെ കടമ നിറവേറ്റുന്നത് എപ്രകാരമാണോ അതേ ബോധ്യത്തോടെ സ്വന്തകടമയും, പരിധിയും, പരിമിതികളും തിരച്ചറിഞ്ഞു കൊണ്ടാവണം പ്രവർത്തിക്കേണ്ടത്. 'ഞങ്ങളുടെ പ്രാപ്തി ദൈവത്തിന്റെ ദാനമാണ്' (2 കൊരി. 3:5) എന്നു പറഞ്ഞു കൊണ്ട് ചെയ്യേണ്ടുന്നതെല്ലാം ചെയ്യുന്നവരാവണം.

**3. ഇടുക്കു വാതിലിലൂടെ കടക്കുവാൻ പോരാടാം**

യേശു പട്ടണം തോറും, ഗ്രാമം തോറും സഞ്ചരിച്ച് യെരുശലേമിലേക്ക് യാത്ര ചെയ്കവേ ഒരുവൻ അവനോട് ചോദിച്ച ചോദ്യം, 'കർത്താവേ, രക്ഷിക്കപ്പെടുന്നവർ ചുരുക്കമോ?' എന്നതായിരുന്നു (ലൂക്കോസ് 13:23). ഇതിന് മറുപടിയായാണ് 'ഇടുക്കു വാതിലിലൂടെ അകത്തുകടപ്പാൻ പോരാടുവീൻ' എന്ന് കർത്താവ് അരുളിച്ചെയ്തത്. രക്ഷയിലേക്ക് വരുന്നവരുടെ സംഖ്യയല്ലാ, അതിന് അവർക്കുള്ള അർഹതയാണ് പ്രധാനം എന്ന് കർത്താവ് വെളിവാക്കുന്നു. ഇവിടെ 'പോരാട്ടം' ജാഗ്രതയോടും, ശ്രദ്ധയോടും കൂടിയ ജീവിതത്തെ

യാണ് സൂചിപ്പിക്കുന്നത്. വിശ്വാസത്തോടും, ഭക്തിയോടും കൂടിയ പ്രവൃത്തികൾ അതിനാവശ്യമാണ്. ദുശ്ചിന്തയും ദുഷ്പ്രവൃത്തികളും, സ്വാർത്ഥതയും, അഹംഭാവവും, കപടഭക്തിയും ഉപേക്ഷിച്ചു കൊണ്ട് കർത്താവിന്റെ മുഖം അന്വേഷിക്കണം, പാപത്തെ വെറുക്കണം, ക്രിസ്തുവിനെ 'ശ്രദ്ധിച്ചു നോക്കിക്കൊണ്ട്' സൂക്ഷ്മത്തോടെ, ജ്ഞാനികളായി നടപ്പാൻ നോക്കണം. മാനസാന്തരം പ്രാപിച്ചവരായി ക്രിസ്തുവിന്റെ ജീവന്റെ പുതുക്കത്തിൽ നടക്കണം. പരിശുദ്ധ സഭ നമ്മെ പഠിപ്പിക്കുന്നതും അതുതന്നെ. ഒറ്റയ്ക്കും, ഒരുമിച്ചുമുള്ള ആരാധനകളും, വി. കൂദാശകളിലെ സംസർഗവും നമ്മെ പരിശുദ്ധാത്മ കൃപയിൽ നയിക്കുകയും, അനുതാപമുള്ളവരാക്കി പരിശുദ്ധാത്മ പുതുക്കത്തിൽ നിലനിർത്തുകയും ചെയ്യും.

ഇടുക്കുവാതിലിലൂടെ കടക്കുവാൻ ശ്രമിക്കുന്ന അനേകരുണ്ടാകാം. എന്നാൽ സമയം തക്കത്തിൽ വിനിയോഗിക്കുവാൻ കഴിയണം. നീതി പ്രവർത്തിക്കുവാൻ കഴിയാതെ തിന്മയിൽ ജീവിച്ചാൽ 'നിങ്ങൾ എവിടെ നിന്ന് എന്ന് ഞാൻ അറിയുന്നില്ല' എന്ന് വീട്ടുടയവൻ അരുളിച്ചെയ്യും. അനുതാപത്തിന്റെയും, മാനസാന്തരത്തിന്റെയും, ഭക്തിയുടെയും, നന്മയുടെയും വഴികളിൽ ഇടർച്ച കൂടാതെ നടക്കുന്നവൻ ഇടുക്കുവാതിലിലൂടെയുള്ള പ്രവേശനത്തിന് യോഗ്യനാകും.

### 4. തള്ളക്കോഴിയെന്നപോലെ യെരുശലേമിനെ ചേർക്കുവാൻ മനസായിരുന്ന രക്ഷകൻ.

ഏറെ ഹൃദയസ്പർശിയായ വാക്കുകളാണ് യെരുശലേമിനെക്കുറിച്ച് യേശു തമ്പുരാൻ പറയുന്നത് (ലൂക്കോസ് 13: 34, 35). യഹോവയുടെ സ്വന്തജനത്തിന്റെ വിശുദ്ധ നഗരത്തെ തന്നോട് ചേർത്തു നിർത്തുവാൻ കർത്താവിന് എത്രവട്ടം മനസ്സായിരുന്നു ! കോഴി തന്റെ സ്വന്ത ചിറകിനു ള്ളിൽ കുഞ്ഞുങ്ങളെ ചേർത്തു പിടിക്കുന്നത് അമ്മയും, കുഞ്ഞുങ്ങളും തമ്മിലുള്ള ദൃഢമായ ബന്ധത്തിന്റെ വെളിപ്പെടുത്തലും, കുഞ്ഞുങ്ങളുടെ വളർച്ചയ്ക്കും, ശത്രുക്കളിൽ നിന്നുള്ള സംരക്ഷണത്തിനും അവൾ എത്രയേറെ ജാഗരൂകയാണ് എന്നതിന്റെ പ്രകടനവുമാണ്. സ്വന്ത ജീവനെപ്പോലും തൃണവൽഗണിച്ചു കൊണ്ട് കുഞ്ഞുങ്ങളെ പോറ്റുന്ന മാതാവ് എന്ന പോലെ യെരുശലേമിനെ കരുതിയ യേശു തമ്പുരാനെ 'ദൈവത്തിന്റെ ഏകജാതനായ പുത്രൻ', 'കർത്താവിന്റെ നാമത്തിൽ വരുന്നവൻ' എന്നിങ്ങനെ സ്വീകരിക്കുവാൻ യഹൂദജനതയ്ക്ക് കഴിഞ്ഞില്ല. ക്രിസ്തുവിനെ പിൻപറ്റിയവർ അനേകരുണ്ടായിരുന്നുവെങ്കിലും യെരുശലേം പട്ടണവും, ദൈവാലയവും യഹോവയുടെ രക്ഷ തിരിച്ചറിയുന്നതിൽ പരാജയപ്പെട്ടു. യേശുവിന്നരികിൽ വന്ന് 'ഹെരോദാവ് നിന്നെ കൊല്ലുവാൻ ഇച്ഛിക്കുന്നു' എന്നു പറഞ്ഞ് അവനെ ഭയപ്പെടുത്താം എന്ന് കരുതിയ പരീശന്മാരോട് (13:31) യേശുവിന്റെ മറുപടി ഉറപ്പേറിയതായിരുന്നു. പിതാവിന്റെ ഇഷ്ടം നിറവേറ്റുവാൻ ലോകത്തിൽ വന്നവന്റെ അചഞ്ചലമായ നി ശ്ചയ ദാർഢ്യം ഇവിടെ കാണാം. അതോടൊപ്പം തനിക്ക് യെരുശലേമിലുണ്ടാവാനിരിക്കുന്ന മരണത്തെക്കുറിച്ചും, നഗരത്തിന്റെ നാശത്തെക്കുറിച്ചും കർത്താവിനുള്ള മുന്നറിവും താൻ വെളിപ്പെടുത്തുന്നു. എങ്കിലും, 'കർത്താവിന്റെ നാ മത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ' എന്ന് നിങ്ങൾ പറയുവോളം നിങ്ങൾ എന്നെ കാൺകയില്ല' എന്ന വാക്കുകൾ യിസ്രയേലിന്റെ മടങ്ങിവരവിനായി കാത്തിരിക്കുന്ന കർത്താവിന്റെ വാക്കുകൾ തന്നെയാണ്. പിതാവാം ദൈവം സകലത്തിനും കാരണഭൂതൻ, നാം അവനായി ജീവിക്കേണം. യേശുക്രിസ്തു ഏക കർത്താവ്, അവൻ മുഖാന്തരം സകലവും, അവൻ മുഖാന്തരം നാമും ആകു ന്നു (1 കൊരി. 8.5). പാപിയുടെ മനംതിരിവിന് കർത്താവ് എത്രയേറെ ആഗ്രഹിക്കുന്നു എന്ന് വെളിപ്പെടുത്തുന്ന വാക്കുകളാണിത്.

## 2024 ജൂലൈ 7
## പെന്തിക്കോസ്തിക്കു ശേഷം ഏഴാം ഞായർ
## വി. മർക്കോസ് 3: 20 - 30

### 1. ശിഷ്യൻ - സകലത്തെക്കാളും ഉപരിയായി ദൈവത്തെ സ്നേഹിക്കുന്നവൻ

ശിഷ്യത്വത്തിലേക്ക് വിളിക്കപ്പെട്ടവന് ക്രിസ്തു സകലത്തിലും സകലവും ആയിത്തീരണം എന്ന് യേശു തമ്പുരാൻ ആഗ്രഹിക്കുന്നു. കുടുംബബന്ധങ്ങളെക്കാളും, മാനുഷികമായ സൗഹൃദങ്ങളെക്കാളും, സ്വന്ത ഭവനത്തോടുള്ള സ്നേഹത്തെക്കാളും ഒക്കെ ഉപരിയായി ക്രിസ്തുവിനെ സ്നേഹിക്കണം - 'എന്നെക്കാൾ അധികം സ്വന്ത പിതാവിനെയും മാതാവിനെയും, മക്കളെയും സ്നേഹിക്കുന്നവൻ എനിക്ക് കൊള്ളാവുന്നവനല്ല, തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കാത്തവനും എനിക്ക് കൊള്ളാവുന്നവനല്ല' (മത്താ. 10.37 - 38). ക്രൈസ്തവ സഭയുടെ രക്തസാക്ഷികൾ കർത്താവിന്റെ കാലം മുതൽ ഇന്നുവരേക്കും ഈ ആഹ്വാനം ശിരസാവഹിച്ചവരാണ്. സ്വന്തഭവനവും, ബന്ധങ്ങളും ഒക്കെ ഉപേക്ഷിച്ച് സന്യാസത്തെ സ്വയം വരിച്ചവരും യേശുക്രിസ്തുവിന്റെ വാക്കുകൾ ചെവിക്കൊണ്ടവരാണ്. ക്രിസ്തീയ കുടുംബ ജീവിതത്തിന് വിളി ലഭിച്ചവരും കർത്താവിന്റെ തെരഞ്ഞെടുപ്പിന് വിധേയരായവരാണ്. സകലരും കർത്താവിനോടുള്ള ബന്ധം പരമ പ്രധാനമായി കാണുവാൻ കടപ്പെട്ടിരിക്കുന്നു. കുടുംബ മഹിമ, സമ്പത്ത്, സാമൂഹികമായ പദവി എന്നിവയൊക്കെ ഏറ്റവും വലുതെന്ന് കാണുന്ന ലോകത്ത് തികച്ചും വ്യത്യസ്തമായൊരു ദർശനമാണ് കർത്താവ് പകർന്നു തരുന്നത്. ക്രൂശിന്റെ വഴിയെ നടക്കുവാനും, പൂർണഹൃദയത്തോടെ യേശുക്രിസ്തുവിനെ അനുസരിക്കുവാനും അനുകരിപ്പാനും നാം വിളിക്കപ്പെട്ടിരിക്കുന്നു എന്ന സത്യം നമുക്ക് വിസ്മരിക്കാതിരിക്കാം .

### 2. ചാർച്ചകൾക്കുള്ള പുതിയ നിർവ്വചനം

വി. കുർബാനയുടെ ഏവൻഗേല്യോൻ ഭാഗത്ത് (മർക്കൊ 3:20 - 30) യേശുക്രിസ്തുവിനെ നിരസിക്കുന്ന രണ്ടു് വിഭാഗത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നു: അവന്റെ ചാർച്ചക്കാരും, യെരുശലേമിൽ നിന്നു വന്ന ശാസ്ത്രീമാരും. നസ്രേത്തിലെ ഭവനത്തിൽ വന്ന യേശുവിനെക്കാണ്മാനായി 'അവന് ഭക്ഷണം കഴിപ്പാൻ പോലും കഴിയാതവണ്ണം വലിയ പുരുഷാരം വന്നുകൂടി' എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് യേശുക്രിസ്തുവിനെ പിൻപറ്റിയ ജനത്തിന്റെ ബാഹുല്യവും, അവനോടുള്ള അവരുടെ തീക്ഷ്ണതയും വെളിപ്പെടുത്തുന്നു. സ്വന്ത ചാർച്ചക്കാർക്കു പോലും ഇത് ഉൾക്കൊള്ളാൻ കഴിയുന്നില്ല. 'അവന് മതിഭ്രമമുണ്ട്' എന്ന നിഗമനത്തിലാണവർ (മർക്കോസ് 3: 21).

യേശുവിന്റെ മാതാവും സഹോദരന്മാരും അവനെക്കാണാൻ വന്നതറിഞ്ഞ് ചുറ്റിലും ഇരിക്കുന്നവരെ നോക്കിക്കൊണ്ട് യേശു അരുളിച്ചെയ്തത്, : 'എന്റെ അമ്മയും സഹോദരന്മാരും ഇതാ. ദൈവത്തിന്റെ ഇഷ്ടം

ചെയ്യുന്നവൻ തന്നേ എന്റെ സഹോദരനും സഹോദരിയും അമ്മയുമാകുന്നു' എന്നാണ്. ചാർച്ചക്കാരോടുള്ള കുടുംബബന്ധത്തെക്കാൾ പ്രധാനം കർത്താവിനോടു ചേർന്ന് അവന്റെ ഹിതപ്രകാരം പ്രവർത്തിക്കുക എന്നതാണ് എന്ന് കർത്താവ് പഠിപ്പിച്ചു. മനുഷ്യബന്ധത്തിന്റെ മാനങ്ങൾ കർത്താവ് പുനർ നിർവ്വചിക്കുകയാണിവിടെ.

ശുദ്ധിമതിയായ ദൈവമാതാവ് ദൈവഹിതത്തിന് സ്വയം വിധേയപ്പെടുത്തിയതുകൊണ്ടാണ് ദൈവപുത്രനെ ഉദരത്തിൽ വഹിക്കുവാൻ യോഗ്യത നേടിയത് എന്ന സത്യം നമുക്ക് സ്മരിക്കാം.

**3. ക്രിസ്തുനിരാസത്തിന്റെ പുതിയ ഭൂമികയും അതിനുള്ള മറുപടിയും**

ദൈവരാജ്യത്തിന്റെ പ്രത്യക്ഷമായ അടയാളങ്ങൾ കണ്ടിട്ടും വരുവാനുള്ള മശിഹായാണ് എന്ന് ക്രിസ്തുവിനെക്കുറിച്ച് വിശ്വസിക്കാൻ കൂട്ടാക്കാത്ത ശാസ്ത്രിമാരും പരീശന്മാരും യേശുവിനോട് അടയാളങ്ങൾ അന്വേഷിച്ചു. കുരുടന്മാരായ വഴി കാട്ടികൾ, കണ്ണടച്ചിരുട്ടാക്കുന്നവർ, മുൻവിധികളുടെ തടവറയിൽ കിടക്കുന്നവർ എന്ന് അവരെ തിരിച്ചറിഞ്ഞ കർത്താവ് അവർക്ക് യോനായുടെ അടയാളം പറഞ്ഞു കൊടുക്കുന്നു. ഇവിടെ യോനായിലും വലിയവനാണ്, ശലോമോനിലും വലിയവനാണ്, മനുഷ്യാവതാരം പൂണ്ട വചനമാം ദൈവം. എങ്കിലും മുൻവിധിയുടെയും അവിശ്വാസത്തിന്റെയും തിമിരം ബാധിച്ച കണ്ണുകൾ അത് തിരിച്ചറിയുന്നില്ല. യേശു ക്രിസ്തു ദൈവപുത്രൻ എന്ന് തിരിച്ചറിയാത്തവർ കുറ്റം വിധിക്കപ്പെടും (മത്തായി 12:38–42).

യേശുവിനോട് അടയാളങ്ങൾ അന്വേഷിച്ച ശാസ്ത്രിമാർ 'ക്രിസ്തു ഊമനായ ഭൂതത്തെ പുറത്താക്കിയത് ഭൂതങ്ങളുടെ തലവനായ ബേത്സെബൂലിനെക്കൊണ്ടാണ്' എന്ന് പറഞ്ഞു. മർക്കോസ് 3:23–30 ഈ ആരോപണത്തോടുള്ള ക്രിസ്തു വിന്റെ പ്രതികരണമാണ്. തന്നിൽത്തന്നെ ഛിദ്രിക്കുന്ന രാജ്യത്തിനും, ഭവനത്തിനും, പിശാചിന്റെ സാമ്രാജ്യത്തിനു പോലും, നിലനിൽപ്പില്ല. ഭൂതങ്ങളുടെ തലവനെക്കൊണ്ട് ഭൂതങ്ങളെ പുറത്താക്കുക എന്നത് അപ്രായോഗികമാണ്, കാരണം പിശാചിന്റെ രാജ്യത്തിന്റെ നിലനിൽപ്പുതന്നെ അപകടത്തിലാകും.

**4. 'പരിശുദ്ധാത്മാവിനു നേരേ ദൂഷണം പറയുന്നുവൻ**

ഒരുനാളും ക്ഷമ കിട്ടാതെ നിത്യശിക്ഷയ്ക്ക് യോഗ്യനാകും 'യേശുവിന്റെ ദൈവത്വത്തെയും, പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെയും തള്ളിപ്പറയുകയും, ക്രിസ്തുവിന്റെ പ്രവൃത്തികൾ അശുദ്ധാത്മാവിനാലാണ് എന്ന് പറയുകയും ചെയ്യുന്നവർ ക്രിസ്തുവിനെ സ്വീകരിക്കുവാൻ മനസ്സില്ലാത്തവരും, ദൈവത്തിന്റെ പരിശുദ്ധാത്മ പ്രവർത്തനത്തെക്കുറിച്ച് ദൂഷണം പറയുന്നവരും, പരിശുദ്ധാത്മാവിനെതിരായി പാപം ചെയ്യുന്നവരുമാകയാൽ പാപക്ഷമ നേടുകയില്ല എന്ന് കർത്താവ് അരുളിച്ചെയ്യുന്നു.

**5. തന്നിൽത്തന്നെ ഛിദ്രിക്കുന്നവരാകാതിരിക്കുക**

ഇടർച്ചകളെക്കുറിച്ചും, ഇടർച്ചകൾ ഉണ്ടാക്കുന്നവർക്കുള്ള അനിവാര്യമായ ത്രിഫലത്തെക്കുറിച്ചും കഴിഞ്ഞ ആഴ്ച നാം കേട്ടുവല്ലോ. സമൂഹത്തിലും, സഭകളിലും, കുടുംബത്തിലും, പ്രവർത്തന മേഖലകളിലുമെല്ലാം ഛിദ്രത്തിന്റെ പ്രതിസന്ധികൾ നമുക്ക് ദർശിക്കാൻ കഴിയും. പരസ്പര സ്നേഹത്തോടും, സംയമനത്തോടും, കരുതലോടും കരുണയോടും കൂടെ നമ്മുടെ സഹോദരങ്ങളോട് വർത്തിക്കുവാൻ നമുക്ക് ദൈവാശ്രയത്തോടെ പരിശ്രമിക്കാം, എന്തെന്നാൽ നാം 'നമ്മുടെ ഉള്ളിലെ ആത്മാവു സംബന്ധമായി പുതുക്കം പ്രാപിച്ച് സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിക്കുന്നവരാണ്. ഭോഷ്ക് ഉപേക്ഷിക്കുക, കൂട്ടുകാരനോട് സത്യം സംസാരിക്കുക, കോപവും പാപവും ഉപേക്ഷിക്കുക, നല്ലത് സംസാരിക്കുക, നല്ലത് പ്രവർത്തിച്ച് അദ്ധ്വാനിക്കുക, പിശാചിന് ഇടം കൊടുക്കാതിരിക്കുക, ദൈവത്തിന്റെ പരിശുദ്ധാമാവിനെ ദുഃഖിപ്പിക്കാതിരിക്കുക-ഇവയ്ക്കെല്ലാം നമുക്ക് കടമയുണ്ട് (എഫെ. 4:18 – 22).

**6. പന്തിരുവരുടെ പദവിയും സ്ഥാനവും**

യേശു തമ്പുരാൻ പന്തിരുവരെ തെരഞ്ഞെടുത്ത് 'തന്നോടുകൂടെ ഇരിപ്പാനും, പ്രസംഗിക്കേണ്ടതിന് അയപ്പാനും, ഭൂതങ്ങളെ പുറത്താക്കേണ്ടതിന് അധികാരം ഉണ്ടാകേണ്ടതിനും അവരെ നിയമിച്ചു (മർക്കൊസ് 3:16). യേശുവിനോടു കൂടെ ഇരിക്കേണ്ടതിനും, സ്വർഗരാജ്യം പ്രസംഗിക്കേണ്ടതിനും, സൗഖ്യവും, ഉയിർപ്പും, പൈശാചിക ബന്ധനത്തിൽ നിന്നുള്ള മോചനവും നൽകുന്നതിനും, കാണാതെ പോയവരെ കണ്ടെത്തുന്നതിനും ഉള്ള ദൗത്യം അവർക്ക് നൽകപ്പെട്ടു (മത്തായി 10: 7–8). ശിഷ്യത്വത്തിന്റെ കർത്തവ്യം നിറവേറ്റുവാനുള്ള യാത്രയ്ക്കാവശ്യമായ ജ്ഞാനം കർത്താവ് അവർക്ക് നൽകുന്നു ( മത്തായി 10). ദൈവത്തിന്റെ കൺമുമ്പിൽ, അവന്റെ കരുതലിന് മുമ്പിൽ, ആണ് ശിഷ്യന്മാരുടെ പ്രവർത്തനം. 'തലയിലെ മുടി പോലും ഓരോന്നും എണ്ണപ്പെട്ടിരിക്കുന്നു' എന്ന വാക്കുകൾ മുന്നറിയിപ്പും ആശ്വാസവുമാണ്. കർത്താവ് അവരെ ധൈര്യപ്പെടുത്തി, പരിശുദ്ധാത്മാവിനെ നൽകി, പന്ത്രണ്ട് സിംഹാസനങ്ങളിൽ ഇരുന്ന് യിസ്രായേൽ ഗോത്രങ്ങൾ പന്ത്രണ്ടിനെയും ന്യായം വിധിപ്പാൻ അധികാരം നൽകി.

വിശുദ്ധ മാമോദീസായിലൂടെ ദൈവമക്കളായിത്തീർന്ന നമുക്കും കർത്താവിന്റെ അപ്പൊസ്തോലികത്വത്തിന്റെ ഓഹരി ലഭിച്ചിട്ടുണ്ട്. 139 -ാം സങ്കീർത്തനത്തിൽ പറയും പ്രകാരം എപ്പോഴും ദൈവദൃഷ്ടിയിൽ ആണ് നാം. അതിനാൽ നമ്മുടെ പദവിക്കനുയോജ്യമായ വിചാരവും, വാക്കും, പ്രവൃത്തിയും ഉണ്ടാവണം. അതോടൊപ്പം നമ്മുടെ രക്ഷകന്റെ കരുതൽ, സ്നേഹം, ശ്രദ്ധ എന്നിവയിൽ സ്ഥിരമായി നിൽക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്നത് നമുക്ക് അപരിമിതമായ ധൈര്യം പകർന്നു തരുന്നു. ദൈവത്തിന്റെ ദൃഷ്ടിയിൽ നമുക്കുള്ള മൂല്യം എത്ര വലുതാണ്!.


4–ാം ചരമ വാർഷികം
07 – 06 – 2024



അക്കാമ്മ ചാണ്ടപിള്ള
കറുകയിൽ, എടത്വ

ഒരിക്കലും മറക്കാത്ത
ഓർമ്മകളുമായി
K.I. Chandapillai
& family

**40th DEATH ANNIVERSARY,**
**28-06-2024**

**Rev. Fr. A.T. GABRIEL**

**ALUMMOOTTIL, KARTHIKAPPALLY**



BY :
**ALUMMOOTTIL FAMILY**
**KARTHIKAPPALLY**

# പ്രത്യാശ

ദുഃഖ സാഗരത്തിൽ നീന്തി നീന്തി
തളർന്നല്ലോ എൻ നാഥ ഈ മകൾ
കൈപിടിച്ചെന്നെ കര കയറ്റീടാൻ
നീയല്ലാതാരുള്ളൂ എൻ യേശു നാഥ

കൈകൾ കുഴയുന്നു കാലു തളരുന്നു
മാനസം നീറുന്നു ചങ്കു തകരുന്നു നാഥ
ഏഴയാകും സാധുവിനെ കൈവെടിയുമോ
ചൊല്ലുക എന്നോടെൻ കാൽവറിനാഥനെ

നിലയില്ലാകയത്തിൽ ഒഴുക്കിനെതിരെ
നീന്തി തളർന്നീടും എത്ര നാൾ ഈ സാധു
ഒന്നുമേ തിരുവസവിധേ ഒളിക്കാനില്ലന്നറിഞ്ഞു
കേണീടുന്നെൻ അന്ത്യ  യാത്രയ്ക്കായി

തള്ളിടല്ലേ നാഥാ കൈകൾ പിടിച്ചെന്നെ
നിൻ മാറോടു ചേർത്തണച്ചീടണമേ
ആശ്വാസം കൊള്ളട്ടെ ശാന്തി പുൽകട്ടെ
നിൻ പറുദീസയിൽ എന്നെന്നുമീ ദാസി

പറുദീസതൻ ആനന്ദം കണ്ടുകൊണ്ടെൻ
മാനസമുല്ലസ്സിക്കുന്നു ബഹു സന്തോഷാൽ
രോഗദുഃഖ പീഡയൊന്നുമേ കാണ്മാനില്ല
എന്നെന്നും സ്വർഗ്ഗീയ സ്തുതിഗീതങ്ങൾ

- ഒരു വിശ്വാസി കല്ലൂപ്പാറ

**വേർപാടിന്റെ 28–ാം വർഷം**
**18–04–1996**



**സി. ഗീവർഗ്ഗീസ്**
**പന്ത്രവിളാകത്ത്**
**കടമ്പനാട്**

**വേർപാടിന്റെ 2–ാം വർഷം**
**03–06–2022**



**മറിയാമ്മ**
**പന്ത്രവിളാകത്ത്**
**കടമ്പനാട്**

*- സന്തപ്ത കുടുംബാംഗങ്ങൾ*

# സോദരസംഘം വാർത്തകൾ

# സഹോദരൻ

(പരിശുദ്ധ പൗലോസ് ദ്വിതീയൻ ബാവാ ചാരിറ്റി പദ്ധതി)

**Sahodaran (Brother) 2023-24**
**26-Apr-24 to 28 May 2024**

| | |
|---|---|
| Educational Aid | 5,35,000.00 |
| Housing Aid | 15,64,796.00 |
| Marriage Aid | 5,50,000.00 |
| Medical Aid | 8,29,299.00 |
| SPECIAL AID | 2,32,356.00 |
| **Grand Total** | **37,11,451.00** |

**പദ്ധതിയിൽ അംഗങ്ങളായവരുടെ പേരുവിവരങ്ങൾ.**

**29 April 2024 to 26 May 2024**

2344 Mathew T.M
2345 Regi Philipose Eruva East P.o Kayamkulam
2346 Fr.Anil Joy [Pathrose Joy] Ajmer Road Rajasthan -
2347 Paul T.I Thengungal
2348 M.C Avenue, G.V.R Road, Kunnamkulam, Thrissur
2349 Fr.Mathew Nedumparampil
2350 Geo Paul Chemmanam, Peruva P.O, Kunnapilly
2351 Bijo Elcey Thomas
2352 Binoy Babu, Eruva po East Kayamkulam
2353 St.George Orthodox Syrian Church Koodal
2354 Very.Rev.Kurian Uthup Corepiscopa, Pariyaram Kottayam
2355 St.George Orthodox Church, Ambalathumkala Po kottarkkara, Kollam
2356 I.C Cherian,Metro Scans& Labortatory MedicalCollege
2357 P.S Michael, Plavilayil, Mallassery
2358 St.George Orthodox Valiyapally, Kizhakketheruv,Kottarakkara
2359 Very.Rev. K.T Jacob Corepiscopa, Kadhalikattu, Ayyappancovil
2360 Fr.Kuriakose Alex, Kollamana H, Prasadom Centre Kolencherry
2361 Leelamma Easow, Plathanath H, Chittar
2362 Jose M Thomas, Muruthompathalil H, Chittar
2363 C Paul Varghese, Vijaya Nagar, Indore
2364 P.G Yohannan, Padinjattedathu, Mundiapally
2365 St.Thomas Orthodox Church, Warren Mi, USA
2366 Rajesh John Mathew
2367 Mathew George, Kavil Chungathara
2368 Kurien Varghese, Vengal Medayil H, Podiyadi
2369 Martha Mariam Vanitha Samajam, St. Mary's Orthodox Cathedral, Hauz Khas, New Delhi
2370 Sajeev C Mani, Kandamundaril H, Aymanam
2371 Shibu Jacob, Konampurathu H, Udupi, Karnataka
2372 Mathew P.G
2373 Thomas Mathew, Ericad H, Thazhathangady,
2374 Biju K John
2375 Vinu Kuriakose
2376 Sinu Kuriakose, Thanathu H, Pothenpuram P.o Pampady
2377 Abraham Varghese, Kadamanputhelil, NCC Road Peroorkada
2378 Shaji Mathai, Panchvati Gorwa , Vadodara, Gujarat
2379 St.Marys Orthodox Church, Valanjavattom Thiruvalla
2380 Boby Thamby, Vilakath H, Aluva
2381 Kottayam Cheriyapally Orthodox Maha Edavaka
2382 P.K Cherian, Vattakunnel, Pulickal Devalokam

## Malankara Orthodox Syrian Church

**Address:**
Baselios Marthoma Mathews III,
Catholicate Aramana, Devalokam,
Kottayam-686004, Kerala, India

***ACCOUNT DETAILS:***
*Indian Currency*

| | |
|---|---|
| Account Name | : Baselios Marthoma Mathews III |
| Account Number | : 50220001884863 |
| IFSC | : ESMF0001132 |
| Bank & Branch | : ESAF Small Finance Bank, Kottayam |

Catholicate Aramana,
Devalokam P.O.(Via.)
Muttambalam,
Kottayam-686004,
Kerala, India
Tel no. 0481 2578500, 2578499,
*Email:*
catholicos@mosc.in
*Web Manager :*
webmanager@mosc.in
*Public Relations officer :*
pro@mosc.in

**സംഭാവനയായി പണം അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നവർ 9074925272 എന്ന വാട്ട്സപ് നമ്പറിലേക്ക് അഡ്രസ്സ് അയയ്ക്കുക.**

---

## പ. മാർത്തോമ്മാ ശ്ലീഹായുടെ പെരുന്നാൾ

18-ാം പേജിൽ നിന്നും......

**നാലാമതായി,** ശരിയായ വഴി തിരഞ്ഞെടുക്കുവാനുള്ള അവസരമാണീ പെരുന്നാൾ. അന്ത്യ അത്താഴത്തിനു ശേഷം യേശു ക്രിസ്തു തന്റെ ശിഷ്യഗണങ്ങളോടു യാത്രപറയുന്ന മർമ്മഭേദകമായ അവസരത്തിൽ മാർത്തോമ്മ ശ്ലീഹ പ്രകടിപ്പിക്കുന്ന സംശയത്തിനുള്ള മറുപടിയിങ്ങനെയാണ്. “ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു” (യോഹ. 14:6). “സ്വയം വഴി ആകുമ്പോഴാണ് യഥാർത്ഥ വഴിയിലൂടെ സഞ്ചരിക്കുക”യെന്ന ശ്രീബുദ്ധന്റെ വചനം യേശുക്രിസ്തുവിൽ നിറവേറിയിരിക്കുകയാണ്. ആ വഴി തെളിച്ചു തന്ന മാർത്തോമ്മ ശ്ലീഹായുടെ പെരുന്നാളാചരണം ശരിയായ വഴി തിരഞ്ഞെടുക്കലിന് മുഖാന്തിരമാകണം. യേശുവിനെ എപ്പോഴും പിൻപറ്റാൻ ആഗ്രഹിച്ചിരുന്ന മാർത്തോമ്മാ ശ്ലീഹായ്ക്ക് ലഭിച്ച വലിയൊരു ആശ്വാസമായിരുന്ന യേശു ക്രിസ്തുവിന്റെ ഈ പ്രസ്താവന. കാരണം തങ്ങളുടെ ഗുരു പോകുന്നിടത്തേക്കുള്ള വഴി അവൻ തന്നെയെങ്കിൽ പിന്നെ ഒന്നും അറിയേണ്ടതായിട്ടില്ല. യേശുവിനെ പിന്തുടരുക മാത്രം മതിയല്ലോ! അവനെ മാത്രം ആശ്രയിച്ചാൽ മതിയല്ലോ എന്നതായിരുന്നു ആശ്വാസം. നമ്മുടെ ജീവിതത്തിലും, ഭാവി അനിശ്ചിതമായി തോന്നുന്ന സമയങ്ങളിൽ, ചുറ്റും അന്ധകാരവും ഭീതിയും നിറഞ്ഞിരിക്കുന്ന സാഹചര്യങ്ങളിൽ, വഴി ഏതെന്നും എങ്ങിനെ പോകുമെന്നും അറിയാതെ ഉഴലുമ്പോൾ ശരിയായി വഴി കാണിച്ചു തന്നവനെ ഓർക്കുക. എബ്രായ ലേഖനകർത്താവ് ഓർമ്മിപ്പിക്കുന്നു: “വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക.... നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ചു മടുക്കാതിരിക്കുവാൻ പാപികളാൽ തനിക്കു നേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ചുകൊൾവിൻ” (12:2 - 3). നമ്മുടെ പിതാവായ മാർത്തോമ്മ ശ്ലീഹായുടെ മുൻപിൽ നില്ക്കുമ്പോൾ ശരിയായ മാർഗ്ഗം നമ്മുടെ മുൻപിൽ തെളിഞ്ഞു വരും. അരക്ഷിതാവസ്ഥയുടെ നടുവിൽ യഥാർത്ഥമായതും ശരിയുമായ പാത നമുക്ക് വിശദീകരിക്കുവാൻ മുഖാന്തിരമായവന്റെ പെരുന്നാളിൽ യേശു ക്രിസ്തുവിന്റെ വാക്കുകൾ നമുക്ക് പ്രത്യാശയും പ്രതീക്ഷയുമായിത്തീരട്ടെ. നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെ പ്രാർത്ഥന നമുക്ക് കോട്ടയും കാവലും അഭയവുമായിത്തീരട്ടെ.

# പാവനസ്മരണക്ക്



ആച്ചിയമ്മ ഗീവർഗീസ് (94)
22.06.1961



വർഗീസ് മാത്യു(104)
27.06.1994



മറിയാമ്മ മാത്യു(89)
24.06.1989



M.S വർഗീസ് (67)
18.06.1986



മാത്യു തോമസ് (70)
15.06.1993



പെണ്ണമ്മ തോമസ് (67)
12.06.2000



M.V മാത്യു (72)
09.06.2021

---

Inserted By :

**Mankoottathil Geevarghese Memorial Charitable Trust**
Kallissery, Chengannoor



# മലങ്കരയുടെ തേജസ്സ് : മഹാനായ മാർ ദീവന്നാസ്യോസ്

ആത്മീയതയുടെ നിഷ്കളങ്കതയും, പ്രായോഗികതയുടെ നയതന്ത്രജ്ഞതയും, സ്തുതിചൊവ്വാക്കപ്പെട്ട വിശ്വാസത്തോടുള്ള പ്രതിബദ്ധതയും, സാഹചര്യങ്ങളുടെ സമ്മർദ്ദത്തെ അതിജീവിക്കാനുള്ള പക്വതയും, ആഴമായ ദൈവഭക്തിയിൽ നിന്നുത്ഭവിക്കുന്ന ശുഭാപ്തി വിശ്വാസദാർഢ്യവും സമ്മേളിച്ച മലങ്കരയുടെ മഹാനായ മാർ ദീവന്നാസിയോസ് മലങ്കരമെത്രാപ്പോലീത്തായുടെ ഭൗതിക ദേഹവിയോഗത്തിന്റെ വാർഷികത്തിൽ, ആ പിതാവിന്റെ ധന്യമായ ജീവിത ദർശനങ്ങളെ അനുസ്മരിക്കാൻ നമുക്കാവുന്നത് ഭാഗ്യമായി കരുതുകയാണ്. 'സഭാതേജസ്സ്' എന്ന നാമധേയം അർത്ഥപൂർണ്ണമാക്കുന്നതായിരുന്നു ആ പിതാവിന്റെ മഹത്വപൂർണ്ണമായ ജീവിതം. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാ ർദ്ധവും ഇരുപതാം നൂറ്റാണ്ടിന്റെ പൂർവാർദ്ധവും മലങ്കരസഭയുടെ ചരിത്രത്തിൽ നിർണായകമായിരുന്നു. സഭയുടെ അസ്തിത്വം തന്നെ നഷ്ടപ്പെടാമായിരുന്ന ആ കാലഘട്ടത്തെ, വ്യക്തിപ്രഭവംകൊണ്ടും, ഇച്ഛാശക്തികൊണ്ടും, ദർശനവ്യാപ്തികൊണ്ടും, സർവ്വോപരി ദൈവാശ്രയം കൊണ്ടും പ്രഭാപൂരിതമാക്കിയ അനന്വയം; അതാണ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് ദ്വിതീയൻ അഥവാ മാർ ദീവന്നാസിയോസ് പഞ്ചമൻ മലങ്കരമെത്രാപ്പോലീത്ത.

കേരളത്തിന്റെ നിശ്ചല സാമൂഹ്യഘടനയെ ചലനാത്മകമാക്കിത്തീർത്ത പ്രേരകങ്ങളിൽ മലങ്കരസഭാപിതാക്കന്മാരുടെ ശ്രദ്ധേയമായ ഇടപെടലുകൾ, ചരിത്രത്തിന്റെ ഈടുവെയ്പ്പുകളിൽ ഒളിഞ്ഞും, തെളിഞ്ഞും കാണാവുന്നതാണ്. എന്നാൽ ദൈവീക നിയോഗങ്ങൾ അർത്ഥപൂർണ്ണമായി നിറവേറ്റുമ്പോഴും, പ്രസിദ്ധിയ്ക്കോ, ആത്മപ്രശംസയ്ക്കോ ഇടയാകാതിരിക്കാനുള്ള ജാഗ്രത പുലർത്തിയിരുന്നതുകൊണ്ടാകാം, അവരുടെ പ്രവർത്തനങ്ങൾക്ക് സെക്കുലർ ചരിത്രത്തിലെന്നല്ല, സഭാചരിത്രത്തിൽപോലും വേണ്ടത്ര പരിഗണന ലഭിക്കാതെപോയത്. കേരളസമൂഹത്തിലും, മലങ്കരസഭയിലും, ഘടനാപരമായ പരിവർത്തനങ്ങൾക്കിടയാക്കിയ നിരവധി സംഭവവി കാസങ്ങളുടെ സ്രോതസ്സന്വേഷിക്കുന്നവർക്ക് അവഗണിക്കാനാവാത്ത മഹത്വപൂർണ്ണമായ വ്യക്തിത്വമാണ് സ്മര്യപിതാവിന്റേത്.

ആധുനികകേരളത്തിന്റെ നവസാമൂഹ്യനിർമ്മിതിയുടെ ചരിത്രവിവരണങ്ങളിൽ കേരളനവോത്ഥാനനായകനെന്ന് പ്രഘോഷിക്കപ്പെടുന്ന ശ്രീനാരായണഗുരുവിനും അരനൂറ്റാണ്ടുമുമ്പ്, കേരളക്കരയിൽ സാമൂഹ്യവിപ്ലവത്തിന്റെ ശംഖൊലിമുഴക്കിയ അദ്ധ്യാത്മിക തേജസ്സായിരുന്നു മാർ ദീവന്നാസിയോസ്. ആ പിതാവ് കേരളസംസ്ക്കാരത്തിനും സമൂഹത്തിനും നൽകിയ സംഭാവനകളുടെ നാലിലൊന്ന് പോലും വരില്ല, ഇന്ന് ചരിത്രം ഉദ്ഘോഷിക്കുന്ന പല മഹാന്മാരുടേയും സംഭാവനകൾ. വികസിതരാഷ്ട്രങ്ങളുടെ വിദ്യാഭ്യാസപുരോഗതിയെ വെല്ലുന്ന വിദ്യാഭ്യാസവിപ്ലവത്തിന് വേദിയായ, കേരളത്തിന്റെ ഗതകാലചരിത്രത്തിന്റെ വഴികാഴ്ചകളിലൂടെ പുറകോട്ട് സഞ്ചരിച്ചാൽ മലങ്കര സഭാപിതാക്കന്മാർ നല്കിയ സഫലമായ നേതൃത്വത്തിന്റെ അതുല്യമായ സംഭാവനകൾ ആർക്കും നിഷേധിക്കാനാവുമെന്ന് തോന്നുന്നില്ല. ചരിത്രസത്യങ്ങളെയും, യാഥാർഥ്യങ്ങളേയും ആനുകാലിക സംവിധാനങ്ങളുടെ മാനദണ്ഡങ്ങളിലൂടെ വിലയിരുത്തുവാൻ ശ്രമിക്കുന്നവർ, സംഭവങ്ങളെയും വ്യക്തികളേയും സാഹചര്യങ്ങളിൽ നിന്നടർത്തിമാറ്റി വ്യക്തിപരമായ, മതപരമായ, രാഷ്ട്രീയമായ, പ്രാദേശികമായ നിലപാടുകളുടെയും വ്യാഖ്യാനങ്ങളുടെയും താല്പര്യങ്ങളുടെയും അടിസ്ഥാനത്തിൽ വിലയിരുത്തുന്നു എന്ന പോരായ്മ സഭാചരിത്രത്തിൽ മാത്രമല്ല, സെക്കുലർ ചരിത്രരചനയിലും പ്രബലപ്പെടുന്നുണ്ടെന്നതാണ് യാഥാർഥ്യം. ചരിത്രരചനയുടെ ഈ അനാരോഗ്യകരമായ പ്രവണത ആധുനികകാലഘട്ടത്തിലാണ് ഇത്രയും രൂക്ഷമാകുന്നത്. ഗവേഷണം നടത്തിയാലേ സത്യം ഗ്രഹിക്കാനാവൂ എന്നും, പ്രഭവസാമഗ്രികൾ പലപ്പോഴും വേട്ടക്കാരന്റെ പക്ഷത്താണെന്നും, സംഘടിതമായ ശാക്തിക ചേരിയുടെ സമ്മർദ്ദത്തിലാണ് ചരിത്രമെന്നതും അരോചകമായ സത്യമാണ്.

വ്യവഹാരങ്ങളുടെയും, വിശ്വാസവിപരീതങ്ങളുടെയും, പ്രൊട്ടസ്റ്റണ്ടുകാരായ ഇംഗ്ലീഷ് ഭരണാധികാരികളുടെയും, അവരോട് മമതയും കൂറും പുലർത്തുന്ന, സഭയ്ക്കുള്ളിലെ തന്നെ വിഘടിത വിഭാഗത്തിന്റെയും ബോധപൂർവ്വവും സംഘടിതവുമായ ആക്രമണങ്ങൾ മൂലം ദിശാബോധം നഷ്ടപ്പെട്ട് ആടിയുലഞ്ഞ മലങ്കരസഭയെ പ്രാർഥനാപൂവ്വം ശുഭതുറമുഖത്തേയ്ക്ക് നയിച്ചു എന്നതു മാത്രമല്ല

ഫാ. ഡോ. സണ്ണി ചാക്കോ, കുന്നംകുളം

ആ പിതാവിന്റെ മഹത്വം. ഇന്ന് മലങ്കര സഭയിൽ കാണുന്ന എല്ലാ ആത്മീയ സംഘടനകളുടെയും പ്രോദ്ഘാടകൻ, കുന്നംകുളം, കോട്ടയം, മാവേലിക്കര, പരുമല എന്നിവിടങ്ങളിലെ വൈദികപരിശീലന കേന്ദ്രങ്ങളുടെ സ്ഥാപകൻ, കേരളത്തിലെ സുപ്രധാന നഗരങ്ങളിൽ നിരവധി ദേവാലയങ്ങൾ സ്ഥാപിച്ച് സഭയുടെ അതിർത്തികൾ വിശാലമാക്കിയ സംഘാടകപ്രതിഭ, മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ എന്ന പേരിൽ കേരളത്തിലെ പ്രഥമ സമുദായ സംഘടനയുണ്ടാക്കി മലങ്കരസഭക്ക് വികേന്ദ്രീകൃത എപ്പിസ്കോപ്പൽ-ജനായത്ത ഭരണസംവിധാനം രൂപീകരിച്ച് ആധുനികതയിലേക്ക് ദിശാബോധം നൽകിയ ക്രാന്തദർശി, മുളന്തുരുത്തി വെട്ടിക്കൽ ദയറായുടെ സ്ഥാപനത്തിലൂടെ, മലങ്കരയിലെ ദയറാ പ്രസ്ഥാനത്തിന്റെ പ്രാരംഭകൻ, എന്നീ നിലകളിൽ കർമ്മനിരതനായത് സഭയ്ക്കുള്ളിലെ പ്രവർത്തനങ്ങളായിരുന്നുവെങ്കിൽ, കേരളത്തിൽ പ്രമുഖപട്ടണങ്ങളിൽ അച്ചടിശാലകൾ സ്ഥാപിച്ച് അവയിലൂടെ മലയാളം, സുറിയാനി എന്നീ ഭാഷകളിലുള്ള ആരാധനാ സാഹിത്യഗ്രന്ഥങ്ങളും, കേരളപതാക, ഇടവക പത്രിക, സുറിയാനി സുവിശേഷകൻ എന്നീ ആനുകാലികങ്ങളും പ്രസിദ്ധീകരിച്ച് ജനങ്ങളെ ഉദ്ബുദ്ധരാക്കിയതും, ഇടവകകൾ തോറും, ഇരുന്നൂറ്റിയമ്പതിലധികം പള്ളിക്കൂടങ്ങൾ, ഇംഗ്ലീഷ് സ്ക്കൂളുകൾ, പെൺപള്ളിക്കുടങ്ങൾ എന്നിവ സ്ഥാപിക്കുകയും അവയിലൂടെ പ്രബുദ്ധരായ ഒരു ജനതയെ ഒരുക്കി അവർക്ക് മഹാജനസഭ എന്നപേരിൽ ഒരു സാംസ്ക്കാരിക സംഘടനയും, 'മലയാള മനോരമ' എന്ന പേരിൽ ഒരു പത്രവും സംവിധാനം ചെയ്യുന്നതിൽ മുന്നോടിയായി നിന്ന്, കേരളത്തിന്റെ സാംസ്ക്കാരിക നവോത്ഥാനത്തിന് വഴിതെളിയിച്ച്, സാമൂഹ്യവിപ്ലവം യാഥാർത്ഥ്യമാക്കിയതും, പൗരസ്വാതന്ത്ര്യത്തിനുവേണ്ടി ശബ്ദമുയർത്തിയ മെമ്മോറിയലുകളുടെ അണിയറ ശിൽപികളിലൊരാളായി നിന്ന് നേതൃത്വം നൽകിയതും, ഐക്യകേരളം എന്ന ലക്ഷ്യത്തെ പരിപോഷിപ്പിച്ചതും, സാക്ഷരകേരളത്തിന് അദ്ദേഹത്തിന്റെ സംഭാവനകളായിരുന്നു.

യൂറോപ്യൻ നാടുകളിലെ നവോത്ഥാനത്തിന്റെ പ്രേരകങ്ങളും, ഫ്രഞ്ചു വിപ്ലവത്തിന്റെ മാനവിക ദർശനവും, പാശ്ചാത്യപ്രബുദ്ധതയുമെല്ലാം വിദ്യാഭ്യാസത്തിന്റെ പരിണിത ഫലങ്ങളാണെന്ന യാഥാർത്ഥ്യം അദ്ദേഹം തിരിച്ചറിഞ്ഞു. ഇതിന്റെ ഫലമായി നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തെ പൊളിച്ചെഴുതുവാനും ആധുനിക വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ അടിത്തറപാകുവാനും ആ പിതാവിനു കഴിഞ്ഞു.

സാമൂഹ്യപരിവർത്തനധാരയിൽ ദർശനങ്ങളുടെ കരുത്ത് തിരിച്ചറിഞ്ഞ ഈ മഹാത്മാവ്, മനുഷ്യരെല്ലാവരും ദൈവപിതാവിന്റെ മക്കളാണെന്നും, സ്വാതന്ത്ര്യം ദൈവദത്തമാണെന്നും, ചൂഷണം പാപമാണെന്നും, ക്രിസ്തു സാമൂഹ്യവിപ്ലവത്തിന്റെ വക്താവാണെന്നും, ക്രിസ്തുവിന്റെ അനുയായികൾ സാമൂഹ്യപരിവർത്തനത്തിന്റെ പ്രവാചകന്മാരാകണമെന്നും, തുടങ്ങി നിരവധി നവോത്ഥാനാശയങ്ങൾ കേരളത്തിലെമ്പാടും പ്രചരിപ്പിക്കുവാനും, സഭാമക്കളെ അതിന് സജ്ഞരാക്കുവാനും, കേരളത്തിൽ സാമൂഹ്യവിപ്ലവത്തെ ഉൾക്കൊള്ളുവാനുള്ള പശ്ചാത്തലമൊരുക്കുവാനും, ആനുകാലിക പ്രസിദ്ധീകരണങ്ങളും, വിദ്യാലയങ്ങളും സ്ഥാപിച്ച് സഫലമായി യത്നിച്ചു. കൂടാതെ നവോത്ഥാന ശ്രമങ്ങൾക്ക് ദിശാബോധവും നേതൃത്വവും നൽകുവാൻ നിരവധി സംഘടനകൾ രൂപീകരിച്ചു. മലങ്കര അസ്സോസിയേഷൻ, സുറിയാനിസഭ ലഘുലേഖ സംഘം, വൈദികസംഘം, മഹാജനസഭ, ജാതൈക്യ സംഘം, വിദ്യാർത്ഥിസംഘം എന്നിവ സ്ഥാപിച്ച് അവയിലൂടെ നവോത്ഥാന നായകരെ പരിശീലിപ്പിച്ചു. കോട്ടയം പഴയസെമിനാരിയുടെ പ്രവർത്തനം നിലച്ചുപോകുന്ന സാഹചര്യത്തിൽ, വൈദികനേതൃത്വത്തെ വിദ്യാസമ്പന്നരാ ക്കി, നവോത്ഥാന പരിശ്രമങ്ങൾക്ക് ആക്കം കൂട്ടുവാൻ അസാധ്യമായിവന്ന പരിതസ്ഥിതിയിൽ, കോട്ടയം എംഡി സെമിനാരി സ്ഥാപിച്ച്, പകരം സംവിധാനം ഒരുക്കിയത്, ആ പ്രതിഭാധനന്റെ ക്രാന്തദർശിത്വത്തിന്റെ പ്രതിഫലനമാണ്.

'വിദ്യകൊണ്ട് വിജ്ഞരാകുവിൻ സംഘടിച്ച് ശക്തരാകുവിൻ' എന്ന് നാരായണഗുരു ആഹ്വാനം ചെയ്യുന്നതിനും മൂന്നുദശകങ്ങൾക്കുമുമ്പ്, വിദ്യയുടെ മഹത്വവും സംഘടനയുടെ ശക്തിയും തിരിച്ചറിഞ്ഞ്, ഇക്കാര്യങ്ങൾ പ്രാവർത്തികമാക്കിയ മഹാത്മാവായിരുന്നു മഹാനായ മാർ ദീവന്നാസ്യോസ് മലങ്കരമെത്രാപ്പോലീത്തായെന്നറിയുമ്പോൾ ആ പിതാവിന്റെ ദർശനവ്യാപ്തി ആരെയാണ് അത്ഭുതപ്പെടുത്താതിരിയ്ക്കുക. കേരളത്തിലെ ഈഴവ സമുദായവും, അവർണ്ണസമൂഹവും, നായർ സമുദായവും, നമ്പൂതിരി സമുദായവും, ഏറ്റവും ഒടുവിൽ മുസ്ലീം സമുദായവും നവോത്ഥാന ശ്രമങ്ങളോട് ആഭിമുഖ്യം പ്രദർശിപ്പിച്ചത് മലങ്കരസഭയുടെ ഈ സാംസ്ക്കാരിക ദർശനങ്ങളുടെ സ്വാധീനഫലമായിട്ടായിരുന്നു എന്ന് ചരിത്രം സാക്ഷിക്കുന്നു. കേരളത്തിലെ നവോത്ഥാനനായകരെന്ന് വിശേഷിപ്പിക്കപ്പെടുന്ന ശ്രീനാരായണഗുരു, അയ്യങ്കാളി, കെ. കേളപ്പൻ, മന്നത്ത് പത്മനാഭൻ, വക്കം മൗലവി തുടങ്ങിയവരുടെ കാലഘട്ടത്തിന് അരനൂറ്റാണ്ടു മുമ്പ് പ്രവർത്തനനിരതനായ, ജന്മംകൊണ്ട് കുന്നംകുളത്തെ ധന്യമാക്കിയ, ഈ പിതാവ് മലങ്കരസഭയ്ക്കും, കേരളസാംസ്കാരിക ചരിത്രത്തിനും നൽകിയ സംഭാവനകൾ കേരളം മുഴുവനും ചർച്ചചെയ്യപ്പെടാവുന്ന രീതിയിൽ സംവിധാനം ചെയ്യുവാൻ നമുക്ക് ബാധ്യതയുണ്ട്. ○


## മലങ്കരസഭ

വരിസംഖ്യ

| | | |
|---|---|---|
| ഇന്ത്യയിൽ | | |
| ഒറ്റപ്രതി | : | ₹ 25 |
| ഒരുവർഷം | : | ₹ 250 |
| 4 വർഷം | : | ₹ 900 |
| വിദേശത്തേക്ക് | | |
| ഒരു വർഷം | : | ₹ 4000 |

TARIFF

| | | |
|---|---|---|
| Back Page (Colour) | : | 25,000 |
| Front Inside (Colour) | : | 20,000 |
| Back Inside (Colour) | : | 20,000 |
| Inner Page (Colour) | | |
| Full ,, | : | 15,000 |
| Half ,, | : | 8,000 |
| Quarter ,, | : | 5,000 |
| Minimum (Colour) | : | 2,500 |
| Favours Block (Stamp Size) | : | 1000 |
| Full page (B&W) | : | 8000 |
| Half page (B&W) | : | 5000 |
| Quarter page (B&W) | : | 3000 |
| Matrimonial (Minimum) | : | 1000 |
| Minimum (B&W) | : | 1500 |

*കൂടുതൽ വിവരങ്ങൾക്ക്:*
**0481 2573234, 9947804477**



# പിതൃ നന്മകളുടെ കിണറുകൾ

സോനു സജി

ഉറവകളെ കണ്ടെത്തുവാനുള്ള നിതാന്തമായ പരിശ്രമം മനുഷ്യന്റെ എക്കാലത്തേയും ജീവന്റെ നിലനില്പിനായുള്ള പോരാട്ടമായിരുന്നു. ഉറവകളുടെ കണ്ടെത്തൽ ഒരു തലമുറയുടേതല്ല. പല തലമുറകളുടെ വിജയമാണ്. ജീവികളുടെ കൂടും മനുഷ്യന്റെ കൂടാരവും സംസ്കാരങ്ങളുമെല്ലാം സജീവമാക്കപ്പെട്ടതും പടുത്തുയർത്തപ്പെട്ടതും ഉറവകളുടെ സുഖശീതളിമയിലായിരുന്നു. ഇന്നലകളുടെ അദ്ധ്വാനങ്ങൾക്കും പ്രതീക്ഷകൾക്കുമുള്ള ഇന്നിന്റെ സമ്മാനമായിരുന്നു ഓരോ നീരുറവയും. മരുഭൂമിയുടെ കഠിനതകളും അലച്ചിലുകളുടെ വല്ലായ്മയും ജീവിതയാത്രയ്ക്ക് പ്രഹരമേല്പിക്കുമ്പോൾ സ്വസ്ഥതയും സ്ഥിരതയും സ്വപ്നം കാണുന്നവർക്ക് തലമുറകൾക്ക് കൈമാറുവാൻ സ്വർഗം വരപ്രസാദമായി നൽകുന്ന പുണ്യമാണ് നീരുറവകൾ. ആ പുണ്യം പ്രാപിച്ചെടുക്കുകയും പകർന്ന് നൽകുകയും ചെയ്തവനാണ് ഇസഹാക്ക് .

ഊഷരതയിൽനിന്നും ഊർവ്വരതയിലേക്കുള്ള പ്രയാണമദ്ധ്യത്തിലാണ് യിസഹാക്ക് ഗേരാർ താഴ്വരയിൽ കൂടാരമടിച്ചത്. ഗേരാർ ദേശത്തും ഗേരാർ താഴ്വരയിലും യിസഹാക്കിന്റെ കൂടാരത്തിന് പിതാവായ അബ്രഹാം പണിത കൂടാരത്തിന്റെ അടിസ്ഥാനങ്ങളും ശേഷിപ്പുമു ണ്ട്. പിതാവിന്റെ നന്മകൾ ഓർമ്മയിൽ സൂക്ഷിക്കുന്ന യിസഹാക്ക് പണിതുയർത്തുന്ന ഓരോ കൂടാരവും  കൈമോശം വരാത്ത ദൈവീക വാഗ്ദത്തത്തിന്റെ ഉറപ്പുള്ള നിത്യനിയമങ്ങൾ തന്നെയാണ്. തലമുറകൾക്ക് എന്നെന്നേക്കുമായി ദൈവത്തിൽനിന്നും അബ്രഹാം പിതാവിന് പകർന്നുകിട്ടിയ വാഗ്ദത്തങ്ങളുടെ നീരുറവകൾ മണ്ണിട്ട് മൂടുവാനോ മൂടപ്പെട്ട് കിടക്കുവാനോ യിസഹാക്ക് ആഗ്രഹിക്കുന്നില്ല. ഫെലിസ്ത്യർ മൂടിക്കളഞ്ഞ, അബ്രഹാം കുഴിച്ച ഓരോ കിണറും പുനർനിർമ്മിക്കുന്നതിനുള്ള യിസഹാക്കിന്റെ അദമ്യമായ ആഗ്രഹം, ദൈവം ഒഴുക്കിത്തന്ന നീരുറവകളെ പ്രാപിക്കുന്നതിനുള്ള യിസഹാ ക്കിന്റെ അതീവ താല്പര്യത്തെ വെളിവാക്കുന്നു. അപരന്റെ നന്മകളെ മണ്ണിട്ടുമൂടി ആർക്കും പ്രയോജനപ്പെടുത്തുവാൻ കഴിയാത്ത നിഷ് ഫലതയുടേയും മഹാപാതകത്തിന്റേയും സംസ്കാരത്തെ പിൻതുടരുവാൻ യിസഹാക്ക് തയ്യാറാകുന്നില്ല.


പിതാവിന്റെ വിശ്വാസ തീവ്രതയും ദൈവീക ഇടപെടലിന്റെ മഹത്വവും കണ്ടും അനുഭവിച്ചും അറിഞ്ഞവനാണ് യിസഹാക്ക്. ജീവിതാനുഭവങ്ങളുടേയും ദേശാന്തര യാത്രകളുടേയും വേലിയേറ്റങ്ങളിലും വേലിയിറക്കങ്ങളിലും സന്തുലിതാ വസ്ഥയുടെ പാഠങ്ങൾ ഇന്നലകളുടെ മരുഭൂമിയിൽ പഠിച്ചെടുക്കുകയും പകർന്നു നല്കുകയും ചെയ്ത പാരമ്പര്യമാണ് തന്റേതെന്ന ഉൾ ബോധ്യം യിസഹാക്കിലുണ്ട്. യിസഹാക്ക് പുനരുദ്ധരിക്കുന്ന 'സിത്ന' (ശത്രുത), ഏശെക് (ശണ്ഠ) എന്നീ കിണറുകളെക്കുറിച്ച് ഗെരാർ ദേശക്കാർ ശണ്ഠയിടുമ്പോൾ ശത്രുതയുടേയും ശണ്ഠയുടേയും പാരമ്പര്യമല്ല താൻ പിൻതുടരുന്നതെന്ന് ഗെരാർ ദേശവാസികൾക്ക് കാണിച്ചു കൊടുക്കുന്ന യിസഹാക്ക് ഭൂമിയിലെ ഉറവകളായ താൽക്കാലിക നന്മകളേക്കാൾ ഏറെ മൂല്യവും വിലയുമുള്ളതാണ് ദൈവം പകർന്നു നല്കിയ പിതൃനന്മകളെന്ന് തെളിയിച്ചുകൊണ്ട് കിണറുകളെ വിട്ടുനല്കുന്നു. യിസഹാക്ക് വീണ്ടും സ്വസ്ഥതയുടേയും ശാന്തതയുടേയും നീരുറവകൾ അന്വേഷിച്ച് അവയെ പുനരുജ്ജീവിപ്പിക്കുന്നു.

ഇന്നലകളുടെ നന്മകളും സൗഹൃദങ്ങളും മണ്ണിട്ട് മൂടുകയും അവയ്ക്ക് മുകളിൽ സ്വാർത്ഥതയുടെ ബഹുനിലകെട്ടിടങ്ങൾ പണിയുകയും അഹന്തയുടേയും കലഹത്തിന്റേയും ശത്രുതയുടേയും സംസ്കാരം

നിറയ്ക്കുകയും ഭീതിപ്പെടുത്തുന്ന ശവകുടീരങ്ങളാക്കി മാറ്റുന്ന പാഴ്ജന്മങ്ങൾക്ക് വെല്ലുവിളി ഉയർത്തുകയാണ് ഇസഹാക്ക്. പിതാക്കന്മാരിൽ ജീവിതവിശുദ്ധികൊണ്ടും നന്മകൾ കൊണ്ടും യിസഹാക്ക് വേറിട്ട് നില്ക്കുന്നു. ഒരിക്കൽ യാഗമൃഗമായി വിധിക്കപ്പെട്ട യിസഹാക്ക് തന്റെ ജീവിതം ദൈവത്തിനും ദേശത്തിനും സൗരഭ്യവാസനയുള്ള യാഗമായി സമർപ്പിക്കുന്നു. യിസഹാക്ക് പുനർനിർമ്മിക്കുന്ന കിണറുകൾക്കെല്ലാം തന്റെ അപ്പൻ നൽകിയ പേരുകൾ തന്നെയാണ് നല്കുന്നത്. താൻ കുഴിച്ച കിണറുകൾക്ക് വേണ്ടി ഗേരാർ ദേശത്തിലെ ഇടയന്മാർ ശണ്ഠയിടുമ്പോൾ സിത് നായെന്നും ഏശെക് എന്നും പുനർനാമകരണം ചെയ്യുന്നതിലൂടെ ശത്രുതയും കലഹവും തലമുറകളിലേക്ക് പകരപ്പെടുവാനും കൂട്ടിച്ചേർക്കുവാനും പാടില്ലാത്ത സംസ്കാരശൂന്യതകളാണെന്ന് യിസഹാക്ക് വിളിച്ചറിയിക്കുന്നു. തലമുറകളിലേക്ക് പകരപ്പെട്ട ഈ സന്ദേശവും സാക്ഷ്യവും ഏശാവ് യാക്കോബ് ബന്ധങ്ങളിൽ വെളിപ്പെടുന്നുണ്ട്. തന്നെ ചതിച്ച് കടന്നുപോയ യാക്കോബ് മടങ്ങിവരുമ്പോൾ ഏശാവ് ഏറെ വാത്സല്യത്തോടും സ്നേഹത്തോടുകൂടിയുമാണ് അനുജനെ സ്വീകരിക്കുന്നത്. പകയുടേയും പിണക്കത്തിന്റെയും പാഠങ്ങൾ മറന്ന് യോസേഫ് എത്ര സ്നേഹത്തോടെയാണ് സഹോദരന്മാരെ സ്വീകരിക്കുന്നത്. നന്മയുടെ കിണറുകളും സ്നേഹത്തിന്റെ ഉറവുകളും വറ്റിപ്പോകാതെ തലമുറകളോളം നിലനില്ക്കും.

ശണ്ഠകളും വഴക്കുകളും അവകാശവാദങ്ങളുമില്ലാത്ത സ്വസ്ഥതയുടെ അന്വേഷണത്തിൽ യിസ്ഹാക്ക് കുഴിക്കുന്ന കിണറാണ് രെഹോബോത്ത്. ദൈവം നല്കുന്ന ഇടവും ദൈവം നല്കുന്ന വർദ്ധനയുമാണ് ശാശ്വതമായിട്ടുതെന്ന സാക്ഷ്യപ്പെടുത്തലാണ് യിസ്ഹാക്കിന്റേത്. വിശുദ്ധതകളും നന്മകളും കാത്തുസൂക്ഷിച്ചിരുന്ന പല സുകൃതങ്ങളും മരിച്ച് മണ്ണടിഞ്ഞിട്ടും സ്വാർത്ഥതകൾ കൊണ്ട് മൺകൂനകൾ മേൽക്കുമേൽ പണിതെടുത്തിട്ടും ഒരു മഴയ്ക്കോ ഗതിമാറുന്ന ഒരു പുഴയ്ക്കോ അലിയിച്ചുകളയാവുന്നതിനപ്പുറം ഒരു മൺകൂനയും പണിതെടുക്കുവാൻ കഴിയില്ലെന്ന് തിരിച്ചറിയാതെ പോകുന്നത് എന്താണ്? കലഹിച്ചെടുത്തതും കവർന്നെടുത്തതും ഒരു നാൾ അവൻ സ്വന്തമാക്കുമെന്ന് തിരിച്ചറിയാഞ്ഞത് എന്താണ്. നന്മയുടെ കിണറുകൾ കുഴിക്കുന്നവന് തിന്മയുടെ തൊടികൾ വെട്ടിക്കൊടുക്കുന്നവർ അറിയുക ഉറവുകളുടെ ഉടയവൻ ഉയരത്തിലാണ് ഉള്ളതെന്ന്.

ഭൂമിയുടെ മണ്ണിൽ ലൗകികതയുടെ കിണറുകൾക്ക് മേലായി ആത്മീയതയുടെ ആഴമുള്ള നീരുറവുകളെ കണ്ടെത്തിയവനാണ് അബ്രഹാം. പിതാവായ അബ്രഹാം വെട്ടിയെടുത്ത വിശ്വാസത്തിന്റെ നീർത്തടങ്ങൾ നന്മയുടെ നാളേക്കായി യിസ്ഹാക്ക് പുനരുദ്ധരിക്കുന്നു. മൺമറഞ്ഞുപോയ ഇന്നലകളിലെ ജീവദായകമായ നന്മകളെ പുനരുജ്ജീവിപ്പിക്കുവാൻ കഴിയുമ്പോഴാണ് അബ്രഹാമിന്റേയും യിസ്ഹാക്കിന്റേയും യാക്കോബിന്റേയും യോസഫിന്റേയും ദൈവമെന്ന പ്രാർത്ഥനയും അഭിസംബോധനയും അർത്ഥവത്തായിത്തീരുന്നത്. കാലങ്ങൾ നികത്തിയ പിതൃനന്മകളുടെ കിണറുകൾ വീണ്ടും കുഴിക്കാം. ആത്മാവിന്റെ മാധുര്യമുള്ള ഉറവകൾ ഇനിയും ഒഴുകട്ടെ.




## ഫാ. ആൻഡ്രൂസ് ജോസഫ് ഐക്കരമറ്റത്തിൽ

1 പൊട്ടക്കിണറ്റിൽ (ചെളിക്കുണ്ടിൽ) തള്ളപെട്ട പ്രവാചകൻ ആര് ?
2. മലങ്കരയിൽ 'മാർ യാക്കോബ് ബുർദ്ദോനോ'യുടെ തിരുശേഷിപ്പ് സ്ഥാപിച്ചിട്ടുള്ള ദേവാലയം ഏത്.
3. മലങ്കര സഭ 'ഓർത്തഡോക്സ് വിശ്വാസവും, അലക്സാണ്ട്രിയൻ വേദശാസ്ത്രവും' ഔദ്യോഗികമായി അംഗീകരിച്ചത് എന്നാണ്.
4. നിക്കോളാസ് മൈക്കളിവിച്ച് സർനൊവ് എന്ന ഓക്സ്ഫോർഡിലെ അധ്യാപകനായിരുന്ന റഷ്യക്കാരൻ മലങ്കര സഭയുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു.
5. സുറിയാനി സംഗീത വിഭാഗത്തിലെ എനിയോനോ, കാത്തിസ്മ, സുഗിസോ മദ്റോശോ ഇവയ്ക്ക് പൊതുവായ സവിശേഷത എന്താണ്. ഇതിൽനിന്നും വ്യത്യസ്തമാണ് ബോവൂസോ, എക്ബോ എന്നിവ.
6. ശവപ്പെട്ടിയിൽ അടക്കം ചെയ്യപ്പെട്ടതായി വേദപുസ്തകത്തിൽ പറഞ്ഞിട്ടുള്ള ഏറ്റവും പ്രായം കൂടിയ വ്യക്തി
7. വിവാഹകൂദാശയിൽ മോതിരം വാഴ്വിന്റെ ക്രമത്തിൽ പരാമർശിക്കുന്ന പഴയ നിയമ വിവാഹനിശ്ചയം ആരുടെതാണ്.
8. ശമുവേൽ പ്രവാചകനെ സംസ്കാരം ചെയ്തത് എവിടെയാണ്.
9. ഇപ്പോഴത്തെ മലങ്കര മൽപ്പാൻ ആര്?
10. ഈ വർഷത്തെ ഐപിഎൽ ക്രിക്കറ്റ് വിജയികൾ ആര്.
11. ലോകപ്രശസ്ത സുറിയാനി ഭാഷാ പണ്ഡിതനായ ഒരാൾ അടുത്തിടെയാണ് സുറിയാനി സഭയിൽ അംഗമായത്. ആരാണ് അദ്ദേഹം.
12. ഗായൊസിനെ അഭിസംബോധന ചെയ്തുകൊണ്ട് എഴുതിയ ലേഖനം ഏതാണ്
13. ഫറവോൻ ,ബിലയാം, ആഖാൻ, ദാവീദ്, ശിമയി, ഹിസ്ക്കിയാവ്, ശൗൽ, ഇയ്യോബ്, മീഖ, നെഹമ്യാവ് എന്നിവർക്ക് പൊതുവായുള്ള സവിശേഷത എന്താണ്.
14. 'വലിയ നോമ്പിലെ ആദ്യ ശനിയാഴ്ചയായ ഇന്ന്, ഭൂലോക മൽപ്പാനായ മാർ അപ്രേമിന്റെ ഓർമ്മ ദിവസമായ ഇന്ന്, മലങ്കരയുടെ വലിയ മല്പാൻ ദിവംഗതനായിരിക്കുന്നു'
ഇത് ഒരു ചരമപ്രസംഗത്തിന്റെ ആരംഭം ആണ്.
ആരുടെ ചരമം ആണ്.ആര് നടത്തിയതാണ് ഈ പ്രസംഗം.
15. കപ്പൽ ഛേതത്തിൽ നിന്ന് രക്ഷപ്പെട്ട പൗലോസ് എത്തിപ്പെട്ട ദ്വീപ്.

*(ശരിയുത്തരം അയയ്ക്കുന്നവരിൽ തെരഞ്ഞെടുക്കപ്പെട്ട 4 പേരക്ക് സമ്മാനം നല്കുന്നതാണ്. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി 2024 ജൂൺ 27) ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം: എഡിറ്റർ, മലങ്കരസഭ മാസിക, കാതോലിക്കേറ്റ് അരമന, ദേവലോകം പി.ഓ., മുട്ടമ്പലം-686004, 0481-2573234. 9961027070*

ഫാ. സജി യോഹന്നാൻ

# 'വത്സലരെ ദൂരത്തെന്തിനു നിൽക്കുന്നു...'

നീർക്കുമിളപോലെ ക്ഷണികമായ, വയലിലെ പുല്ലു പോലെ ഉണങ്ങി നഷ്ടമാകുന്ന, ഈ നശ്വര ലോക ജീവിതത്തിന്റെ അന്ത്യയാത്രയിൽ പാടാൻ സഭ കരുതി വെച്ചിരിക്കുന്ന യാത്ര മൊഴിയുടെ ആരംഭമാണ് തലക്കെട്ടായി മുകളിൽ കുറിച്ചിരിക്കുന്നത്. ജീവിതത്തെ കുറിച്ച് പ്രത്യാശ ഇല്ലാത്തവർക്കും ഉള്ള വർക്കും ഒക്കെ ഈ ഗാനം പാടിയാണ് കല്ലറയിലേക്കു ഭൗതീക ശരീരം എടുക്കുന്നത്. ഈ അടുത്തകാലംവരെ പുരോഹിതരും ശുശ്രൂഷക്കാരും ഒക്കെ ചേർന്ന് പാടിയ ഹൃദയാവർജ്ജകമായ ഈ പാട്ട് ഇപ്പോൾ പാടുന്നത് 'ഫ്യൂണറൽ കയർ' എന്ന് ഇന്ന് നാം വിളിക്കുന്ന പ്രത്യേക ഗായക സംഘമാണ്. അനുതാപവും, ദുഖവും സ്ഫുരിക്കുന്ന അത്തരം പാട്ടുകൾ അമിത താള മേള പശ്ചാത്തലത്തിൽ തികച്ചും യാന്ത്രികമായി പാടിപ്പോകുന്ന ഇന്നത്തെ അവസ്ഥയിൽ അത് അനുതാപവും ദുഖവും ഉളവാക്കാൻ ഉപകരിക്കുന്നതിനുപരി ഭയാനകതയുടെ പാട്ടായി മാറിപ്പോകുന്നു.

ഇന്ന് അനേക മരണങ്ങളും നടക്കുന്നത് 'വെന്റിലേറ്റർ' എന്ന് വിളിക്കുന്ന കൃത്രിമ ജീവൻരക്ഷാ സംവിധാനത്തിലാണ്. പ്രിയപ്പെട്ടവർ മരിക്കുമ്പോൾ അടുത്ത് നിൽക്കാനോ, കല്പിക്കപ്പെട്ട പ്രാർത്ഥനകൾ ആ ആളിന് വേണ്ടി നിർവ്വഹിക്കാനോ, ആ നാവിൽ അല്പം വെള്ളം തൊട്ടു കൊടുക്കാനോ, എന്നന്നേക്കുമായി ഈ ഭൂമിയിൽ പ്രകാശം നഷ്ടമാകുന്ന ആ കണ്ണുകൾ ഒന്ന് കൂട്ടിയടക്കാനോ. ആ മുഖത്തൊന്നു തൊട്ടു തലോടാനോ കഴിയാത്തവിധം നമ്മുടെ പ്രിയപ്പെട്ടവരുടെ മരണങ്ങൾ ആശുപത്രികൾക്ക് നാം വിട്ടു കൊടുത്തു കഴിഞ്ഞു. മരണവേളയിൽ പ്രാർത്ഥനകേട്ടു മരിക്കാൻ, അവസാനമായി കണ്ണ് തുറന്നു നോക്കുമ്പോൾ പ്രിയപ്പെട്ടവരുടെ മുഖം കണ്ടു കണ്ണടക്കാൻ, അന്ത്യ നിമിഷങ്ങളിൽ നാവു വറ്റി വരളുമ്പോൾ ഒരുതുള്ളി വെള്ളം പ്രീയപ്പെട്ടവരിൽ നിന്ന് ലഭിക്കാൻ അവസരമില്ലാതെ ചുറ്റും അന്ധകാരത്തിലും ഭീതിയിലും ഈ ലോക ജീവിതം അവസാനിപ്പിക്കേണ്ടിവരുന്ന ഹതഭാഗ്യരാണ് നമ്മുടെ പ്രീയപ്പെട്ടവരിൽ മുക്കാൽ പങ്കും.

മക്കൾ വിദേശത്തും മാതാപിതാക്കൾ തനിയെ നാട്ടിലും ആയാൽ അവരുടെ അവസ്ഥ കുറേ കൂടി ദയനീയമാണ്. കഷ്ടപ്പെട്ടുവളർത്തിയ മക്കളുടെ പരിചരണം ജീവിത സായാഹ്നത്തിൽ ലഭിക്കുന്നില്ല എന്ന് മാത്രമല്ല സംസ്കാര ശുശ്രൂഷയിൽപോലും വേണ്ടവണ്ണം അവർ സംബന്ധിക്കാതെ പോകുന്നത് തികച്ചും ദുഖകരമാണ്. മിക്കപ്പോഴും പള്ളിയിൽ വന്നു സംസ്കാര ശുശ്രൂഷയിൽ പങ്കെടുക്കേണ്ടിവരുന്ന അത്ര തിരക്കുള്ളവരാ ണ് ചില മക്കൾ. ബാക്കി കർമങ്ങളും ക്രമീകരണങ്ങളും ആർഭാടമായി ചെയ്യാൻ ഇവന്റ് മാനേജ്മെൻറ് ടീം നാട്ടിൻപുറങ്ങളിൽ സജീവമാണ്. അവർ സകലതും ഭംഗിയായി നിർവഹിച്ചുകൊള്ളും. സംസ്കാരം എപ്പോൾ? എങ്ങനെ?, ഏതു തിരുമേനി?, എത്ര അച്ചന്മാർ?, ഫ്യൂണറൽ കയർ, മൊബൈൽ മോർച്ചറി , ലൈവ് സ്ട്രീമിംഗ്, പത്രപ്പരസ്യം, ആംബുലൻസ്, വിലകൂടിയ പെട്ടി, പുഷ്പാലങ്കാരം അവസാനം ഭക്ഷണപ്പൊതി എന്ന് വേണ്ടാ സകലതും അവർ മക്കൾക്കുവേണ്ടി / ബന്ധുക്കൾക്കുവേണ്ടി ക്രമീകരിച്ചു കൊള്ളും.

മക്കളും പ്രിയപ്പെട്ടവരും ഒക്കെ ചെയ്യേണ്ട കർമ്മങ്ങൾ ഇവൻറ് മാനേജ്മെന്റ് കമ്പനികൾക്ക് ചെയ്യാൻ വിട്ടു കൊടുക്കുമ്പോൾ, മരിച്ച ആളുടെ ആത്മാവ് ഖേദപൂർവ്വം ചോദിക്കുകയാണ്, 'വത്സലരെ, നിങ്ങളെന്തിനാണ് ദൂരത്തുനി ൽകുന്നത്? ഒന്നരികിലേക്കെങ്കിലും വരുവിൻ, എനിക്കൊരന്ത്യ ചുംബനം എങ്കിലും തരുവിൻ.... ഇനി ഞാൻ പറയുന്ന എന്റെ സങ്കടങ്ങൾ ഒന്ന് ശ്രദ്ധിക്കുവിൻ... ഞാൻ രോഗിയായിരുന്നു, നിങ്ങളെന്നെ വന്നു കണ്ടില്ല... ഞാൻ അത്യാസന്ന നിലയിലായിരുന്നു, നിങ്ങളെനിക്ക് തൈലാഭിഷേകമോ, വിശുദ്ധ കുർബ്ബാനയോ സ്വീകരിക്കാനുള്ള അവസരം ഒരുക്കിയില്ല ... ദൈവം തന്ന ജീവശ്വാസം ശാന്തമായി വെടിയാൻ ഞാൻ ആഗ്രഹിച്ചു.. എന്നാൽ നിങ്ങളതിന് സമ്മതിക്കാതെ എന്നെ വെന്റിലേറ്ററിലാക്കി.... ഞാൻ പ്രാർത്ഥനയും വിശ്വാസപ്രമാണവും കേട്ട് മരിക്കാൻ ആഗ്രഹിച്ചു ... എന്നാൽ ബീപ്പ് ശബ്ദം പുറപ്പെടുവിക്കുന്ന കൃത്രിമ ഉപകരണങ്ങളുടെ ശബ്ദവും ശരീരത്തെ മരവിപ്പിക്കുന്ന എ.സി.യുടെ തണുപ്പിൽ ഞാൻ മരിക്കേണ്ടിവന്നു.



‘എന്റെ ദൈവമേ’ എന്ന് വിളിച്ചു പ്രാർത്ഥിച്ചു മരിക്കാൻ ഞാൻ ആഗ്രഹിച്ചു. എന്നാൽ എന്റെ വായിൽ ഘടിപ്പിച്ചിരിക്കുന്ന ഉപകരണങ്ങൾ മൂലം അതിനുപോലും എനിക്കുകഴിഞ്ഞില്ല.... അവസാനമായി എന്റെ മക്കളെ നിങ്ങളുടെ മുഖം എങ്കിലും കണ്ടു മരിക്കണം എന്ന എന്റെ ആഗ്രഹം പോലും സഫലമാക്കാൻ നിങ്ങൾ ആരും എന്റെ അരികത്തുണ്ടായിരുന്നില്ല...... പോകട്ടെ, നിങ്ങൾ ആരെങ്കിലും വറ്റി വരണ്ട എന്റെ നാവിനെ തണുപ്പിക്കാൻ ഒരുതുള്ളി വെള്ളം തരും എന്ന് ഞാൻ കരുതി അതും ഉണ്ടായില്ല... ഇനി എനിക്കുവേണ്ടി എന്തിനീ വൃഥാ ചിലവുകൾ , എന്തിനു എന്റെ മരണം നിങ്ങൾ ആഘോഷമാകുന്നു.... എന്തിനു വഴി നീളെ ഫ്ളക്സ് ബോർഡുകൾ, എന്തിനു കാതടപ്പിക്കുന്ന ശബ്ദ കോലാഹലങ്ങൾ, നിങ്ങൾ പോകുക.. നിങ്ങൾക്കു തിരക്കുള്ളവരാണ്.... വെറുതെയുള്ള പ്രഹസനമായ നിങ്ങളുടെ കണ്ണീരുകൾ നിർത്തു..... പക്ഷെ, ഞാൻ നിരാശനല്ല.... ഞാൻ ജീവിച്ചിരുന്നപ്പോൾ പ്രിയം വെച്ച ദൈവ സന്നിധിയിലേക്കാണ് ഞാൻ പോകുന്നത്. നിങ്ങൾ ഒരുക്കിയിരിക്കുന്ന ഈ ആഘോഷങ്ങൾ ഒന്നും ഇല്ലാതെ തന്നെ ദൈവം എന്നെ അവിടെ ചേർത്തുകൊള്ളും.. ഞാൻ ജീവിച്ചിരുന്നപ്പോൾ ശാന്തമായി മരിക്കാനും ആദരവോടെ സംസ്കരിക്കപ്പെടാനും ഞാൻ അവസരം ഒരുക്കിയ എന്റെ പൂർവ്വികരുടെ അടുക്കലേക്കാണ് ഞാൻ പോകുന്നത്..... ഒരിക്കൽ നിങ്ങൾ വരുമ്പോൾ നിങ്ങളെ സ്വീകരിക്കാനും ഞാൻ അവിടെ ഉണ്ടാകും എന്നാണ് എൻറെ പ്രത്യാശ”.

ഇന്ന് സംസ്കാര ശുശ്രുഷകൾപോലും പരിധി കടന്നു പോകുന്ന സ്ഥിതിയിൽ ആയിരിക്കുന്നു. മോർച്ചറിയിൽ വെക്കാൻ പ്രാർത്ഥന, മോർച്ചറിയിൽ നിന്നും എടുക്കാൻ പ്രാർത്ഥന. തീർച്ചയായും ഒരാൾ മരിച്ചാൽ ഉടനെ അവിടെ എത്തി പ്രാർത്ഥനകൾ നടത്താൻ വൈദികൻ ബാധ്യസ്ഥനാണ്. കൂടാതെ മറ്റു ക്രമീകരണങ്ങൾക്കു നിർദേശം നൽകാൻ കടപ്പെട്ടവനാണ്. അതല്ലാതെ വൈദീകൻ മോർച്ചറിയിൽ പോയി അവിടെ പ്രാർത്ഥന നടത്തി ശരീരം മോർച്ചറിക്കാരെ ഏല്പിക്കുന്ന രീതിയൊക്കെ എവിടെ നിന്ന് വന്നു എന്നറിയില്ല. സ്വഭവനത്തിൽ അഥവാ ബന്ധത്തിൽ ഒരു പുരോഹിതൻ ഉണ്ടെങ്കിൽ അവർ മോർച്ചറിയിൽ പോയി ശരീരം അവിടെ വെക്കാനും തിരികെ എടുക്കാനും ക്രമീകരണങ്ങൾ ചെയ്യുന്നത് മനസിലാക്കാം, അല്ലാതെ ഇടവക വികാരി ഇതിനൊക്കെ പോകുന്നത് വേണ്ടാത്ത ചില ചിട്ടകൾ രൂപപ്പെടുത്താൻ പ്രചോദനമാകുകയേയുള്ളു. എന്തായാലും ഭൗതീക ശരീരം മോർച്ചറിയിൽ വെക്കാനും അവിടെനിന്നു തിരിച്ചെടുക്കാനും വേണ്ടി പ്രത്യേക പ്രാത്ഥനകൾ തല്കാലം സഭ ക്രമീകരിച്ചിട്ടില്ല എന്നാശ്വസിക്കാം. മോർച്ചറിയിൽ നിന്നും ഭവനത്തിലേക്കുള്ള യാത്ര ഇന്ന് വലിയ ആഘോഷമായി മാറിക്കഴിഞ്ഞു. മാർഗ്ഗതടസ്സവും, കാതടപ്പിക്കുന്ന ശബ്ദ കോലാഹലവും നിറഞ്ഞ അത്തരം കർമ്മങ്ങൾ കാഴ്ചക്കാർക്ക് മരിച്ച ആളിനോട് ആദരവിനേക്കാൾ അനാദരവിനെ കാരണമാകുകയുള്ളു എന്ന് മനസിലാക്കുക. പുരോഹിതന്മാരുടെ സംസ്കാര ശുശ്രുഷ ആയാലും ഇക്കാര്യത്തിൽ ലാളിത്യവും അച്ചടക്കവും പാലിച്ചില്ലെങ്കിൽ സമൂഹം നമ്മെ പരിഹസിക്കും.

മരണം കേവലം ഒരാഘോഷമായി അധഃപതിപ്പിക്കാൻ ശ്രമിക്കുന്നത് ലജ്ജാകരമാണ്. ആ മരണം നേരിട്ട് ബാധിക്കുന്ന ചിലരെങ്കിലും ഉണ്ടാകാം. അവർ തളർന്നു തകർന്നിരിക്കുന്നവരായിരിക്കും. അവർക്കു ഒരു സാമീപ്യമാകാൻ, ഒരു മനുഷ്യനെ കൊണ്ടാകുന്ന ആശ്വാസ വാക്കുകൾ പറയാൻ , അല്പസമയമെങ്കിലും ഒന്ന് ചേർന്ന് നിൽക്കുവാൻ, മരണം നടന്ന ഭവനത്തിൽ സംസ്കാരത്തിന് ശേഷം തിരിച്ചെത്തി അല്പസമയം പ്രാത്ഥനാപൂർവം ചിലവിടുവാൻ കഴിയുന്നത്; പള്ളിയിൽ നിന്നും ഭക്ഷണപ്പൊതി വാങ്ങി പിരിഞ്ഞുപോകുന്നതിനേക്കാൾ എത്രയോ ശ്രേഷ്ഠമായിരിക്കും. അടുത്ത ബന്ധുക്കളെങ്കിലും അതിനു ബാധ്യസ്ഥരാണ്താനും. അതുപോലെ മരണ സമയത്തു ഭവനത്തിലും ദേവാലയത്തിലും നടത്തുന്ന അനുസ്മരണ, അനുശോചന പ്രസംഗങ്ങൾ മരിച്ച ആളിനെ ഒരു പരിചയവും ഇല്ലാത്ത ആളുകൾ നടത്താതിരിക്കുന്നതാകും യുക്തം എന്ന് പല പ്രസംഗങ്ങൾ കേൾക്കുമ്പോൾ തോന്നിപ്പോകാറുണ്ട്. ചിലതു അനാവശ്യമായ പുകഴ്ചകളും സ്തുതികളും; എന്നാൽ മറ്റു ചിലതു ആ വ്യക്തിയെ യുക്തമായ രീതിയിൽ വിലയിരുത്താതുള്ളതും ആകുമ്പോൾ കേൾവിക്കാർക്കു അരോചകമായി ഭവിക്കും.

അത്യാസന്ന നിലയിൽ കഴിയുന്ന നമ്മുടെ പ്രിയപ്പെട്ടവരെ കഴിവതും ഭവനാന്തരീഷത്തിൽ തന്നെ പരിചരിക്കാൻ നമുക്ക് കഴിഞ്ഞാൽ; അന്ത്യനിമിഷങ്ങളിൽ ഏതൊരു മനുഷ്യനും ആഗ്രഹിക്കുന്നതുപോലെ പ്രിയപെട്ടവരെ കണ്ടു കണ്ണടയ്ക്കാൻ അവസരം ഒരുക്കിയാൽ; അത് പുണ്യമായിരിക്കും. നമ്മുടെ പ്രിയപ്പെട്ടവർ മരിക്കാതെ എന്നും കൂടെയിരിക്കണമെന്നാണ് നമ്മുടെ ആഗ്രഹം. എന്നാൽ അത് അസംഭവ്യമാണെന്നു നമുക്കറിയാം. ആയതിനാൽ വെന്റിലേറ്റർ പോലെയുള്ള കൃത്രിമ ജീവൻ രക്ഷാ സംവിധാനങ്ങൾക്കുള്ള പരിമിതിയും നാം തിരിച്ചറിയണം. വായിലും, മൂക്കിലും ഒക്കെ ഉപകരണങ്ങൾ ഘടിപ്പിച്ചു അന്ത്യ നിമിഷങ്ങൾ കൂടുതൽ അസ്വസ്ഥമാക്കുന്നതിനേക്കാൾ ദൈവ കരങ്ങളിൽ അവരെ സമർപ്പിച്ചു പ്രാർത്ഥനയുടെ അന്തരീക്ഷത്തിൽ സ്വന്തം ഭവനത്തിൽ ശാന്തമായി മരിക്കാൻ അനുവദിച്ചാൽ എത്ര ശ്രേഷ്ഠമായിരിക്കും. ‘തന്റെ ഭക്തന്മാരുടെ മരണം യഹോവയ്ക്കു വിലയേറിയതാകുന്നു’ (Psalms 116:15) എന്ന വേദവചനം അന്വർത്ഥമാക്കുന്ന തരത്തിൽ യുക്തവും യോഗ്യവുമായ നിലയിൽ നമ്മുടെ പ്രിയപ്പെട്ടവരുടെ അന്ത്യനിമിഷങ്ങളും, സംസ്കാര ശുശ്രൂഷയും, മരണാനന്തര ചടങ്ങുകളും ക്രമീകരിക്കുവാൻ ശ്രദ്ധിക്കാം. നമ്മുടെ കർത്താവിന്റെ രണ്ടാമത്തെ വരവിൽ അവർ ഉണർന്നെഴുന്നേൽക്കും വരെ; നമ്മുടെ പ്രിയപ്പെട്ടവർ ശാന്തമായി നിദ്രകൊള്ളട്ടെ. ○


## WANTED SEXTON

St. Thomas Orthodox Church, Pocket D, Sarita Vihar, New Delhi 110 076 is looking for a fulltime Sexton. Accommodation will be provided. Interested candidate may send their cv’s to:

**st.thomasocsaritavihar@gmail.com or**
**Contact : Mr. Biju George,**
**Secretary 9818866000.**




**ഡോ. ജോർജ്ജ് വി. തോമസ്,**
വെട്ടിമൂട്ടിൽ, വകയാർ

# പ്രകൃതി സൗഹൃദ ജീവിതശൈലിയിലേക്ക് മടങ്ങാം

കത്തുന്ന വേനൽച്ചൂടിൽ വെന്തുരുകയാണ് കേരളം ഇപ്പോൾ. മുൻ വർഷങ്ങളിൽ ഉണ്ടാകാത്ത വിധത്തിൽ അസാധാരണ ചൂടാണ് ഈ വർഷം അനുഭവപ്പെടുന്നത്. ഓരോ വർഷവും റിക്കാർഡിട്ട് താപനില ഉയരുകയാണ്. കേരളത്തിൽ കേട്ടുകേൾവിയില്ലാത്ത ഉഷ്ണതരംഗവും സൂര്യഘാതം മൂലമുള്ള മരണവും സംഭവിക്കുന്നു. വനങ്ങളിൽ ആഹാരവും വെള്ളവും ലഭ്യമാകാത്തതിനാൽ വന്യമൃഗങ്ങൾ കൃഷിയിടങ്ങളിലിറങ്ങി മനുഷ്യമൃഗ പോരാട്ടം നിത്യസംഭ വമാകുന്നു. നീരൊഴുക്കില്ലാതെ വരണ്ട് പമ്പാനദിയുടെ പാതയിൽ പലയിടത്തും മൺപുറ്റുകൾ വളരുകയാണ്. ചൂടിൽ നാടാകെ എരിപൊരി കൊള്ളുമ്പോൾ ഏസി വില്പന കുത്തനെ കൂടി റിക്കാർഡ് ഇടുന്നത് കാലാവസ്ഥാ വ്യതിയാനത്തിന് ആക്കം കൂട്ടാനേ ഉതകുകയുള്ളൂ. കേരളത്തിൽ മാത്രമല്ല ഇന്ത്യ എമ്പാടും മറ്റുള്ള രാജ്യങ്ങളിലും കാലാവസ്ഥാ വ്യതിയാനത്തിന്റെയും ആഗോള താപനത്തിന്റെയും ദുരന്തഫലങ്ങൾ അനുഭവിക്കുകയാണ്. ഇത്തരം സാഹചര്യങ്ങൾ ഉണ്ടാകാൻ നാം ഓരോരുത്തരും കാരണക്കാരാണെന്നുള്ള സത്യം നാം മറക്കരുത്. നമ്മുടെ ജനസഖ്യയുടെ 80 ശതമാനത്തിലധികം ജനങ്ങളും കാലാവസ്ഥാ വ്യതിയാനദുരന്തങ്ങൾക്ക് സാധ്യതയുള്ള ജില്ലകളിലാണ് വസിക്കുന്നത്. വർദ്ധിച്ച് വരുന്ന താപനിലയും പ്രകൃതി ദുരന്തങ്ങളും ഉപജീവനത്തേയും ഭക്ഷ്യസുരക്ഷയേയും പ്രതികൂലമായി ബാധിക്കും.

എല്ലാവർഷവും ഏപ്രിൽ 22 ലോകഭൗമദിനമായി ആചരിക്കുന്നു. ജനങ്ങളിൽ പരിസ്ഥിതി സംരക്ഷണത്തെ കുറിച്ചുള്ള അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടെയാണ്. 1970 മുതൽ ലോകഭൗമദിനം ആചരിക്കുന്നത്. ഈ വർഷത്തെ ലോകഭൗമദിനത്തിന്റെ മുഖ്യസന്ദേശം ഗ്രഹവും പ്ലാസ്റ്റിക്കും എന്നതായിരുന്നു. ഗ്രഹത്തിന്റെ ആരോഗ്യകരമായ നിലനില്പ്പിന് പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുകയും ഇല്ലാതാക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയിലേക്ക് ഈ ചിന്താവിഷയം വിരൽ ചൂണ്ടുന്നു. ഇന്ധനങ്ങളായ പ്രെട്രോളും ഡീസലും മറ്റും കത്തിക്കുമ്പോൾ പുറത്തുവിടുന്ന കാർബൺ അന്തരീക്ഷത്തിൽ നിറയുന്നതാണ് ക്രമാതീതമായി വർദ്ധിക്കുന്ന ചൂടിനു പിന്നിലുള്ള അടിസ്ഥാന കാരണം. കാർബൺ ആഗിരണം ചെയ്യാൻ ആവശ്യമായ വനങ്ങളും മറ്റു സസ്യാവരണങ്ങളും കുറഞ്ഞതോടെ ഈ കാർബൺ അന്തരീക്ഷത്തിൽത്തന്നെ അവശേഷിച്ച് കാലാവസ്ഥാ മാറ്റത്തിന് കാരണമാകുന്നു. ഭൂമണ്ഡലത്തിന്റെ ആരോഗ്യത്തേയും സ്ഥിരതയേയും പ്രതിരോധശേഷിയേയും ബാധിക്കുന്ന ഘടകങ്ങളിൽ ഏറ്റവും പ്രധാനമായി കാലാവസ്ഥാവ്യതിയാനവും ആഗോള താപനവും മാറി. ജൈവവൈവിദ്യനഷ്ടം മൂലം ജൈവമണ്ഡലസമഗ്രതയ്ക്ക് കോട്ടം ഉണ്ടാകുന്നു. വനനശീകരണം, നഗരവൽക്കരണം മുതലായ മനുഷ്യപ്രവർത്തനങ്ങൾ മൂലമുള്ള ഭൂവിനിയോഗ വ്യവസ്ഥാമാറ്റങ്ങൾ, അന്തരീക്ഷ മലിനീകരണം, അന്തരീക്ഷത്തിലെ ഓസോൺ ശോഷണം, സമുദ്രത്തിന്റെ അമ്ളീകരണവും, ഉയർന്ന താപനിലയും, പുതിയ രാസവസ്തുക്കളുടെ പുറന്തള്ളൽ എന്നിവയെല്ലാം ഭൂമണ്ഡലത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്ന മണ്ണ്, വെള്ളം, വായൂ, ജീവജാലങ്ങൾ എന്നിവയുടെ കൂട്ടായ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നു.


ഈ പ്രപഞ്ചത്തിൽ മനുഷ്യനു വാസയോഗ്യമായ ഒരേ ഒരു ഗൃഹം ഭൂമിയാണെന്നുള്ള ബോദ്ധ്യം നമുക്കുണ്ടാകണം. തകർന്നുകൊണ്ടിരിക്കുന്ന ഭൂമിയെ ഇന്നനുഭവിക്കുന്ന അപചയത്തിൽ നിന്നും രക്ഷിക്കേണ്ടത് ജീവന്റെ നിലനിൽപിന് അനിവാര്യമാണെന്നുള്ള ചിന്ത നമുക്കുണ്ടാകണം. പരിസ്ഥിതിയേ ദോഷകരമായി ബാധിക്കാത്ത ജീവിതശെലിയിലേക്കു മാറണം. പരമ്പരേ്യതര ഊർജ്ജസ്രോതസ്സുകളായ സൗരോർജ്ജം കാറ്റിൽ നിന്നുള്ള വൈദ്യുതി എന്നിവയേ കൂടുതൽ ആശ്രയിക്കണം. മണ്ണിന്റെ ആരോഗ്യം വീണ്ടെടുക്കുന്ന പ്രവർത്തനങ്ങളും ജൈവ വൈവിദ്യസംരക്ഷണവും പ്രാവർത്തികമാക്കണം. കഴിയുന്നത്ര മരങ്ങൾ നട്ടുപിടിപ്പിക്കണം. വെള്ളവും ഊർജ്ജവും പാഴാക്കാതെ ഫലപ്രദമായി ഉപയോഗിക്കണം. പ്ലാസ്റ്റിക്ക് ഉപേക്ഷിക്കണം. കൃഷിയിൽ രാസവസ്തുക്കളുടെ ഉപയോഗം പരിമിതപ്പെടുത്തണം.

മനുഷ്യന്റെ അമിതചൂഷണവും അനുചിതമായ ഭൂവിനിയോഗരീതികളും ആവാസ വ്യവസ്ഥകളെ അതിവേഗം നശിപ്പിക്കുന്നു. ഭൂമിയിൽ ജീവന്റെ നിലനില്പ് മനുഷ്യ ഇടപെടലുകളെ ആശ്രയിച്ചിരിക്കുന്നു. മനുഷ്യന് അതിനെ സംരക്ഷിക്കുകയോ നശിപ്പിക്കുകയോ ചെയ്യാം. ഈ നിലയിൽ നമ്മൾ മുന്നോട്ട് പോയാൽ ഈ നൂറ്റാണ്ട് അവസാനിക്കുമ്പോഴേക്കും ഭൂമിയിലെ ചൂട് നാല് ഡിഗ്രിയിലധികം കൂടുമെന്നാണ് യു. എൻ. പഠന സംഘത്തിന്റെ റിപ്പോർട്ട്. പ്രകൃതിയിലേക്കുള്ള ഒരു തിരിച്ചുപോക്കു മാത്രമാണ് ഈ പ്രതിസന്ധിക്കുള്ള ഏക പരിഹാരം.

49

പുതിയ നിയമപഠനം

ഫാ. ഡോ. റജി മാത്യു
(ഓർത്തഡോക്സ് സെമിനാരി)



# വെളിപ്പാടു സാഹിത്യം : ഒരു ആമുഖം

'ആഖ്യാന ശൈലിയിലൂടെ അമാനുഷികമായ ഒരു ശക്തി മനുഷ്യരോട് അതിന്ദ്രിയമായ ചില രഹസ്യങ്ങളെ വെളിപ്പെടുത്തുന്ന കൃതികളെയാണ് വെളിപ്പാടു സാഹിത്യം എന്നു വിളിയിക്കുന്നത്" എന്ന J. J. Collins ന്റെ വിശദീകരണത്തിലൂടെ ഈ ധാരയിലുള്ള ഗ്രന്ഥങ്ങളുടെ പൊതുസ്വഭാവം നമുക്ക് മനസ്സിലാക്കാം. യഹൂദ മതത്തിൽ പ്രളയാനന്തര കാലത്താണ് (BCE 586 നുശേഷം) ഇത്തരം കൃതികൾ രചിയ്ക്കപ്പെട്ടത്. പഴയനിയമത്തിലെ ചില പ്രവചന ഗ്രന്ഥങ്ങളിൽ വെളിപ്പാടു സാഹിത്യത്തിന്റെ സ്വഭാവങ്ങൾ ദൃശ്യമാണ്. ഉദാഹരണങ്ങളാണ് യെശയ്യാവ് 24 മുതൽ 27 വരെയുള്ള അധ്യായങ്ങളും 56 മുതൽ 66 വരെയുള്ള അധ്യായങ്ങളും. യെഹസ്കേൽ പ്രവചനം 38-39, യോവേൽ പ്രവചനം 3-4, സഖറിയാ പ്രവചനം 9-14 എന്നീ ഭാഗങ്ങളിലും വെളിപ്പാടു സാഹിത്യത്തിന്റെ അന്തർധാര പ്രകടമാണ്. എന്നാൽ വെളിപ്പാടു സാഹിത്യ വിഭാഗത്തിലുള്ള സുപ്രസിദ്ധ കൃതികൾ താഴെ പറയുന്നവയാണ്. (a) 1 Enoch (b) 2 Enoch (c) 2 Baruch (d) 3 Baruch (e) 4 Ezra, (f) Apocalypse of Abraham (g) Testament of Abraham (h) Testament of Levi 2-5. ഇവയിൽ ഏറ്റവും വലിയ വെളിപ്പാടു കൃതി ഹാനോക്കിന്റെ ഒന്നാം പുസ്തകം (1 Enoch) തന്നെയാണ്. ഈ പുസ്തകം BCE രണ്ടാം നൂറ്റാണ്ടിൽ രചിയ്ക്കപ്പെട്ട Book of Watchers, ഒന്നാം നൂറ്റാണ്ടിൽ എഴുതപ്പെട്ട Similitudes of Enoch, ഏതാണ്ട് അതേ കാലത്തു തന്നെ ഉണ്ടായ Book of Heavenly Luminaries, Animal Apocalypse, Apocalypse of Weeks എന്നിങ്ങനെയുള്ള അഞ്ചു വ്യത്യസ്ത കൃതികളുടെ സമാഹാരമാണെന്നു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. പുതിയ നിയമത്തിൽ വി. യോ ഹന്നാന്റെ വെളിപ്പാടു പുസ്തകമാണ് പലപ്പോഴും ഈ വിഭാഗത്തിലുള്ള കൃതികളുടെ പൊതു സ്വഭാവങ്ങൾ മനസ്സിലാക്കുവാൻ നമ്മെ സഹായിയ്ക്കുന്നത്.

## വെളിപ്പാടു സാഹിത്യത്തിന്റെ പ്രത്യേകതകൾ

താഴെ പറയുന്ന ഏഴു പ്രത്യേകതകൾ വെളിപ്പാടു സാഹിത്യത്തിലെ കൃതികളുടെ മുഖമുദ്രകളാണ്.

**1. സാങ്കല്പികമായ തൂലികാനാമം (Pseudonymity):**

എല്ലാ അപ്പോകാലിപ്റ്റിക് കൃതികളുടെയും ഗ്രന്ഥകർത്താക്കൾ സാങ്കല്പികമായ പേരുകളിലാണ് പുസ്തകം രചിച്ചിട്ടുള്ളത്. മിക്കവാറും ഇവ യഹൂദ ചരിത്രത്തിലെ സുപ്രസിദ്ധ വ്യക്തികളുടെ പേരുകളായിരിയ്ക്കും.

**2. ദർശനങ്ങൾ (Visions)** വെളിപ്പാടു കൃതികളിൽ ദർശനങ്ങൾക്കും സ്വപ്നങ്ങൾക്കും വലിയ പ്രാധാന്യമാണുള്ളത്.

**3. മാലാഖമാരുടെ വെളിപ്പെടുത്തലുകൾ മറ്റൊരു പൊതു സ്വഭാവമാണ്.**

**4. പ്രതീകങ്ങളും രൂപകങ്ങളും വെളിപ്പാടു സാഹിത്യത്തിൽ ധാരാളമായി ഉപയോഗിക്കപ്പെടുന്നു.** മൃഗങ്ങളുടെ പ്രതീകങ്ങൾ (Animal Symbolism), സംഖ്യകളുടെ പ്രതീകങ്ങൾ (Numerical Symbolism), നിറങ്ങളുടെ പ്രതീകങ്ങൾ (Colour Symbolism) എന്നിവ വി. യോഹന്നാന്റെ വെളിപ്പാടു പുസ്തകത്തിൽ നിറഞ്ഞു നിൽക്കുന്നു. 3 1/2, 6, 7, 12, 40, 144, 666, 1000, 144000 എന്നീ സംഖ്യകൾ പൊരുൾ തിരിച്ചെടുക്കുകയെന്നത് ശ്രമകരമായ ജോലിയാണ്; പരിശുദ്ധിയുടെ നിറമായ വെള്ളയും, രക്തത്തിന്റെ അടയാളമായ ചുവപ്പും, പ്രത്യാശയുടെ ചിഹ്നമായ പച്ചയും മരണത്തിന്റെ സന്ദേശം നൽകുന്ന കറുപ്പും ആവർത്തിച്ച് ഉപയോഗിയ്ക്കപ്പെടുന്നു.

**5. ചരിത്രത്തിൽ ദൈവത്തിന്റെ അർത്ഥവത്തായ ഇടപെടൽ** ഉണ്ടെന്നുള്ളത് മൂലം വെളിപ്പാടു കൃതികളിൽ അശുഭകരമായ സാഹചര്യങ്ങളെ ശുഭാന്ത്യത്തിലേക്കെത്തിയ്ക്കുന്നു.

**6. ചരിത്രത്തിന്റെ പുനർവായനയും വെളിപ്പാടു** സാഹിത്യത്തിൽ പ്രകടമാണ്.

**7. ലോകത്തിന്റെ പൂർണ്ണ നിയന്ത്രണം** ദൈവത്തിലായതു മൂലം സൃഷ്ടി കർത്താവായ ദൈവം ലോകത്തെ അതിന്റെ അന്ത്യത്തിലേക്ക് എത്തിയ്ക്കും എന്ന സന്ദേശവും അർത്ഥവത്താണ്.



**ഫാ. യാക്കോബ് റമ്പാൻ**
*മാനേജർ, ദേവലോകം അരമന*

# ഇസഹാക്ക്

വിശ്വാസികളുടെ പിതാവായ അബ്രഹാമിന് ദൈവ വാഗ്ദത്ത പ്രകാരം ജനിച്ച മകനാണ് ഇസഹാക്ക്. സാറായ്ക്ക് തൊണ്ണൂറും അബ്രഹാമിന് നൂറും വയസ്സുള്ളപ്പോൾ ആണ് അത്ഭുതകരമായ ഇസഹാക്കിന്റെ ജനനം. ഇസഹാക്കിന്റെ ജീവിതവും ദൈവ വാഗ്ദത്തത്തിൽ ആശ്രയിച്ചുള്ളതായിരുന്നു. ലോത്തിനെപോലെ സ്ഥിരതാമസത്തിന് കളമൊരുക്കാതെ തന്റെ പിതാവായ അബ്രഹാമിനെപോലെ കൂടാരങ്ങളിൽ തന്നെ പാർത്തു. ഇതിൽ നിന്നും നമുക്ക് ലഭിക്കുന്ന ആത്മീയ പാഠം നമ്മുടെ സ്ഥിരവാസത്തിനുള്ള സ്ഥലമല്ല ഈ ഭൂമി. നമ്മുടെ ലക്ഷ്യം സ്വർഗ്ഗീയ കനാൻ നാടാണ്. ഇവിടെ നാം പരദേശികൾ മാത്രമാണ്. എബ്രാ. 13:14 “ഇവിടെ നമുക്ക് നിലനിൽക്കുന്ന ഭവനമില്ലല്ലോ, വരുവാനുള്ളതു അത്രേ നാം അന്വേഷിക്കുന്നത്”. നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു എന്ന് വി. പൗലോസ് നമ്മെ ഉദ്ബോധിപ്പിക്കുന്നു (ഫിലി. 3:20).

ഇസഹാക്കിന്റെ സ്വഭാവത്തിന്റെ പ്രധാനപ്പെട്ട സവിശേഷത നല്ല ഒരു പ്രാർത്ഥനാമനുഷ്യനായിരുന്നു എന്നതാണ്. ദൈവത്തെ ആരാധിക്കുന്നതിനു വേണ്ടിവരുന്ന ക്ലേശങ്ങൾ സഹിക്കുവാൻ ഇസഹാക്ക് തയാറായിരുന്നു. തന്റെ പിതാവായ അബ്രഹാമിനെപോലെ അതിരാവിലെ എഴുന്നേൽക്കുന്നതിനും യാത്ര ചെയ്യുന്നതിനും യാതൊരു മടിയും ഉണ്ടായിരുന്നില്ല. (ഉല്പ. 22:3,5) തന്റെ മാതാവായ സാറ മരിച്ചപ്പോഴും വെളിമ്പ്രദേശത്ത് പോയി ഇസഹാക്ക് പ്രാർത്ഥിക്കുമായിരുന്നു. (ഉല്പ. 24:63) ഭാര്യയായ റിബേക്ക വന്ധ്യ ആയിരുന്നതിനാൽ ഇസഹാക്ക് അവൾക്കുവേണ്ടിയും പ്രാർത്ഥിച്ചു. ആ പ്രാർത്ഥനയ്ക്ക് മറുപടി ലഭിച്ചു. ഇരട്ട കുട്ടികളെ ദൈവം നൽകി. യിസഹാക്ക് വിവാഹം കഴിക്കുന്നത് നാല്പതാമത്തെ വയസിലാണ്. (ഉല്പ. 5:20) യിസഹാക്കിന്റെ അറുപതാമത്തെ വയസിലാണ് റബേക്ക മക്കളെ പ്രസവിക്കുന്നത്. (ഉല്പ. 25:26) നീണ്ട ഇരുപതുവർഷത്തെ പ്രാർത്ഥനക്കു ശേഷമാണ് ഇസഹാക്കിന്റെ ആവശ്യത്തിനുള്ള ദൈവത്തിന്റെ പ്രതികരണമുണ്ടാവുന്നത്. പ്രാർത്ഥനക്ക് നിശ്ചയമായും മറുപടി ലഭിക്കും. അത് നാം ആഗ്രഹിക്കുന്നപോലെയാകണമെന്നില്ല എന്നാൽ നമുക്കാവശ്യമുള്ളത് ദൈവം തരും. ഇന്ന് പ്രാർത്ഥനക്ക് ഉടനെ മറുപടി ലഭിക്കുന്നിടത്തേക്ക് മനുഷ്യൻ ഓടുന്നു. പൂർവ്വപിതാക്കന്മാർ നമുക്ക് കാണിച്ചു തരുന്ന മാതൃക ക്ഷമയോടെ കാത്തിരിക്കണമെന്നുള്ളതാണ്. വിവിധമായ അനുഭവങ്ങളിലൂടെ നാം കടന്നുപോകുമ്പോൾ നിരാശപ്പെടാതെ പ്രത്യാശയോടെ പ്രാർത്ഥിക്കണം. ദൈവം ഉചിതമായ മറുപടി നൽകി നമ്മെ സഹായിക്കും.

യിസഹാക്കിന്റെ മറ്റൊരു സവിശേഷത നല്ല അനുസരണമുള്ള മകനായിരുന്നു എന്നുള്ളതാണ് ദൈവത്തിന്റെ അരുളപ്പാട് ലഭിച്ച അബ്രഹാം തന്റെ ഏകജാതനായ മകനെ ബലി അർപ്പിക്കുവാൻ മോറിയാ മലയിലേക്ക് യാത്രതിരിച്ചു. പിതാവിന്റെ നിർദ്ദേശം അനുസരിച്ച് ഇസഹാക്കും യാത്രയാകുന്നു. (ഉല്പ. 22:3) പിതാവിന്റെ ഇഷ്ടത്തിനും ആഗ്രഹത്തിനും നിർദ്ദേശത്തിനും എതിരുപറയുകയോ ചോദ്യം ചെയ്യുകയോ ചെയ്യാതെ യാഗം അർപ്പിക്കപ്പെടുവാനായി ഇസഹാക്കും യാത്രയാകുന്നു. യാഗപീഠത്തിലേക്ക് ആനയിക്കപ്പെടുമ്പോൾ ഒരുവിധത്തിലുള്ള എതിർപ്പും കാട്ടിയില്ല. ‘യാഗത്തിനുള്ള തീയും വിറകും ഉണ്ട്. ആട്ടിൻകുട്ടി എവിടെ?’ എന്നു തിരക്കിയതല്ലാതെ മറ്റൊന്നും ചിന്തിച്ചില്ല. ‘ദൈവം കരുതിക്കൊള്ളും’ എന്ന മറുപടി ഉറപ്പായി വിശ്വസിച്ചു. കാൽവറിയിൽ യാഗമായി അർപ്പിക്കപ്പെടുവാൻ ഒരുങ്ങുമ്പോൾ പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എങ്കൽ നിന്ന് നീങ്ങിപോകണമേ, എങ്കിലും എന്റെ ഇഷ്ടമല്ല നീ ഇച്ഛിക്കും പോലെ ആകട്ടെ. എന്ന് പ്രാർത്ഥിച്ച യേശുവിന്റെ അനുസരണത്തിന്റെ ഭാവം നമ്മിലും ഉണ്ടാകണം. “പണ്ടു നിങ്ങളുടെ അജ്ഞാനകാലത്തുണ്ടായിരുന്ന മോഹങ്ങളെ മാതൃകയാക്കാതെ നിങ്ങളെ വിളിച്ച വിശുദ്ധന് ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധന്മാരാകണമെന്നുള്ളതാണ് (1 പത്രോ. 11:14) ദൈവത്തിന് നമ്മെക്കുറിച്ചുള്ള ആഗ്രഹം. അനുസരണമാണ് ദൈവമക്കളുടെ മുഖമുദ്ര.

ഇസഹാക്കിന്റെ സ്വഭാവത്തിന്റെ മറ്റൊരു സവിശേഷത നല്ല ക്ഷമാശീലമുള്ളവൻ ആയിരുന്നു എന്നുള്ളതാണ്. തന്റെ പിതാവായ അബ്രഹാമിന്റെ കാലത്ത് അവന്റെ പിതാവിന്റെ ദാസന്മാർ കുഴിച്ചിരുന്ന കിണറൊക്കെയും ഫെലിസ്ത്യർ മണ്ണിട്ടു നികത്തി കളഞ്ഞിരുന്നു. ആ കിണറുകൾ ഇസഹാക്ക് പിന്നെയും കുഴിച്ചു തന്റെ പിതാവ് അവെക്കു ഇട്ടിരുന്ന പേർ തന്നെ ഇട്ടു. അപ്പോൾ ഗെരാർ ദേശത്തിലെ ഇടയന്മാർ ഈ കിണറിനു വേണ്ടി അവകാശം പറഞ്ഞു. യിസഹാക്ക് അവരുമായി വഴക്കിനു പോകാതെ മറ്റൊരു കിണർ കുഴിച്ചു. അതിനും അവർ അവകാശവാദം മുഴക്കി. ഇസഹാക്ക് വീണ്ടും മാറി മറ്റൊരു കിണർ കുഴിച്ചു. അതിനുവേണ്ടി ആരും അവകാശം പറഞ്ഞില്ല. അതുകൊണ്ട് അവൻ അതിന് ‘രെഹോബോത്ത്’ എന്ന് പേരിട്ടു. (ഉല്പ. 26:12-22) പ്രകോപനപരമായ നടപടികൾ മറ്റുള്ളവരിൽ നിന്നും ഉണ്ടാകുമ്പോൾ ക്ഷമയോടെ പ്രവർത്തിക്കുന്ന ഇസഹാക്ക് യേശുക്രിസ്തു കാണിച്ചുതന്നെ ക്ഷമ എന്ന സത്ഗുണത്തിന്റെ നിഴലായിരുന്നു.

മനുഷ്യനെന്ന നിലയിൽ കുറവുകളും ബലഹീനതകളും എല്ലാവർക്കും ഉണ്ട്. ഇസഹാക്കിലും ഈ ബലഹീനതകൾ കാണുവാൻ സാധിക്കും. അതിൽ പ്രധാനമായ രണ്ടു കാര്യങ്ങൾ പ്രസ്താവിച്ചുകൊള്ളട്ടെ. ഒന്നാമതായി സ്വന്ത ജീവൻ രക്ഷിക്കുവാൻ വേണ്ടി ഇസഹാക്ക് ഭാര്യയെ കുറിച്ച് അർദ്ധസത്യം പറഞ്ഞു എന്നതാണ്. ഉല്പ. 26-ാം അധ്യായത്തിൽ 7 മുതൽ 11 വരെ വാക്യങ്ങളിൽ ഈ സംഭവം വിവരിക്കുന്നു. ദേശത്തു ക്ഷാമമുണ്ടായപ്പോൾ ഫെലിസ്ത്യ നഗരമായ ഗരാരിൽ ഇസഹാക്ക് താമസിച്ചു. അവിടെയുള്ള ജനം റബേക്കയെകുറിച്ച് ഇസഹാക്കിനോട് ചോദിച്ചു അവൾ തന്റെ സഹോദരിയാണെന്ന് ഇസഹാക്ക് കള്ളം പറഞ്ഞു. റിബേക്ക സൗന്ദര്യമുള്ളവൾ ആകകൊണ്ട് ആ സ്ഥലത്തെ ജനം അവളുടെ നിമിത്തം യിസഹാക്കിനെ കൊല്ലാതിരിക്കാനാണ് അവൾ തന്റെ ഭാര്യ എന്നു പറയാൻ അവൻ ശങ്കിച്ചത്. അമ്മാവന്റെ മകൾ ആയതുകൊണ്ട് 'സഹോദരി' എന്നു പറഞ്ഞത് ശരിയാണ് എങ്കിലും അവൾ യഥാർത്ഥത്തിൽ ഭാര്യയാണ്. കാര്യസാധ്യത്തിനുവേണ്ടി അർദ്ധസത്യം പറയുന്നത് അനുകരണീയമായ മാതൃകയല്ല.

രണ്ടാമത് യിസഹാക്കിന് സംഭവിച്ച ബലഹീനത എന്നു പറയുന്നത് മക്കളെ വേർതിരിച്ച് സ്നേഹിച്ചു എന്നുള്ളതാണ്. യിസഹാക്കിന്റെ രണ്ടുമക്കളും ജന്മനാ രണ്ടു തരക്കാരായിരുന്നു. ഒന്നാമൻ ചുവന്നവൻ രണ്ടാമൻ മൂത്തവന്റെ കുതികാൽ പിടിച്ചിരുന്നു. ഏശാവ് വേട്ടയിൽ സമർത്ഥനും വനസഞ്ചാരിയും യാക്കോബ് സാധുശീലനും കൂടാരവാസിയും ആയിരുന്നു. യിസഹാക്ക് വാർദ്ധക്യത്തിലെത്തിയപ്പോൾ ബലഹീനനായി തീർന്നു. കാഴ്ചക്കുമങ്ങലുണ്ടായി. ഭക്ഷണത്തോട് ആഗ്രഹം കൂടി. ഏശാവിനോട് അല്പം ഇഷ്ടം കൂടുകയും ചെയ്തു. "ഏശാവിന്റെ വേട്ടയിറച്ചിയിൽ രുചിപിടിച്ചിരുന്നതുകൊണ്ട് യിസഹാക്ക് അവനെ സ്നേഹിച്ചു. (ഉല്പ. 25:28) റബേക്ക യാക്കോബിനെയും സ്നേഹിച്ചു. മാതാപിതാക്കൾ മക്കളെ വേർതിരിച്ചു സ്നേഹിച്ചതുകൊണ്ടാണ് അവർ ശത്രുക്കളായി മാറിയത്. യാക്കോബ് ഒളിച്ചോടേണ്ട സാഹചര്യം വരെ ഉണ്ടായി. അതുപോലെ തന്നെ യാക്കോബ് യൗസേഫിനെ മറ്റുമക്കളെക്കാൾ കൂടുതലായി സ്നേഹിച്ചു. അതുകൊണ്ട് അവന്റെ സഹോദരന്മാർക്ക് യൗസേഫിനോട് അസൂയ തോന്നി. അതിന്റെ പരിണിത ഫലങ്ങൾ നമുക്ക് അറിവുള്ളതാണല്ലോ. മക്കളെ ഒരുപോലെ മാതാപിതാക്കൾ സ്നേഹിക്കണം. കഴിവിന്റെ അടിസ്ഥാനത്തിലും വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനത്തിലും സ്ഥാനമാനങ്ങളുടെ അടിസ്ഥാനത്തിലും മക്കളെ വേർതിരിച്ച് സ്നേഹിക്കുന്നതാണ് ഇന്നത്തെ തലമുറയിലും സഹോദര സ്നേഹം നഷ്ടപ്പെടുവാൻ കാരണം.

യിസഹാക്കിന്റെ ജനനവും ജീവിതവും എല്ലാം യേശുക്രിസ്തുവിന്റെ നിഴലായിരുന്നു എന്ന് പലകാര്യങ്ങൾ കൊണ്ടും മനസ്സിലാക്കാൻ സാധിക്കും. "

1. യിസഹാക്ക് വാഗ്ദത്ത സന്തതിയാണ്. ദൈവം അബ്രഹാമിനെ മുൻകൂട്ടി അറിയിച്ചതനുസരിച്ചാണ് യിസഹാക്ക് ജനിക്കുന്നത്. യേശുക്രിസ്തുവും കന്യകയിൽ നിന്ന് ജനിക്കുന്നത് വാഗ്ദത്ത നിവൃത്തിയായിട്ടാണ്.

2. യിസഹാക്ക് യേശുക്രിസ്തുവും ജനിക്കുന്നതിന് മുമ്പ് പേര് ലഭിക്കപ്പെട്ടവർ ആണ്. ഉല്പ. 17:19, വി. മത്താ. 1:21.

3. ഇരുവരുടെയും ജനനം സ്വാഭാവിക നിലയിൽ നിന്ന് വ്യത്യസ്തമായിട്ടായിരുന്നു. പുത്രോല്പാദനത്തിന് ശേഷി ഇല്ലാത്ത കാലത്ത് യിസഹാക്ക് അത്ഭുതകരമായി സാറായിൽ നിന്നും ജനിച്ചു. യേശുക്രിസ്തു പുരുഷനെ അറിയാത്ത കന്യകയിൽ നിന്നും ജനിച്ചു.

4. രണ്ടുപേരും ഏകജാതൻ എന്ന് വിളിക്കപ്പെട്ടു. ഉല്പ. 22:2,16, വി. യോഹ. 3:16

5. യിസഹാക്ക് സ്വന്ത ബലിക്കുള്ള വിറക് ചുമന്ന് കൊണ്ട് മോറിയാ മലയിലേക്കു നടന്നു പോയി യേശുക്രിസ്തുവും സ്വന്തമരണത്തിനായി മരകുരിശും ചുമന്നു കൊണ്ട് ഗോഗുൽത്താ മലയിലേക്ക് കയറിപോയി.

6. യിസഹാക്ക് യാഗപീഠത്തിന്മേൽ സ്വമനസ്സാലെ കിടന്നു. ക്രിസ്തുവും കുരിശിൽ സ്വമനസാലെ കിടന്നു.

7. യിസഹക്ക് മരണം കാണാതെ മടങ്ങി വന്നു. യേശുക്രിസ്തു മരിച്ച് അടക്കപ്പെട്ടു. മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു മടങ്ങി വന്നു.


## പുസ്തകശാല




### വി. കുർബ്ബാന

**ഫാ. ഡോ. ജോർജ് കോശി**

'ആഴവും പരപ്പും' എന്ന പദപ്രയോഗത്തിന്റെ അന്തഃസത്ത മുഴുവൻ അന്വർത്ഥമാക്കുന്ന ഇതു പോലൊരു പഠനം വി. കുർബ്ബാനയെക്കുറിച്ച് മലയാളത്തിൽ ഇതേവരെ നടന്നിട്ടുള്ളതായി അറിവില്ല. പൗരസ്ത്യ ക്രൈസ്തവ സഭാപാ രമ്പര്യങ്ങളെ എല്ലാം ചേർത്തു കൊണ്ട്, ബോധപൂർവ്വം, 'പൗരസ്ത്യ ക്രൈസ്തവ സഭാപാരമ്പര്യത്തിൽ' എന്ന ഏകവചന പ്രയോഗത്തിന്റെ സുതാര്യത സൂക്ഷിച്ച് കൈകാര്യം ചെയ്തതിന്റെ പ്രാഗല്ഭ്യം ആരെയും അതി ശയിപ്പിക്കുന്നു. അവതാരിക: ഫാ. ഡോ. ജേക്കബ് കുര്യൻ, പ്രസാധകർ: എം.ഒ.സി. കോട്ടയം, വില: 900/-




### ഓർത്തഡോക്സിയുടെ വഴിത്താരയിൽ

മലങ്കര സഭയുടെ മല്പാൻ പാരമ്പര്യത്തിന്റെ ഛത്രവും ചാമരവുമേന്തി നിൽക്കുന്ന ചാരചണനാണ് മലങ്കര മല്പാൻ ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് ആർച്ച് കോർ എപ്പിസ്കോപ്പ. അറിവിന്റെയും വേദത്തിന്റെയും തമ്പുരാനാ യി ഓർത്തഡോക്സ് വിശ്വാസ വഴിത്താരയിൽ ചാരുത്തികളുമായും ചാരെഴുത്തുകളുമായും വിരാജിക്കുന്ന ഈ സുറിയാനി പണ്ഡിതൻ ദർശന പ്രപഞ്ചത്തിലേക്കൊരു ചാലേയമാണ്.

പ്രസാധകർ : എം.ഒ.സി. ബുക്സ്, കോട്ടയം,
വില : 220,
എഡിറ്റർ : ഫാ. ബിജു പി. തോമസ്,
ഡോ. പോൾ മണലിൽ



# ഹൃദ്രോഗവും മുൻകരുതലുകളും



**ഡോ. ജെയിംസ് തോമസ്**
സീനിയർ കൺസൾട്ടന്റ്, കാർഡിയോളജി,
മാർ സ്ലീവാ മെഡിസിറ്റി, പാലാ.

### ഹൃദ്രോഗങ്ങൾ വിവിധ തരത്തിൽ

1. ഹൃദയ പേശികൾക്ക് രക്തമെത്തിക്കുന്ന രക്തധമനികൾക്കു ഉണ്ടാകുന്ന ബ്ലോക്കുകൾ മൂലമുള്ള രോഗങ്ങൾ (Coronary Artery Disease - CAD)

2. ജന്മനാ ഉള്ള ഹൃദ്രോഗങ്ങൾ (Congenital Heart Disease)

3. ഹൃദയ വാൽവുകളെ ബാധി ക്കുന്ന രോഗങ്ങൾ (Valvular Heart Diseases)

4. ഹൃദയ പേശികളെ ബാധിക്കുന്ന രോഗങ്ങൾ - (Myocardial Diseases)

5. ഹൃദയത്തിന്റെ ആവരണമായ പെരികാർഡിയത്തിനു ഉണ്ടാകുന്ന രോഗങ്ങൾ (Pericardial Diseases)

6. ഹൃദയമിടിപ്പിന്റെ തോത് ക്രമാതീതമായി കൂടുകയോ കുറയുകയോ ചെയ്യുന്ന രോഗങ്ങൾ (Cardiac Arrhythmias)

**കൊറോണറി ആർട്ടറി ഡിസീസ് :** ഹൃദയ പേശികൾക്ക് ശുദ്ധരക്തവും ഓക്സിജനും എത്തി ക്കുന്നത് കൊറോണറി ആർട്ടറികൾ എന്ന രക്തധമനികളാണ്. ഇവയിൽ കൊഴുപ്പ് അടിഞ്ഞോ രക്തം കട്ടപിടിച്ചോ ബ്ലോക്കുകൾ ഉണ്ടാകുന്നത് മൂലം ഉണ്ടാകുന്ന രോഗങ്ങളെ ഇങ്ങനെ വിളിക്കുന്നു.

**ഹൃദയസ്തംഭനവും ഹൃദയാഘാതവും :** കൊറോണറി രക്തധമനികളിൽ കൊഴുപ്പ് അടിഞ്ഞ് ആ കൊഴുപ്പിന്റെ മുകളിൽ പെട്ടെന്ന് രക്തം കട്ടപിടിച്ച് ഹൃദയത്തിന്റെ പേശികൾക്ക് ശുദ്ധരക്തത്തിന്റെ ഒഴുക്ക് നി ലയ്ക്കുമ്പോൾ ഹൃദയാഘാതം ഉണ്ടാകുന്നു. ഹൃദയമിടിപ്പ് അപകടകരമായ നിലയിൽ കൂടുകയോ കുറയുകയോ ചെയ്ത് ഹൃദയം വേണ്ട രീതിയിൽ പ്രവർത്തിക്കാതെ വരികയും തലച്ചോറിനും മറ്റു അവയവങ്ങൾക്കും ആവശ്യത്തിന് രക്തം കിട്ടാതെ വരികയും ചെയ്യുന്ന സാഹചര്യമാണ് ഹൃദയാഘാതം (കാർഡിയാക് അറസ്റ്റ്) . ഹൃദയാഘാതം തന്നെയാണ് ഹൃദയസ്തംഭനം ഉണ്ടാകാനുള്ള പ്രധാനപ്പെട്ട കാരണം. എന്നാൽ എല്ലാ ഹൃദയസ്തംഭനങ്ങളും ഹൃദയാഘാതം മൂലം അല്ല.

### ഹൃദ്രോഗം എങ്ങനെ തിരിച്ചറിയാം?

നെഞ്ചിൽ ഭാരം പോലെയോ, വലിഞ്ഞു മുറുകുന്നതു പോലെയോ, കഴച്ചു പൊട്ടുന്നതു പോലെയോ, എരിഞ്ഞ് കയറുന്നതു പോലയോ, നെഞ്ച് തിങ്ങി നിറയുന്നതു പോലെയോ ആണ് ഹൃദ്രോഗത്തിന്റെ വേദന. നെഞ്ചിന്റെ മധ്യഭാഗത്താണ് സാധാരണ വേദന എങ്കിലും ചിലപ്പോൾ ഇടതു വശത്തോ അപൂർവ്വമായി വലതു വശത്തോ വേദന ഉണ്ടാകും. കഴുത്ത്, കീഴ്ത്താടി, കൈകൾ എന്നിവയിലേക്ക് വേദന പടർന്നാൽ ഹൃദ്രോഗമാകാൻ സാധ്യത കൂടുതലാണ്. വിയർക്കുക, ഛർദ്ദിക്കുക, ശുചിമുറിയിൽ പോകണമെന്ന് തോന്നുക, ശക്തമായ ശ്വാസംമുട്ടൽ ഉണ്ടാകുക, കണ്ണിൽ ഇരുട്ടു കയറി ബോധക്ഷയം ഉണ്ടാകുക എന്നിവയും ലക്ഷണമാണ്. നടക്കുമ്പോഴോ കയറ്റം കയറുമ്പോഴോ ഉണ്ടാകുന്ന നെഞ്ചുവേദനയും ഹൃദ്രോഗത്തിന്റെ ലക്ഷണമാകാം. കൊറോണറി രക്തധമനികളിൽ സാരമായ ബ്ലോക്കുകൾ ഉണ്ടെങ്കിലും ചിലർക്ക് രോഗലക്ഷണങ്ങൾ ഒന്നും കാണില്ല. (പ്രമേഹം ഉള്ളവരിൽ ഇത് സാധാരണമാണ്). നടക്കുമ്പോഴോ കയറ്റം കയറുമ്പോഴോ നെഞ്ചിടിപ്പോ ശ്വാസംമുട്ടലോ അനുഭവപ്പെടുക, രാത്രിയിൽ ശ്വാസംമുട്ടി ഉറക്കത്തിൽ നിന്നും എഴുന്നേൽക്കുക, കാലിലും വയറ്റിലും നീര് ഉണ്ടാകു ക എന്നിവ ഹൃദയവാൽവുകളുടെ രോഗത്തിന്റെയോ ഹൃദയത്തിന്റെ പമ്പിം?ഗ് ക്ഷമത കുറഞ്ഞതിന്റെയോ ലക്ഷണമാണ്. അതിവേഗത്തിലുള്ള നെഞ്ചിടിപ്പ്, കണ്ണിൽ ഇരുട്ട് കയറി ബോധക്ഷയം ഉണ്ടാകുക എന്നിവ ഹൃദയതാളം തെറ്റുന്ന കാർഡിയാക് അ്യൃവ്യവോശമ ന്റെ ലക്ഷണങ്ങൾ ആകാം.

### ഹൃദ്രോഗം-പരിശോധനകൾ

**ഇസിജി :** ഇതാണ് പ്രാഥമിക പരിശോധന. കാര്യമായ ബ്ലോക്കുകൾ ഉള്ള രോഗികൾക്കും വേദന ഇല്ലാത്ത സമയത്തു എടുക്കുന്ന ഇസിജി പലപ്പോഴും നോർമൽ ആയിരിക്കാം. ഇത്തരം സാഹചര്യങ്ങളിൽ ട്രെഡ് മിൽ ടെസ്റ്റ് നടത്തും.

**ടിഎംടി :** വ്യായാമം ചെയ്യുന്ന മെഷീനിൽ രോഗിയെ നടത്തി ഇസിജി എടുക്കും. ബ്ലോക്കുകൾ ഉണ്ടെങ്കിൽ വ്യായാമം ചെയ്യുന്ന സമയത്ത് ഹൃദയത്തിന് വേണ്ട ഓക്സിജൻ കിട്ടാതെ വരികയും ഇസിജിയിൽ വ്യതിയാനം വരികയും ചെയ്യും. ഒളിഞ്ഞിരിക്കുന്ന ബ്ലോക്കുകൾ കണ്ടെത്താൻ ഈ പരിശോധന സഹായിക്കും.

**എക്കോകാർഡിയോ? ഗ്രാം :** ഹൃദയത്തിന്റെ പ്രവർത്തനം നേരിൽ കണ്ടു രോഗനിർണയം നടത്തുവാൻ സഹായിക്കുന്ന പരിശോധനയാണിത്. ഹൃദയ വാൽവുകളെ ബാധിക്കുന്ന രോഗങ്ങൾ, ഹൃദയാഘാതം വന്നതിന്റെ ഭാ?ഗമായി ഹൃദയപേശികളുടെ അനക്കക്കുറവ്, ഹൃദയഭിത്തികളുടെ കട്ടികൂടുതൽ എന്നിവ തിരിച്ചറിയാനും ഹൃദയത്തിന്റെ 'പമ്പിം?ഗ് ക്ഷമത' യുടെ അവലോകനം നടത്താനും ഈ പരിശോധനയിൽ സാധിക്കും.

**കൊറോണറി ആൻജിയോ ഗ്രാം :** രക്തധമനികളിൽ ബ്ലോക്ക് തിരിച്ചറിയാനുള്ള ഫൈനൽ പരിശോധനയാണിത്. കൈയിലെയോ തുടയിലെയോ ആർട്ടറികളിലൂടെ ഒരു നേർത്ത ട്യൂബ് കടത്തി ഹൃദയത്തിന്റെ കൊറോണറി രക്തധമനകളിൽ കോൺട്രാസ്റ്റ് (ഇീി്യേമെ) എന്ന മരുന്ന് ഇൻജക്ട് ചെയ്ത് സ്ക്രീനിൽ രക്ത ധമനികൾ വ്യക്തമായി കണ്ടു രോഗനിർണയം നടത്തും.

**ചികിത്സ :** ആൻജിയോ ഗ്രാമിൽ ബ്ലോക്കുകൾ കണ്ടെത്തിയാൽ ആൻജിയോപ്ലാസ്റ്റിയോ ബൈപാസ് സർജറിയോ കൂടിയേതീരു എന്നില്ല. 70 % താഴെ ബ്ലോക്കുകൾക്ക് സാധാരണ മരുന്ന് കൊണ്ടുള്ള ചികിത്സ ആണ് നിർദ്ദേശിക്കുക. പ്രധാനപ്പെട്ട രക്തധമനി കളിൽ 70 ശതമാനത്തിന് മുകളിൽ ബ്ലോക്ക് ഉണ്ടെങ്കിൽ ആൻജിയോപ്ലാസ്റ്റിയോ ബൈപാസ് സർജറിയോ വേണ്ടി വരാം. ബ്ലോക്കുകളുടെ ഘടനയും അവയുടെ സ്ഥാനവും മറ്റ് വ്യത്യാസങ്ങളും പരിഗണിച്ചാണ് ചികിത്സ തീരുമാനിക്കുക.



# സമഗ്ര വിദ്യാഭ്യാസം: തെയോഡോഷ്യൻ ദർശനം


ഫാ.ഡോ.പി.എസ്. വർഗ്ഗീസ്

(എക്സിക്യൂട്ടീവ് വൈസ് ചെയർമാൻ, ക്രിസ്ത്യൻ കോളേജ് ഓഫ് എഞ്ചിനീയറിങ് ആൻഡ് ടെക്നോളജി,ഭിലായി)


**ആമുഖം**

അറിവിന് മീതേ അനുഭവങ്ങൾ ആകാശം തീർക്കുന്ന തെങ്ങനെയെന്ന് നാം ആശ്ചര്യപ്പെടാറില്ലേ?

കാലം ഒരു ശുദ്ധാത്മാവിനെ ഏൽപ്പിച്ച നിയോഗം അതിന്റെ പവിത്രതയിൽ ഒരു ബലിപോലെ നിർവഹിച്ച പിതാവ്, ഭാഗ്യ സ്മരണീയനായ സ്തേഫാനോസ് മാർ തേവോദോസ്യോസ്, നിയതിയുടെ നിയോഗവും പേറി സാഹ്യന്റെ ഉയരങ്ങൾ താണ്ടി ഉരുക്ക് നഗരത്തിന്റെ കഠിന തയിൽ ഉരുകിപ്പോകാതെ അശരണർക്ക് ആലംബമായി. ഈ പിതാവിന്റെ മൗനത്തിനു പോലും ഒരു നിർവചനനു ണ്ടായിരുന്നു എന്ന് നിസ്സംശയം ലോകം സാക്ഷിച്ചു. ഈ പുണ്യ പിതാവിന്റെ ദീർഘ വീക്ഷണവും, ദീർഘമായ മൗനത്തിനു ശേഷമെടുത്ത കർമ്മോജ്വലമായ നടപടികളി ലൂടെയുമാണ് ഭിലായ് എൻജിനീയറിങ് കോളേജിന്റെ ഉത്ഭവവും നാൾവഴികളും. തന്റെ നിയോഗം ഒരു ബലി പോലെ നിർവ്വഹിച്ചു പിന്നെ ആ നാളം തലമുറകളെ ഏല്പിച്ചു.

**1. തിയോഡോഷ്യൻ ദർശനം**

'കുറഞ്ഞ ചെലവിൽ എല്ലാവർക്കും ഗുണനിലവാ രമുള്ള വിദ്യാഭ്യാസം നൽകുക' എന്ന തേവോദോസിയോ സ് തിരുമേനിയുടെ ദർശനം രണ്ടര പതിറ്റാണ്ടിനുശേ ഷവും മങ്ങലേൽക്കാതെ പത്തര മാറ്റു പവിത്രതയിൽ സെന്റ് തോമസ് മിഷനും, കൽക്കട്ട ഭദ്രാസന വിദ്യാഭ്യാസ സ്ഥാപനങ്ങളും സമൂലം നിറവേറ്റി ഭാരതത്തിന്റെ നവീന വിദ്യാഭ്യാസ പോളിസി-2020 യുമായി സമഗ്രമായി സമ്മേളി പ്പിച്ചിരിക്കുന്നു. 'ഒരുവനെ മീൻ പിടിക്കാൻ പഠിപ്പിക്കുക യന്നുള്ളതാണ് എന്നും ഒരു മീൻ പിടിച്ചു നൽകുന്നതിലും ഉത്തമവും, ജീവിതകാലം മുഴുവനേക്കുള്ള സഹായവു മെന്ന (Give a man a fish,and you feed him for a day.Teach a man to fish,and you feed him for a lifetime) ലവോത്സു മുതൽ മാവോ സേതുങ് വരെ കൈമാറിയ ജീവിത ഗന്ധിയായ ചിന്തകൾ ഈ പിതാവും എന്നും ഹൃദയത്തോട് ചേർത്തുവച്ചാണ് ഈ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒക്കെ സ്ഥാപിച്ചത്.

ഒപ്പം ജീവിതാന്ത്യംവരെ അവിരാമം തന്റെ സന്ദേശങ്ങ ളിൽ ഉടനീളം ഈ ഒരു ദർശനം മാർ തേവോദോസിയോ സ് നിരന്തരം സഭാഗാത്രത്തെ ഓർമ്മിപ്പിച്ചിരുന്നു.

ഈ തിയോഡോഷ്യൻ സമഗ്ര ദർശനമാണ് സെന്റ് തോമസ് മിഷനിലൂടെ പതിറ്റാണ്ടുകൾക്ക് ശേഷവും പൂർ വ്വാധികം ഭംഗിയായി ഇന്നും തുടരുന്ന സ്കോളർഷിപ്പുക ളും, മറ്റ് വിദ്യാഭ്യാസ സഹായങ്ങളും.

ഭിലായി മിഷൻ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കും, എസ്.സി/എസ്. ടി വിദ്യാർത്ഥികൾക്കും പ്രത്യേക വിദ്യാഭ്യാസ ആനു കൂല്യങ്ങൾ, സൗജന്യ ഹോസ്റ്റൽ താമസം തുടങ്ങിയ ആ നുകൂല്യങ്ങൾ നൽകുന്നു. ഡോ. സന്ധ്യാ പിള്ള മെമ്മോറി യാൽ മെരിട്ടോറിയസ്സ് സ്കോളർഷിപ്പ്, ശ്രീ. ജോൺ ജേക്കബ് മെരിട്ടോറിയസ്സ് സ്കോളർഷിപ്പ്, സെന്റ്. തോ മസ് മിഷൻ സിൽവർ ജുബിലീ സ്കോളർഷിപ്പ് തുടങ്ങിയ പത്തിലധികം സ്കോളർഷിപ്പുകൾ കുട്ടികൾക്കായി ന ൽകുന്നു. ഇവകൂടാതെ പാത്താമുട്ടത്തുള്ള സ്തേ ഫാനോസ് മാർ തേവോദോസ്യോസ് മിഷൻ കേന്ദ്രം പുണ്യ പിതാവിന്റെ വിദ്യാഭ്യാസ-മിഷൻ ദർശനങ്ങളെ തന്റെ ജന്മ നാട്ടിലും, ഉപരിയായി കേരളക്കരയിലും ഏകോപിപ്പിക്കുന്ന മഹത്തായ കർമ്മ പദ്ധതിയുടെ പൂ ർത്തീകരണം കൂടെയാണ്. 2013- ൽ പൂർത്തീകരിച്ച ഈ മിഷൻ കേന്ദ്രം മുൻ ഭദ്രാസന മെത്രാപോലീത്തയായി രുന്ന അഭിവന്ദ്യ ഡോ. ജോസഫ് മാർ ദിവന്നാസ്യോസ് തിരുമേനിയുടെ ക്രാന്തദർശിത്വത്തിന്റെ പൂർത്തികരണ വും കൂടെയാണ്. ഈ മിഷൻ കേന്ദ്രം 2023 മുതൽ ഭിലായി എഞ്ചിനീയറിംഗ് കോളേജിലേക്ക് 15 കുട്ടികളെ സ്പോൺസർ ചെയ്യുന്നു. കമ്പ്യൂട്ടർ സയൻസ് - 6 സീറ്റ്, മെക്കാനിക്കൽ എഞ്ചിനീയറിങ് -3 സീറ്റ്, ഇലക്ട്രിക്കൽ എഞ്ചിനീയറിങ് -3 സീറ്റ്, ഇലക്ട്രോണിക്സ് എഞ്ചിനീ യറിങ്- 3 സീറ്റുകൾ. വിശദ വിവരങ്ങൾക്ക് പത്താമുട്ടം മിഷൻ കേന്ദ്രം ട്രസ്റ്റി ശ്രീ.ഷാജി എബ്രഹാം (9744230093) പ്രോഗ്രാം കോർഡിനേറ്റർ ശ്രീ.ബിജി ഫിലിപ്പ് (9562621999) എന്നിവരെ ബന്ധപ്പെടുക.

**2. തിയോഡോഷ്യൻ പ്രവർത്തനം**

1998 ആരംഭിച്ച മദ്ധ്യപ്രദേശ് ക്രിസ്ത്യൻ കോളേജ് ഓഫ് എഞ്ചിനീയറിങ്ങ് ആൻഡ് ടെക്നോളജി (MPC-CET), നവംബർ ഒന്ന് 2000 ചത്തിസ്ഗഡ് സംസ്ഥാന രൂപീകരണത്തിന് ശേഷം ക്രിസ്ത്യൻ കോളേജ് ഓഫ് എഞ്ചിനീയറിങ്ങ് ആൻഡ് ടെക്നോളജി (CCET) എന്ന പേരിൽ പുനർ നാമകരണം ചെയ്യപ്പെട്ടു.

ഭിലായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (BIT)ക്ക് ശേഷം ചത്തിസ്ഗഡ് സംസ്ഥാനത്ത് രണ്ടാമത്തെ എഞ്ചി നീയറിങ്ങ് കോളേജ് കൂടിയാണീ ഉന്നത വിദ്യാഭ്യാസ കലാലയം.

മാർ തേവോദോസിയോസ് പിതാവിന്റെ ദർശന മുൾക്കൊണ്ട് കൽക്കട്ട ഡയോസിഷൻ മിഷൻ എഡ്യൂ ക്കേഷൻ ബോർഡ് (DMEB) തലസ്ഥാനമായ റായ് പൂർ, ഭിലായ്, രാജ്നന്ദ്ഗാവ്, ബിലാസ്പൂർ, ജാഗ്ദൽപ്പൂർ, കോർബാ തുടങ്ങിയ ചത്തിസ്ഗഡിലെ പ്രധാന സ്ഥലങ്ങ ളിൽ സ്കൂളുകളും കോളേജുകളും നടത്തുന്നു. അയൽ സംസ്ഥാനമായ മഹാരാഷ്ട്രയിലെ നാഗ്പൂർ മുതൽ നോ ർത്ത് ഈസ്റ്റിലുള്ള നാഗാലാന്റിലെ ഡിമാപ്പൂർ വരെ യുള്ള പള്ളികളോട് ചേർന്ന് സ്തുത്യർഹമായ നിലയി

ൽ വിദ്യാഭ്യാസപ്രേഷിതപ്രവർത്തനങ്ങളിൽ ഏർപ്പെട്ടു പോരുന്നു. കുറഞ്ഞ ചെലവിൽ എല്ലാവർക്കും നല്ല വിദ്യാഭ്യാസം നൽകണമെന്നാണ് ഡോ. സ്തേഫാനോസ് മാർ തേവോദോസിയോസ് പിതാവ് ചിന്തിക്കുകയും അതിനായി ജീവിതാന്ത്യം വരെ അക്ഷീണം യത്നിക്കുകയും ചെയ്തത്.

2025, മാർച്ച് മാസം ഭിലായി എഞ്ചിനീയറിങ് കോളേജിൽ നടന്ന ക്യാമ്പസ് പ്ളേസ്മെന്റ് പ്രോഗ്രാമുകളിൽ അവസാന വർഷ വിദ്യാർത്ഥികളിൽ നിന്നും ഇരുപതിലധികം വിദ്യാർത്ഥികൾ വിവിധ കമ്പനികളിൽ ജോലിനേടുകയുണ്ടായി. ഈ വർഷം നൂറുശതമാനം പ്ലെയ്സ്മെന്റുകൾ നടത്തുക എന്നതാണ് കോളേജിന്റെ ലക്ഷ്യം. 50% ന്യൂനപക്ഷങ്ങൾക്ക് കോളേജിൽ സീറ്റ് സംവരണം ഉണ്ട്, സഭാമക്കൾ ഈ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിലൂടെയാണ് തേവോദോസ്യൻ വിദ്യാഭ്യാസ ദർശനങ്ങൾ അതിന്റെ പൂർണതയിൽ എത്തുന്നത്. വരും വർഷങ്ങളിൽ എംസിഎ, എംബിഎ, ബിസിഎ, ബിബിഎ, അഗ്രികൾച്ചർ എൻജിനീയറിങ്, പാരമെഡിക്കൽ എന്നീ മേഖലകളിൽ പുതിയ കോഴ്സ്കൾക്ക് ഉള്ള തയ്യാറെടുപ്പുകൾ ദ്രുതഗതിയിൽ ആലോചനയിലാണ്. ഒരു കുടക്കീഴിൽ KG ക്ലാസുകൾ മുതൽ PhD വരെ എന്ന ആശയം പകർന്ന മുൻ ഭദ്രസനാധിപനും വിദ്യാഭ്യാസ വിചക്ഷണനുമായഅഭിവന്ദ്യ ഡോ. ജോസഫ് മാർ ദിവനസിയോസ് തിരുമേനിയുടെ ചടുലമായ തീരുമാനങ്ങൾ വിശാലമായ കോളേജ് ക്യാമ്പസ് 3000 കുട്ടികൾ പഠിക്കുന്ന മാർ ബസേലിയോസ് വിദ്യാഭവൻ എന്ന സ്കൂളിനുംകൂടെ ഇവിടെ അങ്കണമൊരുക്കി. ഇവിടെ ഏത് അഡ്മിഷനും ഡൊണേഷനോ, ക്യാപ്പിറ്റേഷൻ ഫീസോ ഇല്ല. മികച്ച മാർക്ക് നേടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് സൗകര്യം നൽകുന്നു.

1998-ൽ ഭാഗ്യ സ്മരണാർഹനായ ഡോ.സ്തേഫാനോസ് മാർ തേവോദോസ്യോസ് തിരുമേനി സ്ഥാപിച്ച ഭിലായിലെ, കൈലാഷ് നാഗറിലുള്ള ക്രിസ്ത്യൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി (CCET) അതിന്റെ നെറുകയിൽ മറ്റൊരു ശ്രദ്ധേയമായ നേട്ടം ചേർത്തു. കഴിഞ്ഞ വർഷം ഒരുപാട് നേട്ടങ്ങളോടൊപ്പം CCET മഹത്തായ 25 വർഷങ്ങൾ പൂർത്തിയാക്കി. NAAC-ന്റെ അഭിമാനകരമായ 'A' ഗ്രേഡ് അംഗീകാരവും നേടുകയുണ്ടായി.

ഛത്തീസ്ഗഢിലെ ഏറ്റവും പഴക്കമേറിയതും പ്രമുഖവുമായ എഞ്ചിനീയറിംഗ് സ്ഥാപനങ്ങളിലൊന്നായ CCET യുടെ NAAC 'A' ഗ്രേഡ് ഈ ഉന്നത വിദ്യാഭ്യാസസ്ഥാപനത്തിന്റെ അടിസ്ഥാന സൗകാര്യങ്ങൾക്കും, മികവിനോടുള്ള പ്രതിബദ്ധതയുടെ പ്രതീകവുമാണ്. ചുറ്റും സമൃദ്ധമായ പച്ചപ്പും, ഭംഗിയുള്ളതുമായ പുൽത്തകിടികളുള്ള ഒരു ലോകോത്തര കാമ്പസും തീവ്രമായ പഠനാനുഭവത്തിന് അനുയോജ്യമായ ഒരു ക്രമീകരണം ഓരോ വിദ്യാർഥിക്കും പ്രദാനം ചെയ്യുന്ന സമാധാനപരമായ ഒരന്തരീക്ഷവും ഇതിനുണ്ട്. ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യുക്കേഷൻ (AICTE) അംഗീകരിച്ചതും ഛത്തീസ്ഗഢ് സ്വാമി വിവേകാനന്ദ ടെക്നിക്കൽ യൂണിവേഴ്സിറ്റിയുമായി (CSVTU) അഫിലിയേറ്റ് ചെയ്തിരിക്കുന്നതുമായ ഈ കോളേജിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗ്, കമ്പ്യൂ ട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് ആൻഡ് ടെലികമ്മ്യൂണിക്കേഷൻ എഞ്ചിനീ യറിംഗ്, ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് എന്നിവയിൽ ബിരുദ പ്രോഗ്രാമുകൾ (B.Tech) വാഗ്ദാനം ചെയ്യുന്നു. കൂടാതെ, മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ CAD/CAM, റോബോട്ടിക്സ് എന്നിവയിൽ ബിരുദാനന്തര കോഴ്സുകൾ, ഇലക്ട്രോണിക്സ് ആൻഡ് ടെലികമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗിൽ നാനോ ടെക്നോളജി, ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിൽ ഹൈ വോൾട്ടേജ് (M.Tech) എന്നിവ വാഗ്ദാനം ചെയ്യുന്നു. ഗവേഷണത്തിന്റെയും നവീകരണത്തിന്റെയും സംസ് കാരം പ്രോത്സാഹിപ്പിക്കുന്നതിനായി ഇലക്ട്രോണിക്സ് ആൻഡ് ടെലികമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്, അപ്ലൈ ഡ് മാത്തമാറ്റിക്സ്, അപ്ലൈഡ് ഫിസിക്സ് എന്നിവയിൽ പിഎച്ച്ഡി(ജവഉ) പ്രോഗ്രാമുകളും CCET വാഗ്ദാനം ചെയ്യുന്നു എന്നത് ശ്രദ്ധേയമാണ്.

**3. മാർ തിയോഡോഷ്യൻ വീക്ഷണം.**

മാർ തേവോദോസിയോസ് പിതാവിന്റെ ദർശനമുൾക്കൊണ്ട് ഭാവിയിലേക്ക് മിഴികളുയർത്തുമ്പോൾ, വരാനിരിക്കുന്ന അക്കാദമിക് സെഷനിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI), മെഷീൻ ലേണിംഗ്(ML),ഡാറ്റാ സയൻസ് (DS), മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (MCA), ഡിപ്ലോമ കോഴ്സുകൾ എന്നിവകൂടി ഉൾപ്പെടുത്തിക്കൊണ്ട് CCET അതിന്റെ അക്കാദമിക് ചക്രവാളങ്ങൾ വിപുലീകരിക്കാൻ ഒരുങ്ങുന്നു. ഈ തന്ത്രപ്രധാനമായ സംരംഭം വളർന്നുവരുന്ന സാങ്കേതിക വിദ്യകളോട് ചേർന്നുനി ൽക്കാനും വളർന്നുവരുന്ന വിദ്യാഭ്യാസ ആവശ്യങ്ങൾ നിറവേറ്റാനുമുള്ള CCET യുടെ പ്രതിബദ്ധതയ്ക്ക് അടിവരയിടുന്നു, ഒപ്പം മാർ തേവോദോസിയോസിന്റെ സമഗ്ര വിദ്യാഭ്യാസദർശനങ്ങളെ അതിന്റ പൂർണ്ണതയിൽ എത്തിക്കാനുള്ള കഠിനപരിശ്രമവും കൂടെയാണ്.

ഈ സ്ഥാപനം ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുകയും സമൂഹത്തിന്റെ നന്മയ്ക്കും ക്ഷേമത്തിനും വേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി 10 വ്യത്യസ്ത സ്കോളർഷിപ്പുകൾ ഇൻസ്റ്റിറ്റ്യൂട്ട് വാഗ്ദാനം ചെയ്യുന്നു. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും 200 കിടക്കകൾ വീതമുള്ള ഹോസ്റ്റൽ സൗകര്യമുണ്ട്. ഇതിനുപുറമെ, ക്യാന്റീൻ, ഔട്ട്ഡോർ ഗെയിമുകൾക്കുള്ള വലിയ കളിസ്ഥലം, ഇൻഡോർ ഗെയിമുകൾക്കുള്ള സൗകര്യം, ജിം, സംഗീത സൗകര്യം എന്നിവയും ഇവിടെയുണ്ട്. 58000-ലധികം പുസ്തകങ്ങളുള്ള ഛത്തീസ്ഗഢ് സംസ്ഥാനത്തെ ഏറ്റവും വലിയ ലൈബ്രറികളിലൊന്നാണ് ഇതിന്റെ ലൈബ്രറി. വളരെ മിതമായ നിരക്കിൽ വിദ്യാർത്ഥികൾക്ക് ബുക്ക് ബാങ്ക് സൗകര്യവും ഇവിടെ നൽകുന്നു.

പ്ലെയ്സ്മെന്റുകളിൽ പ്രശംസനീയമായ ട്രാക്ക് റെക്കോർഡ് കോളേജിന് അഭിമാനമുണ്ട്, ധാരാളം ബിരുദധാരികൾ അഭിമാനകരമായ ദേശീയ അന്തർദേശീയ കമ്പനികളിൽ സ്ഥാനങ്ങൾ നേടുന്നു. ഡീൻ അക്കാദമിക്സും കോ-ഓർഡിനേറ്ററുമായ ഡോ. ജിതേന്ദ്ര തിവാരിയുടെ മാർഗനിർദേശപ്രകാരം, പരിശീലന, പ്ലേസ്മെന്റ് സെല്ലിന്റെ കോ-ഓർഡിനേറ്റർമാരായ ശ്രീ. ആശിഷ് ദേവാംഗൻ, ശ്രീ. ആകാശ് ദേവാംഗൻ എന്നിവരോടൊപ്പം, പ്രൊഫഷണൽ മേഖലയ്ക്കായി വിദ്യാർത്ഥികളെ നന്നായി തയ്യാറാക്കുന്നു.

CCET-ൽ  പരിചയസമ്പന്നരും ഉയർന്ന യോഗ്യതയുള്ളവരുമായ അധ്യാപകരുടെ മാർഗ്ഗനിർദ്ദേശത്തിൽ നിന്ന് വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിക്കുമെന്നുള്ളത് നിസ്തർക്കമായ വസ്തുതയാണ്. വൈസ് പ്രിൻസി പ്പലും കംപ്യൂട്ടർ സയൻസ് എൻജിനീയറിങ് വിഭാഗം മേധാവിയുമായ ഡോ.അർച്ചന ചൗധരി, മെക്കാനിക്കൽ എൻജിനീയറിങ് വിഭാഗം മേധാവി ഡോ. ആർ.എച്ച്. ഗജ്ഘട്ട്, ഇലക്ട്രിക്കൽ എൻജിനീയറിങ് വിഭാഗം മേധാവി ഡോ. ശൈലേന്ദ്ര വർമ്മ, ഇലക്ട്രിക്കൽ എൻജിനീയറിങ് വിഭാഗം മേധാവി മി.ആബിദ് ഖാൻ, ഒന്നാം വർഷ കോഓർഡിനേറ്റർ ഡോ. പ്രീതി നന്ദകുമാർ എന്നിവരുടെ നേതൃത്വ ത്തിൽ ഓരോ വിദ്യാർഥികളുടെയും കഴിവുകളെ പരിപോഷിപ്പിക്കുകയും അക്കാദമിക് മികവ് പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

**ഉപസംഹാരം**

മാർ തേയോഡോഷ്യൻ സമഗ്ര വിദ്യാഭ്യാസത്തെ: 2020-ലെ ഭാരതത്തിന്റെ നവീന വിദ്യാഭ്യാസവുമായി കോർത്തിണക്കി CCET യിൽ നവീനവും ആനുകാലികവുമായ പദ്ധതികൾ രൂപീകരിക്കുന്നതിലും അവയെ ക്രോഡീകരിക്കുന്നതിലും അഭിവന്ദ്യ അലക്സിയോസ് മാർ യൗസേബിയോസ് തിരുമേനി ചെയർമാനായും, റവ.ഫാദർ ഡോ.പി.എസ്.വർഗ്ഗീസ് എക്സിക്യൂട്ടീവ് വൈസ് ചെയർമാനായും, വെരി.റവ.തോമസ് റമ്പാൻ ട്രഷററായും, പ്രിൻസിപ്പൽ ഡോ. ദീപാലി സോരൻ, വൈസ് പ്രിൻസിപ്പൽ, ഡോ. അർച്ചന ചൗധരി, ഡോ.ജിതേന്ദ്ര തിവാരി, തുടങ്ങിയ ഒരുകൂട്ടം വിദ്യാഭ്യാസ വിചക്ഷണർ ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകാനും എഞ്ചിനീയറിംഗ്, ടെക്നോളജി മേഖലകളിലെ ഭാവി പ്രതിഭകളെ രൂപപ്പെടുത്താനും മാർ തിയോടൊഷ്യൻ വിദ്യാഭ്യാസ ദർശനങ്ങൾ പ്രവർത്തികമാക്കാനു മുള്ള പ്രതിബദ്ധത അക്ഷീണം തുടരുന്നു.

വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക :


Fr.Dr.P.S.Varghese, Executive Vice Chairman,
CCET Bhilai. Mobile- 7005024458
9495152481, 9826141686

frdrpsvargheseccet@gmail.com
CCET Office- 07882286662
email id: ccet@ccetbhilai.ac.in,
ccetadmissioncell@gmail.com
principal.011.csvtu@gmail.com
Website:www.ccetbhilai.ac.in




മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ആരാധനാ വിവർത്തന കമ്മറ്റിയുടെ കൺവീനറായി ഫാ. ഡോ. ഷാജൻ വർഗീസിനെ പരിശുദ്ധ കാതോലിക്കാ ബാവ നിയമിച്ചു. നിരണം ഭദ്രാസനത്തിലെ വൈദികനും. കടപ്രമാന്നാർ സെന്റ് തോമസ് ഓർത്തഡോക്സ് കാതോലിക്കേറ്റ് ചർച്ച് ഇടവകാംഗവുമാണ്





# വിഷൻ 2052

## 12 പദ്ധതികളുമായി പരിശുദ്ധ സഭ

കോട്ടയം മാർത്തോമ്മാ ശ്ലീഹായുടെ ആഗമനത്തിന്റെ 2000 വർഷം പൂർത്തിയാകുന്ന 2052ലേക്കുള്ള ചുവടുവയ്പിന്റെ ഭാഗമായി 'വിഷൻ 2052' പദ്ധതികൾക്ക് പ. സഭ രൂപം നൽകി. പന്ത്രണ്ടിന കർമ പദ്ധതികൾക്കാണ് ദേവലോകം അരമനയിൽ 17-05-2024 ൽ കൂടിയ സഭാ മാനേജിങ് കമ്മിറ്റിയുടെ വിശേഷാൽ യോഗം അംഗീകാരം നൽകിയത്. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ അധ്യക്ഷത വഹിച്ചു. സഭാ, ഭദ്രാസന, ഇടവക തലത്തിലുള്ള ഡിജിറ്റൈസേഷൻ പൂർത്തിയാക്കും. ഓൺലൈൻ ചാനൽ തുടങ്ങും. പ്രാദേശിക ഭാഷയിലേക്ക് ആരാധനക്രമത്തിന്റെ തർജമ നടത്തും.

ദേവലോകം അരമനയിൽ രാജ്യാന്തര നിലവാരത്തിലുള്ള അതിഥിമന്ദിരം, ആയിരംപേർക്ക് ഒരുമിച്ചു താമസിക്കാവുന്ന ക്യാംപ് സെന്റർ, ദേവലോകം അരമനയിൽ മ്യൂസിയം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനായി കേറ്ററിങ് കോളജ്, തലസ്ഥാനത്ത് പബ്ലിക് റിലേഷൻ കാര്യാലയം, ആയുർവേദ കോളജ്, സ്പോർട്സ് സെന്റർ തുടങ്ങിവയാണു മറ്റു പദ്ധതികൾ. വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, അസോസിയേഷൻ സെക്രട്ടറി ബിജു ഉമ്മൻ എന്നിവർ പദ്ധതികൾ വിശദീകരിച്ചു.



**കോട്ടയം:** പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ കല്പന പ്രകാരം ഓർത്തഡോക്സ് വൈദിക സെമിനാരി പ്രിൻസിപ്പലിന്റെ ചുമതലയിൽ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ നിയമിതനായി.

കേരള സർവ്വകലാശാലയിൽ നിന്ന് മലയാള സാഹിത്യത്തിൽ MA, സെറാമ്പൂർ സർവ്വകലാശാലയിൽ നിന്ന് കമ്മ്യൂണിക്കേഷനിൽ M.Th, മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്ന് സാമൂഹിക ശാസ്ത്രത്തിൽ M.Phil, ഇന്ത്യൻ മാധ്യമങ്ങളിലെ സാംസ്കാരിക അധീശത്വം എന്ന വിഷയത്തിൽ Ph.D ബിരുദവും മദ്രാസ് ക്രിസ്ത്യൻ കോളജിൽ നിന്നും ജേണലിസവും കരസ്ഥമാക്കി. മലയാള മനോരമയിൽ പത്രപ്രവർത്തനത്തിൽ പ്രായോഗിക പരിശീലനം നേടി. മലങ്കരസഭാ മാസിക, ബഥേൽ പത്രിക എന്നിവയുടെ ചീഫ് എഡിറ്ററായിരുന്നു. ഇപ്പോൾ ദൂതൻ മാസിക, കേരളത്തിലെ വേദശാസ്ത്ര സാഹിത്യ സമിതി പ്രസിദ്ധീകരണങ്ങൾ എന്നിവയുടെ ചീഫ് എഡിറ്ററാണ്.

കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരിയിൽ 1995 മുതൽ കമ്മ്യൂണിക്കേഷൻ വിഭാഗത്തിൽ അധ്യാപകനും പ്രായോഗിക പരിശീലന പദ്ധതിയുടെ കാര്യദർശിയുമാണ്. കൽക്കട്ട സെറാമ്പൂർ സർവ്വകലാശാല കമ്മ്യൂണിക്കേഷൻ വിഭാഗം അക്കാദമിക് കൗൺസിൽ അംഗവും കേരളത്തിലെ വേദശാസ്ത്രപഠനത്തിന്റെ സംയുക്ത കേന്ദ്രമായ FFRRC യുടെ ഡീനുമായി പ്രവർത്തിക്കുന്നു. സൗത്ത് കൊറിയയിൽ 2013-ൽ നടന്ന WCC യുടെ 10-ാമത് അസംബ്ലിയിൽ സഭയെ പ്രതിനിധീകരിച്ചു. CCA, NCC, KCC തുടങ്ങിയ വിവിധ എക്യുമെനിക്കൽ പ്രസ്ഥാനങ്ങളിൽ സഭയുടെ പ്രതിനിധിയായി പങ്കെടുത്തിട്ടുണ്ട്.


മാധ്യമം, സംസ്കാരം, സഭ, സാഹിത്യം എന്നീ വിഷയങ്ങളിൽ 30-ലധികം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചെങ്ങന്നൂർ ഭദ്രാസനത്തിലെ പന്തളം അറത്തിൽ സെന്റ് ജോർജ്ജ് മഹായിടവകാംഗമാണ്. ഇപ്പോൾ മാവേലിക്കര ഭദ്രാസനത്തിൽ വെട്ടിയാർ താന്നിക്കുന്ന് സെന്റ് മേരീസ് പള്ളി വികാരി.

കോട്ടയം സി.എസ്.ഐ. കോളേജ് ഫോർ ലീഗൽ സ്റ്റഡീസ് വൈസ് പ്രിൻസിപ്പാൾ അഡ്വ. ഡോ. ജെയ്സി കരിങ്ങാട്ടിൽ സഹധർമ്മിണി. മക്കൾ : ബോധിഷ്, ബോധിഷ.



മലങ്കര ഓർത്തഡോക്സ് സഭയുടെ സേവന വിഭാഗമായ ആർദ്ര ചാരിറ്റബിൾ സൊസൈറ്റി കുടശ്ശനാട് വിധവയായ സഹോദരിക്ക് നിർമ്മിച്ച് നൽകിയ വീടിന്റെ താക്കോൽ ആർദ്ര വൈസ് പ്രസിഡണ്ട് റവ. ഫാ. വിൽസൺ കൈമാറി.

*For Favours Received*






ഒരു വിശ്വാസി



സൺഡേസ്കൂൾ സെൻട്രൽ സോണൽ തല സഹപാഠ്യ മത്സരത്തിൽ ജൂനിയർ വിഭാഗം പൊതുവിജ്ഞാനത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ സാവിയോ ടോം മജു കോട്ടയം ഭദ്രാസനത്തിൽ കുറിച്ചി സെന്റ് പീറ്റേഴ്സ് ആൻഡ് പോൾസ് ഓർത്തഡോക്സ് വലിയ പള്ളി ഇടവകാംഗം. കുറിച്ചി പാറച്ചേരിൽ മജു തോമസിന്റെയും ജീനാ നൈനാന്റെയും മകൻ.



നവീകരിച്ച പാലാരിവട്ടം സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളിയുടെ (കൊച്ചി ഭദ്രാസനം) കൂദാശയും വിശുദ്ധ ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാളും പരി. കാതോലിക്ക ബാവയുടെ പ്രധാന കാർമികത്വത്തിൽ മെയ് 11, 12 തീയതികളിൽ നടന്നു. ഇടവക മെത്രാപ്പോലീത്ത അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ്, അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്ത അഭി. യൂഹാനോൻ മാർ പോളിക്കർപ്പോസ് എന്നിവർ സഹകാർമികരായിരുന്നു. പരി. ബാവാ തിരുമേനിക്കും മറ്റു തിരുമേനിമാർക്കും സ്വീകരണം നൽകി. ഇടവക വികാരി ഫാ. ജിജു വർഗീസ്, സഹ വികാരി ഫാ. സഖറിയ തോമസ്, ട്രസ്റ്റി മാത്യു അലക്സാണ്ടർ, സെക്രട്ടറി ജി. ബാബുക്കുട്ടി എന്നിവർ നേതൃത്വം നൽകി.

കൽക്കുരിശ്, പള്ളിമണി ഗോപുരം, പുതിക്കി പണിത പാർസനേജ്, ചാരിറ്റി പ്രോജക്ടുകളുടെ ഭാഗമായി നിർമിച്ച വീട് എന്നിവയുടെ കൂദാശ ഐറേനിയോസ് തിരുമേനി നിർവ്വഹിച്ചു. ഞായറാഴ്ച വിശുദ്ധ മൂന്നിൽ മേൽ കുർബാന, പെരുന്നാൾ റാസ, പൊതുസമ്മേളനം, എന്നിവ നടന്നു. നസ്രാണി സദ്യയോടുകൂടി അവസാനിച്ചു.


# വിശുദ്ധനാട് യാത്ര

ഇസ്രയേൽ ഗവൺമെന്റിന്റെ ഗുഡ്‌വിൽ അംബാസിഡർ പദവി നേടിയ ഫാ. ജിജു ജോൺ വയലിറക്കത്തിന്റെ നേതൃത്വത്തിൽ **SEPTEMBER, OCTOBER, NOVEMBER** മാസത്തിൽ പുറപ്പെടുന്നു.

**9 NIGHTS /10 DAY'S**

DAY 1
- അമാൻ
- മുക്കാവിർ

DAY 2
- മൗണ്ട് നെബോ, മദബ
- ചാവുകടൽ

DAY 3
- ഗിരിപ്രഭാഷണമല
- കഫർനാം
- തബ്ഗ
- ഗലീലി കടൽ
- പത്രോസിന്റെ ഭവനം
- ജോർദാൻ നദി

DAY 4
- താബോർ മല
- നസ്രത്ത് പട്ടണം
- മംഗള വാർത്ത ദേവാലയം
- കാനാ
- സെന്റ് ജോസഫ് ഭവനം

DAY 5
- ഒലിവു മല
- ഓശാനവീഥി
- പാത്തർനൊസ്തർ
- അന്ത്യഅത്താഴം
- കയ്യഫാസിന്റെ ഭവനം
- സെന്റ് പീറ്റർ ഇൻ ഗല്ലിക്കന്ദ്
- ബതല്ഹേം

DAY6
- ഐൻകരീം
- ജറുസലേം
- ബതസ്‌യിദ കുളം
- പീലാത്തോസിന്റെ അരമന
- കുരിശിന്റെ വഴി
- ഗാഗുൽത്താ
- കർത്താവിന്റെ കബറിടം
- സെൽപ്പുക്കർ പള്ളി
- വിലാപമതിൽ
- ബഥനിയാ
- ലാസറിന്റെ കല്ലറ
- ജറീക്കോ
- പ്രലോഭന മല
- സഖായിയുടെ മരം

DAY 7
- താബാ ബോർഡർ
- കുംറാൻ കേവ്
- റെഡ് സീ
- സോദോം ഗൊമോറോ
- പട്ടണം

DAY 8
- സീനായ് മല
- എരിയുന്ന മുൾപടർപ്പ്
- മോശയുടെ കിണർ
- മാറാ
- സൂയസ് കനാൽ

DAY 9
- തിരുക്കുടുംബ
- ദേവാലയം
- സിനഗോഗ്
- പിരമിഡ്സ്
- മ്യൂസിയം
- നൈൽ ക്രൂയിസ്

DAY 10
- കോട്ടൺ ഫാക്ടറി
- പെർഫ്യൂം ഫാക്ടറി
- മടക്കയാത്ര

DAY 11
- കൊച്ചി / തിരുവനന്തപുരം

യാത്രാനിരക്ക് : ₹ 147000+tax* (എല്ലാ ചിലവുകളും ഉൾപ്പെടെ)

10 Nights / 11 Days പ്രോഗ്രാമിൽ അധികമായി ഉൾകൊള്ളിച്ചിരിക്കുന്ന സ്ഥലങ്ങൾ :
- നസ്രത്ത് വില്ലേജ്
- കേബിൾ കാർ
- ടെൽ അവീവ്
- ജാഫ
- ഹൈഫ
- സ്റ്റെല്ല മേരീസ് പള്ളി
- ഏലീയാവിന്റെ ഗുഹ
- സിസേറിയ • ബഹായി ഗാർഡൻ

യാത്രാനിരക്ക് : ₹ 158000+tax* (എല്ലാ ചിലവുകളും ഉൾപ്പെടെ)

വിശദവിവരങ്ങൾക്കും ബുക്കിങ്ങിനും : **FR. JIJU JOHN - 9447353706, 8921324901**

**BRIDE WANTED**

Seeking alliances for our son, 38 years old, height 5.11", fair, handsome with clean habits. Education PUC, settled in Mysore, financially well off. Looking for well understanding, god fearing, good looking family oriented girl from good family background. Age between 33 and 37.

**Mob. : 9845518815**

**BRIDE WANTED**

UK യിൽ BAKERY CHEF ആയി ജോലി ചെയ്യുന്ന കോട്ടയം (ജില്ല) orthodox യുവാവ് 34 വയസ്സ് (172 cm,74 kg) Septemberil നാട്ടിൽ അവധിക്ക് വരുന്നതും family യെ കൊണ്ടുപോകാവുന്നതുമാണ്.

**M4 ID: 4334762**
**Mob.: 9744880044, 9947778660**

**BRIDEGROOM WANTED**

EKM Dist, upper class Orthodox retired Govt. Employees parents invite proposal for thier daughter 31/157 M.Tech (Civil) working in MNC in Banglore as planning Engineer (Rs. 12 lakhs PA), preferably from professionally qualified Orthodox Boys.

**Mob. : 9446128901**

**BRIDEGROOM WANTED**

Orthodox parents from Central Travencore invites proposals for their daughter 29/160cm, Chartered Accountant. Proposals invited from God fearing and professionally qualified boys.

**Mob. : 9496873940 / 9496212235**

**10-ാം ചരമവാർഷികം, 28-05-2024**



**അന്നമ്മ തോമസ്**
(കുഞ്ഞൂഞ്ഞമ്മ)

**നെല്ലിക്കാപ്പള്ളിൽ,**
ആനിക്കാട് പി.ഒ., മല്ലപ്പള്ളി

*Inserted by*

ജോബിൻ ഈപ്പൻ തോമസ്

*മക്കൾ:*
ജോളി തോമസ്
ജോസി തോമസ്
ജോജി തോമസ്
ജോബിൻ ഈപ്പൻ തോമസ്
(മലങ്കരസഭ മാസിക)



**പീരുമേട് :** മാർ ബസേലിയോസ് ക്രിസ്ത്യൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോജിയുടെ ഡയറക്ടർ ആയി ഡോ. ഉമ്മൻ മാമ്മൻ നിയമിതനായി. മാനേജ്മെന്റ് വിദഗ്ദ്ധൻ, സോഷ്യൽ എഞ്ചിനീയർ, മെന്റർ എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച അദ്ദേഹം ചേർത്തല നൈപുണ്ണ്യ സ്കൂൾ ഓഫ് മാനേജ്മെന്റിലെ അക്കാദമിക്സ് ഡീൻ, കെവിഎം ട്രസ്റ്റിൽ ഡയറക്ടർ-എച്ച്.ആർ.ഡി, അങ്കമാലി നൈപുണ്ണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജിയിൽ കോഴ്സ് ഡയറക്ടർ, മംഗളം ഗ്രൂപ്പ് ഓഫ് കൺസേൺസിൽ മാർക്കറ്റിംഗ് മാനേജർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. നെതർലാൻഡ്സിലെ യൂട്രക്ട് യൂണിവേഴ്സിറ്റിയിൽ നിന്നും മാനേജ്മെന്റിൽ പിഎച്ച്.ഡി, ബോംബെ ജമ്നാലാൽ ബജാജ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസിൽ നിന്നും എം.ബി.എ യും കേരള സർവ്വകലാശാലയി ൽ നിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ ബി.എ.യും സ്വന്തമിക്കിയിട്ടുണ്ട്. കോട്ടയം ഭദ്രാസനത്തിലെ പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി ഇടവക അംഗമാണ്.



മെക്കാനിക്കൽ എൻജിനീയറിങ്ങിൽ (കോയമ്പത്തൂർ കാരുണ്യ യൂണിവേഴ്സിറ്റി) ഡോക്ടറേറ്റ് നേടിയ ഡോ. അജു ജോ ശങ്കരത്തിൽ, കോട്ടയം പാത്താമുട്ടം സെന്റ്ഗിറ്റ്സ് കോളേജ് ഓഫ് എൻജിനീയറിങ്ങിൽ മെക്കാനിക്കൽ വിഭാഗം അസിസ്റ്റൻറ് പ്രൊഫസറായി സേവനമനുഷ്ഠിക്കുന്നു. മലങ്കര ഓർത്തഡോക്സ് സഭയുടെ സീനിയർ വൈദികനും, മീനടം സെൻറ് തോമസ് ഓർത്തഡോക്സ് വലിയപള്ളി വികാരിയുമായ വെരി. റവ. ജോൺ ശങ്കരത്തിൽ കോർ എപ്പിസ്കോപ്പയുടെയും ആനി ജോൺ ശങ്കരത്തിലിന്റെയും മകൻ.

കേരള ഗവൺമെൻറ് ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിൽ അസിസ്റ്റൻറ് എൻജിനീയറായി സേവനമനുഷ്ഠിക്കുന്ന അശ്വതി ആൻ മാത്യുവാണ് ഭാര്യ.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ വിദ്യാർത്ഥി പ്രസ്ഥാനമായ Mgocsm ന്റെ കേന്ദ്ര എക്സിക്യൂട്ടീവ് കമ്മിറ്റി അംഗവും കോട്ടയം സെൻട്രൽ ഭദ്രാസന സെക്രട്ടറിയുമാണ് ഡോ. അജു ജോ ശങ്കരത്തിൽ.

# പ. കാതോലിക്കാ ബാവായ്ക്ക് സ്വീകരണം



മലങ്കര ഓർത്തഡോക്സ് സുറിയാനി  സഭയുടെ യൂ.കെ യൂറോപ്പ് & ആഫ്രിക്കാ ഭദ്രാസനത്തിലെ ശ്ളൈഹിക സന്ദർശനത്തിനും മലങ്കര ഓർത്തഡോക്സ് സംഗമത്തിലും പങ്കടുക്കാൻ യു.കെയിൽ എത്തിയ പരിശുദ്ധ കാതോലിക്കാ ബാവയെ യൂ.കെ യൂറോപ്പ് ആഫ്രിക്കാ ഭദ്രാസനാധിപൻ അഭി എബ്രഹാം മാർ സ്തെഫാനോസ് തിരുമേനി യുടെയും ഭദ്രാസന സെക്രട്ടറി ഫാ. വർഗീസ് മാത്യു അച്ചന്റെയും, ബഹു വൈദികരു ടെയും, സഭാ മാനേജിങ് കമ്മറ്റി അംഗങ്ങളുടെയും, ഭദ്രാസന കൌൺസിൽ അംഗങ്ങളു ടെയും നേതൃത്വത്തിൽ ലണ്ടൻ ഹീത്രൂ എയർപോർട്ടിൽ സ്വികരിച്ചു.

2024 മെയ് മാസം 23 മുതൽ ജൂൺ മാസം 10 വരെയുള്ള ദിവസങ്ങളിൽ ആണ് പരിശുദ്ധ ബാവാ തിരുമേനിയുടെ യു.കെ-യൂറോപ്പ് & ആഫ്രിക്കാ ഭദ്രസനത്തിലെ ശ്ലൈഹീക സന്ദർശനം. മെയ് 25 ന് നടക്കുന്ന ഭദ്രാസനത്തിന്റെ യുകെ റീജിയൺ മലങ്കര ഓർത്തഡോക്സ് സംഗമത്തിലും ജൂൺ 2ന് നടക്കുന്ന അയർലണ്ട് റീജിയൺ മലങ്കര  ഓർത്തഡോക്സ് സംഗമത്തിലും പരിശുദ്ധ ബാവാ മുഖ്യാതിഥിയായിരുന്നു.




വൈധവ്യത്തിലായിരിക്കുന്ന വന്ദ്യ വൈദികശ്രേഷ്ഠരുടെയും ബസ്ക്യോമ്മോമാരുടെയും കൂട്ടായ്മയായ ‘സ്നേഹക്കൂട്ടിന്റെ’ രണ്ടാം സമ്മേളനം പരുമല സെമിനാരി ചാപ്പലിൽ വെച്ച് നടന്നു. അഭി.ഡോ.മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു. പരുമല സെമിനാരി മാനേജർ വന്ദ്യ കെ.വി.പോൾ റമ്പാൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. വൈദിക സംഘം ജനറൽ സെക്രട്ടറി ഫാ.ഡോ.നൈനാൻ വി.ജോർജ്ജ്,വന്ദ്യ. ഫാ. സഖറിയാ പനയ്ക്കാമറ്റം കോർ എപ്പിസ്കോപ്പാ, മോബാ ജനറൽ സെക്രട്ടറി റെയ്ച്ചൽ പി.ജോസ്,ജെസ്സി വറുഗീസ് എന്നിവർ പ്രസംഗിച്ചു. ഫാ.സഖറിയാ തോമസ് പുതുപ്പള്ളി ധ്യാനം നയിച്ചു.



സൺഡേസ്കൂൾ സൗത്ത് സെൻട്രൽ സോണൽതല സഹപാഠ്യ മത്സരത്തിൽ ജൂനിയർ വിഭാഗം പൊതു വിജ്ഞാനത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ ജുആൻ എം. മനോജ്. മാവേലിക്കര ഭദ്രാസനത്തിൽ കല്ലിമേൽ കല്ലുവളയം സെന്റ് തോമസ് ഓർത്തഡോക്സ് ഇടവക അംഗം, മലബാർ ഭദ്രാസനത്തിൽ സേവനം ചെയ്യുന്ന അലക്സ് മാത്യു അച്ചന്റെയും ടിൻസി അന്ന യോഹന്നാന്റെയും മകനാണ്.



എം.ജി. യൂണിവേഴ്സിറ്റിയിൽ നിന്നും ബി.എഡ് പരീക്ഷയ്ക്ക് ഒന്നാം റാങ്ക് നേടിയ റോബൻ എബ്രഹാം. കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിൽ കടമറ്റം സെ. ജോർജ് ഓർത്തഡോക്സ് പള്ളിയിൽ മുഴക്കടയിൽ എബ്രഹാമിന്റെയും സൂസന്റെയും മകനുമാണ്.



വൈ.എം.സി.എ സബ് റീജൺ ചെയർമാനായി ജോജി പി. തോമസ് തെരഞ്ഞെടുക്കപ്പെട്ടു. വൈ.എം.സി.എ സംസ്ഥാന വൈസ് ചെയർമാൻ, കേരളാ കൗൺസിൽ ഓഫ് ചർച്ച്സിന്റെ വിവിധ കമ്മീഷൻ ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ കേരളാ യൂത്ത് ഫ്രണ്ട് (എം) സംസ്ഥാന വൈസ് പ്രസിഡന്റ്, കേരളാ കൗൺസിൽ ഓഫ് ചർച്ച് സ്കറന്റ് അഫേഴ്സ് കമ്മീഷൻ ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. സഭാ മാനേജിംഗ് കമ്മറ്റിയംഗവും, തിരുവല്ല കട്ടപ്പുറം സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകാംഗവുമാണ്.

# ദൈവിക സ്നേഹത്തിന്റെ വാഹകരാകുക
## – പ. കാതോലിക്കാ ബാവാ



*അഖില മലങ്കര വൈദിക കുടുംബ സംഗമം പ. കാതോലിക്കാ ബാവാ ഉത്ഘാടനം ചെയ്യുന്നു. ജസ്സി വറുഗീസ്,കെവി പോൾ റമ്പാൻ,ഡോ.മാത്യൂസ് മാർ തിമോത്തിയോസ്, സഖറിയാ മാർ സേവേറിയോസ്, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്,ഫാ.സോളു കോശി,അലക്സിയോസ് മാർ യൗസേബിയോസ്, ഫാ.ഡോ.നൈനാൻ വി. ജോർജ്, ഫാ.ലെസ്സി പി.ചെറിയാൻ, ഫാ.ഡോ.മാത്യു വറുഗീസ്, റേയ്ച്ചൽ പി.ജോസ് എന്നിവർ സമീപം.*

**പരുമല:-** ദൈവിക സ്നേഹത്തിന്റെ വാഹകരാകുവാനും സാക്ഷ്യമുള്ള മാതൃകാ ജീവിതം നയിക്കുവാനും വൈദിക കുടുംബങ്ങൾക്ക് കഴിയണമെന്ന് ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃത്രിയൻ കാതോലിക്കാ ബാവാ പ്രസ്താവിച്ചു. പരുമല സെമിനാരിയിൽ നടന്ന അഖില മലങ്കര മധ്യ മേഖലാ വൈദിക കുടുംബ സംഗമവും അഖില മലങ്കര ബസ്കിയമ്മ അസോസിയേഷൻ പ്രതിനിധി സമ്മേളനവും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. 'വൈദികന്റെ ആത്മബോധവും ജീവിതശൈലിയും' എന്നതായിരുന്നു മുഖ്യ ചിന്താവിഷയം. അഖില മലങ്കര വൈദികസംഘം പ്രസിഡന്റ് ഡോ. മാത്യൂസ് മാർ തീമോത്തിയോസ് യോഗത്തിൽ അധ്യക്ഷത വഹിച്ചു. അഭിവന്ദ്യ കുര്യാക്കോസ് മാർ ക്ലീമിസ് വലിയ മെത്രാപ്പോലീത്ത അനുഗ്രഹപ്രഭാഷണം നിർവഹിച്ചു. പ. സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഡോ.എബ്രഹാം മാർ എപ്പിഫാനിയോസ്, ഡോ. അലക്സിയോസ് മാർ യൗസേബിയോസ്, വൈദിക ട്രസ്റ്റി ഫാ.ഡോ. തോമസ് വർഗീസ് അമയിൽ, വൈദിസംഘം ജനറൽ സെക്രട്ടറി ഫാ.ഡോ. നൈനാൻ വി. ജോർജ്, വൈദിക സംഘം മേഖല സെക്രട്ടറി ഫാ. ലെസ്‌ലി പി ചെറിയാൻ, സെമിനാരി മാനേജർ വെരി റവ. കെ.വി.പോൾ റമ്പാൻ, ബസ്ക്കിയാമ്മ അസോസിയേഷൻ ജനറൽ സെക്രട്ടറി റെയ്ച്ചൽ പി. ജോസ് എന്നിവർ സംസാരിച്ചു ക്ലാസ്സു കൾക്കും പ്രബോ ധനങ്ങൾക്കും അഭിവന്ദ്യ ഡോ. സഖറിയാ മാർ സേവേറിയോസ്, ഡോ.വർഗീസ് റ്റി. പുന്നൂസ് എന്നിവർ നേതൃത്വം നൽകി. വിവിധ ഭദ്രാസനങ്ങളിൽ നിന്നായി 600 പരം പ്രതിനിധികൾ യോഗത്തിൽ സംബന്ധിച്ചു.



മലങ്കര സൺഡേസ്കൂൾ ദിനാഘോഷവും കോട്ടയം ഭദ്രാസന സൺഡേസ്കൂൾ വേദപ്രവീൺ ഡിപ്ലോമ കോൺവോക്കേഷനും പാച്ചിറ താബോർ സെന്റ് മേരീസ് സൺഡേസ്കൂളിൽ ഡോ. ജോസഫ് മാർ ദിവന്നാസ്യോസ് ഉദ്ഘാടനം ചെയ്യുന്നു. കോട്ടയം ഭദ്രാസനാധിപൻ ഡോ.യുഹാനോൻ മാർ ദിയസ്കോറോസ്, ഡോ. റൂബിൾ രാജ്, ഫാ. ഡോ. വർഗീസ് വർഗീസ്, ഫാ. കുര്യൻ തോമസ് കരിപ്പാൽ കോർഎപ്പിസ്കോപ്പ, ഫാ. കെ.എം. സഖറിയ, വികാരി ഫാ. എബ്രഹാം ജോൺ തെക്കെതറയിൽ, ഡയറക്ടർ വിനോദ് സഖറിയ, ഫാ. ബ്രിജിത് യോഹന്നാൻ, കുര്യാക്കോസ് തോമസ്, ഡോ. ഐപ്പ് വർഗീസ്, ജോസഫ് അലക്സാണ്ടർ തുടങ്ങിയവർ സമീപം.

# സഹോദരൻ പദ്ധതിയുടെ
# സൗഹൃദം ഭവനങ്ങൾ കൈമാറി

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ 'സഹോദരൻ' സാധുജന ക്ഷേമ പദ്ധതിയുടെ ഭാഗമായി സ്വന്തമായി സ്ഥലവും ഭവനവും ഇല്ലാത്ത ആളുകൾക്കുള്ള ഭവന നിർമ്മാണ പദ്ധതിയായ 'സൗഹൃദം' പ്രോജക്റ്റിന്റെ കൂദാശ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നിർവഹിച്ചു. പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്തായും വൈദികരും സഹകാർമികരായിരുന്നു. അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ പ്രസംഗിച്ചു.









കോട്ടയം പരുത്തുംപാറയിൽ ഓർത്തഡോക്സ് സഭാംഗമായ കാര്യകുളത്ത് ജേക്കബ് സക്കറിയ നൽകിയ 50 സെൻറ് സ്ഥലത്ത് 600 സ്ക്വയർ ഫീറ്റുകളുള്ള 10 ഭവനങ്ങളാണ് നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് കൈമാറിയത്.നിർമ്മാണത്തിന് നേതൃത്വം നൽകിയ ജോസഫ് അലക്സാണ്ടറിനെയും നിർമ്മാണം നടത്തിയ ജോസഫ് ജോൺ ഇല്ലിചുവട്ടിൽനെയും പരിശുദ്ധ ബാവ അഭിനന്ദിച്ചു. രണ്ടുവർഷത്തിനുള്ളിൽ സഹോദരൻ പദ്ധതിയിലൂടെ 200ലധികം ഭവനങ്ങൾ പൂർണമായും ഭാഗികമായും പൂർത്തിയായി അർഹരായ ആളുകളിലേക്ക് കൈമാറുവാൻ സാധിച്ചതും പൊതു സമൂഹത്തിൽ ഈ പദ്ധതിക്കുള്ള സ്വീകാര്യത വർദ്ധിക്കുവാൻ ഇടയാകുന്നു.



**'സഹോദരൻ' ജീവകാരുണ്യ പ്രസ്ഥാനത്തിന്റെ ഭവനദാന പദ്ധതിയുടെ ഭാഗമായി ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത നിർമിച്ചു നൽകുന്ന ആറു ഭവനങ്ങളിൽ രണ്ടു ഭവനങ്ങളുടെ കൂദാശയും താക്കോൽ കൈമാറലും 27.05.2024 തിങ്കളാഴ്ച നടന്നു.**
അസോസിയേഷൻ സെക്രട്ടറി അഡ്വ ബിജു ഉമ്മൻ, ഭദ്രാസന സെക്രട്ടറി ഫാ. അലക്സാണ്ടർ എബ്രഹാം, ഫാ. ബാബുക്കുട്ടി ആൻഡ്രൂസ്, ഫാ എബി സി മാത്യു, ഫാ ബബിൻ ബാബു, ശ്രീ കുര്യൻ മാമ്മൻ എന്നിവർ ആശംസകൾ നേർന്നു. കവിയൂർ സ്ലീബാ പള്ളി ഇടവകാംഗമായ മുരിങ്ങയിൽ ശ്രീമതി തങ്കമ്മ കോശി പരി. സഭയ്ക്കു നൽകിയ സ്ഥലത്താണ് ഭൂരഹിതരായ രണ്ടു കുടുംബങ്ങൾക്ക് ഭവനം നിർമിച്ചു നൽകിയത്.

# AKSHAYA EDUCATION TRUST.(R)

## AKSHAYA, ANIRUDTH COLLEGE OF NURSING

**LIGAPURA** Website : www.at-thumkur.ac.in **TUMKUR (BANGALORE)**

AFFILIATED TO INDIAN NURSING COUNCIL, RAJIV GANDHI UNIVERSITY, GOVT. OF KARNATAKA




1. **M.SC. NURSING**
   1 st Year 60,000, II nd Year 60,000
2. **B.SC. NURSING**
   19th Batch
3. **GENERAL NURSING**
   20th Batch (3 Years 2,20,000only)
4. **PC, BSc Nursing**
   (2 Years 1,80,000 only)

**B.Sc. (N)**

Admission Fees 50000

| | |
|---|---|
| Ist | 2,00000 |
| IInd | 2,00000 |
| IIIrd | 2,00000 |
| IVth | 2,00000 |
| Total | 8,50,000 |

## MS.C (N), B.S.C (N) G.N.M

**(യൂണിഫോം, ഫീസ്, ഭക്ഷണം,ഹോസ്റ്റൽ തുടങ്ങി സകല ചെലവുകളും ഉൾപ്പെടെ)**

- കഴിഞ്ഞ വർഷം രാജീവ് ഗാന്ധി യൂണിവേഴ്സിറ്റിയിൽ 97% മാർക്ക് വാങ്ങിയ കോളേജ്
- ഓർത്തഡോക്സ് സഭയുടെ **IKON** ചാരിറ്റിയിൽ നിന്നും സ്കോളർഷിപ്പ് (ജാതി മത ഭേതമില്ലാതെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ പരിഗണിക്കുന്നു)
- ന്യൂനപക്ഷ വിദ്യാർത്ഥികളുടെ ക്ഷേമ പദ്ധതിയുടെ സ്കോളർഷിപ്പ് സ്കീമിന്റെ ആപ്ലിക്കേഷൻ നല്കുന്നു.
- കേരളാ ഭക്ഷണം ആഴ്ചയിൽ 2 ദിവസം നോൺവെജ്, 1 രൂപ പോലും മുടക്കാതെ അഡ്മിഷൻ നേടാം
- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ മക്കൾക്ക് ഫീസ് ആനുകൂല്യം
- ആദ്യം രജിസ്റ്റർ ചെയ്യുന്ന 20 വിദ്യാർത്ഥികൾക്ക് ഈ വിദ്യാഭ്യാസ സഹായം ലഭ്യമാക്കുന്നു.
- റാഗിംഗ് ഇല്ലാത്തതും മാതൃകാപരമായി നടത്തുന്നതുമായ വിശ്വസ്ത നേഴ്സിംഗ് കോളേജ്.
- സ്വന്തമായി ആശുപത്രി * ഡൊണേഷൻ ഇല്ല * ഫീസ് തവണകളായി * ബാങ്ക് ലോൺ സൗകര്യം
- പെൺകുട്ടികൾക്ക് സുരക്ഷിതമായ ഹോസ്റ്റൽ * കോളജ്,സ്ക്കൂൾ, ഹോസ്റ്റൽ ഇവ ഒരേ ക്യാമ്പസിൽ
- പലിശരഹിത വിദ്യാഭ്യാസ വായ്പയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു
- ആത്മീക ആരാധനയ്ക്ക് സൗകര്യം, കുടുംബാന്തരീക്ഷത്തിലുള്ള പഠനം
- പഠനത്തിൽ മികവ് കുറഞ്ഞവർക്ക് പ്രത്യേക ട്യൂഷൻ ► എല്ലാ ഞായറാഴ്ചയും ആരാധനയ്ക്കു പോകുവാൻ സൗകര്യം





**M.K.THOMASKUTTY (PRO)** Manappurathu House, Thadiyoor P.O ., Thiruvalla
Pathanamthitta (Dist.), Kerala Ph: 04692- 655633, Mob: 09388655633
E-mail -mkthomaskutty2022@gmail.com



Chirattolil Offset Printers # 9562619197, 04735 223522

THE MALANKARA SABHA,
CATHOLICATE ARAMANA,
KOTTAYAM-686 004

RNI No. 3076/57,
Registered No. KL/KTM/39/2024-26
License No. KL/CR/KTM/WPP-07/2024-26
Licensed to Post Without Pre-Payment

Published on
10 June/2024




PRINTED & PUBLISHED BY FR. THOMAS RAJU FOR AND ON BEHALF OF ORTHODOX SATHYA VISWASA PARIPALANA SAMITHY, CATHOLICATE ARAMANA, DEVALOKAM P.O.,VIA MUTTAMBALAM, KOTTAYAM,KERALA-686004 AND PRINTED AT STERLING PRINT HOUSE (P) LTD., DOOR. NO.49/1849, PONEKKARA, CHERANALOOR ROAD, AIMS PONEKKARA. POST, COCHIN, KERALA-682041 AND PUBLISHED AT CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM, KERALA-686004.
EDITOR: FR. ZACHARIAH THOMAS ALIAS FR. REJI THOMAS